**ഹെർമ്മോൻ ദൂതൻ**
അടൂർ ഭദ്രാസന ത്രൈമാസിക
ജൂലൈ - സെപ്തംബർ 2011



**ചീഫ് എഡിറ്റർ**
വെരി. റവ. ഡോ. പി.പി. ഏബ്രഹാം

**എഡിറ്റർ**
റവ. ഷോജി വർഗ്ഗീസ്

**മാനേജർ**
റവ. സിബു പള്ളിച്ചിറ

**കൺവീനർ**
ശ്രീ. പി.എൽ. തോമസ്

**കമ്മിറ്റി അംഗങ്ങൾ**
റവ. അലക്സാണ്ടർ തോമസ്
റവ. ഡോ. ചെറിയാൻ തോമസ്
ശ്രീ. വർഗ്ഗീസ് തരകൻ
ശ്രീമതി. സാറാമ്മ രാജൻ
ശ്രീ. ജോസ് തരകൻ
ശ്രീ. മനോജ് മാത്യു

**വിലാസം :**
**എഡിറ്റർ,**
**ഹെർമ്മോൻ ദൂതൻ,**
**ഹെർമ്മോൻ, അടൂർ – 691523**
Ph : 04734 228240
hermondoothan@gmail.com
www.adoordiocese.org

വാർഷിക വരിസംഖ്യ - ₹ 60
ദ്വൈവാർഷികം - ₹ 100

# ഉള്ളടക്കം

**ഭദ്രാസന എപ്പിസ്കോപ്പയിൽ നിന്നും**

**ഭദ്രാസന സെക്രട്ടറിയുടെ അറിയിപ്പുകൾ**

**എഡിറ്റോറിയൽ**

**നവീകരണത്തിൽ ഭാഷയുടെ പങ്ക്**

തെറ്റായ കീഴ്‌വഴക്കങ്ങളിൽ പെട്ടുപോയ വിശ്വാസ സമൂഹം അതിൽ നിന്നും സ്വാതന്ത്ര്യപ്പെടുമ്പോൾ അറിഞ്ഞിരിക്കേണ്ട ചില സത്യങ്ങൾ. സുറിയാനി ഭാഷയിൽ പൊതിഞ്ഞ ലത്തീൻ വല്ക്കരണത്തിന്റെ നിഗൂഢതകൾ മാർത്തോമ്മാ വൈദീക സെമിനാരി അദ്ധ്യാപകൻ റവ. സണ്ണി.ഇ. മാത്യു തുറന്നു കാട്ടുന്നു.

**ക്രിസ്തീയ ശിഷ്യത്വം**

അധികാര മോഹവും, അത്യാഗ്രഹവും അസൂയയുമുള്ളവർക്ക് എങ്ങനെ യേശുവിനെ അനുഗമിക്കാനാകും ? സ്വയം പ്രശംസക്കാരുടെ ലോകത്തെ ചോദ്യം ചെയ്യുന്ന ശിഷ്യത്വത്തിന്റെ ഘനമുള്ള ചിന്തകൾ റവ. ജോസഫ് ഉമ്മൻ പങ്കുവയ്ക്കുന്നു.

**നവീകരണ പിതാക്കന്മാർ**

മലങ്കര സഭ നവീകരണത്തിന്റെ 175-ാം വാർഷികം അനുഭവമാക്കുമ്പോൾ അതിനു നേതൃത്വം കൊടുത്ത് ദൈവഹിതത്തിന്റെ പൂർത്തീകരണത്തിൽ ആയുധമായ മഹാരഥന്മാരുടെ ജീവിതത്തെ പരിചയപ്പെടുത്തുന്നു.

**വിദ്യാഭ്യാസം – മാറേണ്ട കാഴ്ചപ്പാടും നേടേണ്ട മൂല്യങ്ങളും**

ഭൗതീക ജീവിതം മെച്ചപ്പെട്ടു കിട്ടാനുള്ള ഒരു സഹായ സംവിധാനം മാത്രമായി ആത്മീയത മാറുമ്പോൾ മൂല്യാധിഷ്ഠിത വിദ്യാഭ്യാസം നിർബന്ധമാക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നു- പത്തനംതിട്ട മാർത്തോമ്മാ ഹയർസെക്കൻഡറി സ്കൂൾ ഭൗതീക ശാസ്ത്ര വിഭാഗം അദ്ധ്യാപിക ഷീബാ വർഗ്ഗീസ്.

**വരും തലമുറയെ രൂപപ്പെടുത്തുമ്പോൾ ?!**

വിശ്വാസത്തിന്റെ പേരിൽ സമൂഹത്തിൽ നിന്നും മാറി നിൽക്കണോ നമ്മുടെ കുട്ടികൾ ? ഇഴപിരിയാനല്ല ഇഴചേരാൻ പഠിപ്പിക്കുക കുട്ടികളെ. വിദ്യാഭ്യാസത്തെ കുറിച്ചുള്ള ഒരു വ്യത്യസ്ത കാഴ്ചപ്പാട് ശ്രീ. ജോസ് കാത്താടം അവതരിപ്പിക്കുന്നു.

**ഈശോ മാർ തിമൊഥെയോസ് സ്പിരിച്ച്വാലിറ്റി സെന്റർ**

സ്പിരിച്ച്വാലിറ്റി സെന്ററിന്റെ പ്രാരംഭകാല പ്രവർത്തന പങ്കാളിയും നിലവിൽ അതിന്റെ കോർഡിനേറ്ററുമായ റവ. പി.എൻ. അലക്സാണ്ടർ പങ്കുവയ്ക്കുന്ന ഓർമ്മകൾ.

**അർത്ഥവത്തായ യുവത്വം**

അടൂർ ഭദ്രാസന കൺവൻഷനോടനുബന്ധിച്ചു നടത്തിയ യുവവേദിയിൽ ഡോ. അലക്സാണ്ടർ ജേക്കബ്ബ് ഐ.പി.എസ്. നടത്തിയ ചിന്തോദ്ദീപക ധ്യാനത്തിന്റെ അവസാന ഭാഗം.

**മണ്ഡപത്തിലച്ചൻ**


'പെലേന്റച്ചൻ' എന്ന പരിഹാസത്തെ ക്രിസ്തു നാമത്തിൽ സ്വീകരിച്ച് വൈദീകനും വൈദ്യനുമായി നടന്ന ഒരു മാതൃകാ മനുഷ്യന്റെ ജീവിതത്തിലേക്ക് പുത്തൻകാവ് ഇടവക വികാരി റവ. ഫിലിപ്പ് ഈശോ നടത്തുന്ന അന്വേഷണം.

**Kids' Corner**

**Clergy Address List**

**വാർത്തകൾ**

**അയാമിൻയു**



# ഭദ്രാസന എപ്പിസ്കോപ്പയിൽ നിന്നും......

പുണ്യ ചരിതന്മാരായ പാലക്കുന്നത്ത് അബ്രാഹാം മല്പാനച്ചൻ, കൈതയിൽ ഗീവർഗ്ഗീസ് മല്പാനച്ചൻ എന്നിവരുടെ നേതൃത്വത്തിൽ ദൈവാത്മ നിയോഗത്താൽ ആരംഭിച്ച സഭാ ശുചീകരണ പ്രസ്ഥാനത്തിന്റെ 175-ാം വാർഷികം ആഘോഷിക്കാൻ ഈ തലമുറയിൽ ദൈവം നമുക്ക് കൃപ ചെയ്തിരിക്കുന്നു. ആരാധനാ ഭാഷയായ സുറിയാനിയിൽ നിന്ന് തദ്ദേശ ഭാഷയായ മലയാളത്തിലേക്ക് മൊഴിമാറ്റി സഭയുടെ ചരിത്രത്തിലും രാജ്യത്തിന്റെ ചരിത്രത്തിലും വലിയൊരു വിപ്ലവമാണ് വരുത്തിതീർത്തത്. ദൈവത്തെക്കുറിച്ചുള്ള അറിവിനു തന്നെ വ്യത്യാസം വരുത്തിയിരിക്കുന്നു. അച്ചടക്കമുള്ള ഒരു സഭാഗാത്രത്തെ പണിയുക എന്നതായിരുന്നു മല്പാനച്ചന്മാരുടെ ഉത്കടമായ ചിന്ത. സുറിയാനി സഭാ കാനോനുകൾക്കും വചനത്തിനും അനുസൃതമായി സഭ നവീകരിക്കപ്പെടണം എന്നതു മാത്രമായിരുന്നു അവരുടെ പ്രത്യേക താല്പര്യം. എന്നും സഭയുടെ രക്ഷാ കവചങ്ങൾ ആയിരിക്കേണ്ടവയാണ് ഇവ രണ്ടും. തിരുവചനത്തോടുള്ള ബന്ധം നമ്മെ കർത്താവുമായുള്ള ബന്ധത്തിൽ നിലനിർത്തുകയും ഉറപ്പിക്കുകയും ചെയ്യുന്നു. അതുകൊണ്ട് സഭയുടെ എല്ലാ കാര്യങ്ങളും വേദാനുസൃതമായിരിക്കണമെന്നതാണ് നിഷ്ക്കർഷ. തിരുവചനം സ്നേഹിക്കുന്ന ഇടവകകളും കുടുംബങ്ങളും സഭയും നമ്മുടെ ലക്ഷ്യമായിരിക്കണം.

മലങ്കര സഭ ഭിന്നിച്ചു പോകണമെന്ന ചിന്ത പിതാക്കന്മാർക്ക് ഉണ്ടായിരുന്നില്ല. സഭ ഒന്നായി നിന്നുകൊണ്ട് വചനത്തിലും വചന പ്രഘോഷണത്തിലും മുന്നേറണമെന്നായിരുന്നു അവരുടെ താല്പര്യം. 1889 ജൂലൈ 12-ാം തീയതി തിരുവിതാം കൂർ റോയൽ കോർട്ട് വിധി മൂലം സഭയ്ക്ക് സ്വത്തുക്കൾ നഷ്ടപ്പെട്ടുപോയപ്പോൾ ആയതിനു പരിഹാരം കണ്ടെത്തിയത് സുവിശേഷത്തിന്റെ നിർലോഭമായ പങ്കുവെക്കലിലാണ്. 1888ൽ ആരംഭിച്ച സുവിശേഷ പ്രസംഗസംഘം അതിനു കരുത്തുമേകി. പൗലോസ് അപ്പോസ്തലനെപ്പോലെ ഭവിച്ചതെല്ലാം സുവിശേഷത്തിന്റെ വർദ്ധനവിന് എന്നാണ് പിതാക്കന്മാർ പഠിപ്പിച്ചത്. ഈ ജൂബിലി നാളുകളിൽ സുവിശേഷം പറയുന്നതിനും ഗ്രഹിക്കുന്നതിനും പങ്കിടുന്നതിനും നാം പിറകിലല്ലേ എന്നു സന്ദേഹിക്കേണ്ടിയിരിക്കുന്നു. സുവിശേഷ വേലയിൽ വർദ്ധിച്ചുവരുന്നതിന് ഈ നാളുകളും ആഘോഷങ്ങളും നമ്മെ ശക്തീകരിക്കട്ടെ.

ജൂൺ, ജൂലൈ മാസങ്ങൾ സഭയ്ക്ക് ദൈവകൃപയുടെ അനുഭവ നാളുകളായി കണക്കാക്കപ്പെടുന്നു. ശ്ലീഹാ നോമ്പിനോട് ചേർന്നാണ് നമുക്ക് വൈദീകരുണ്ടാകുന്നത്. ശിശുക്കളായിരിക്കുമ്പോൾ തന്നെ അവരെ അതിലേക്ക് വേർതിരിക്കുന്നതിന് മാതാപിതാക്കൾ

ഒരുങ്ങണം. അവരെ അതിലേക്ക് പ്രോത്സാഹിപ്പിക്കുന്നതിനു ഇടവകകളും വൈദീകരും പ്രത്യേകം ശ്രദ്ധിക്കണം. ഒരു വൈദീകൻ തന്റെ പിതാവിന്റെ ശവസംസ്കാര ശുശ്രൂഷയിൽ പങ്കുവച്ച സാക്ഷ്യം ശ്രദ്ധേയമാണ്. "ഞാൻ വൈദീക വൃത്തിയിൽ 20 വർഷം പൂർത്തിയാക്കുന്നുവെങ്കിലും കഴിഞ്ഞ 45 വർഷം എന്നെ ഒരു വൈദീകനായി കണ്ടാണ് എന്റെ മാതാപിതാക്കൾ വളർത്തിയത്". ഇങ്ങനെയുള്ള ഭവനങ്ങളും വൈദീകരും നമുക്ക് ഇനിയും ഉണ്ടാകണം. ഇപ്രകാരമുള്ള നമ്മുടെ കുട്ടികളെ തെരഞ്ഞെടുത്ത് ഒരുക്കുന്നിടമാണ് "മണക്കാല ഗുരു കുലം ഹോസ്റ്റൽ."

ആഗസ്റ്റ് 15-ാം തീയതി നവീകരണ ദിനവും 15 നോമ്പ് വീടലുമാകയാൽ അന്നേ ദിവസം നമ്മുടെ ദൈവാലയങ്ങൾ വേദപുസ്തക വായനാ ദിനമായി ആചരിക്കുന്നത് അഭിലക്ഷണീയമാണ്. അന്നേ ദിവസം പ്രഭാത നമസ്കാരത്തോടെ ആരംഭിച്ച് സന്ധ്യാ നമസ്ക്കാരത്തോടെ അവസാനിക്കണം. ഏവരും വേദപുസ്തകവുമായി ദൈവാലയത്തിൽ വന്ന് ഇതിൽ പങ്കുകാരാകണം. വേദ വായനയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നതിനു ഇത് സഹായകരമാകണം.

നമ്മുടെ ഭദ്രാസന സണ്ടേസ്കൂളിന്റെ ചുമതലയിൽ കുട്ടികൾക്കായി ഒരു നവീകരണോത്സവം വളരെ ചിട്ടയായ രീതിയിൽ നടത്തുന്നതിനും ദൈവം കരുണചെയ്തു. വലിയ തിരുമേനിയോടും മെത്രാപ്പോലീത്താ തിരുമേനിയോടും ചേർന്ന് 4000-ൽ അധികം കുട്ടികൾ അദ്ധ്യാപകരോടും മാതാപിതാക്കളോടും ഒപ്പം നടത്തിയ റാലിയും പൊതുസമ്മേളനവും എത്രയും ശ്ലാഘനീയമായ ഒന്നായിരുന്നു. സണ്ടേസ്കൂളിന്റെ എല്ലാ ചുമതലക്കാരേയും നേതൃത്വം നല്കിയ ബഹുമാനമുള്ള വി.റ്റി. യേശുദാസൻ അച്ചനേയും അഭിനന്ദിക്കുന്നു. അതിനനുബന്ധമായി നടത്തിയ ബൈബിൾ ക്വിസിൽ പങ്കെടുത്തവരും വിജയിച്ചവരും അഭിന്ദനമർഹിക്കുന്നു.

പുതുതായി ഭദ്രാസനത്തിലേക്കെത്തിയ എല്ലാ വൈദീകരേയും സന്തോഷത്തോടെ സ്വാഗതം ചെയ്യുന്നു. ജൂലൈ 30നു ഭദ്രാസന അസംബ്ലി നടക്കുന്നു. പുതുതായി തെരഞ്ഞെടുക്കപ്പെട്ട അസംബ്ലി അംഗങ്ങളെ സ്വാഗതം ചെയ്യുന്നു. കാര്യപ്രാപ്തരും, സത്യസന്ധരും, സഭാ സ്നേഹികളും ആയവരെ ചുമതലാ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കാൻ ഉത്സാഹിക്കണമെന്ന് ഓർപ്പിക്കുന്നു.

ആഗസ്റ്റ് 13-ാം തീയതി തിരുവല്ലയിൽ നടക്കുന്ന മെത്രാൻ സ്ഥാനാഭിഷേക ശുശ്രൂഷകൾക്കായി ഏവരും പ്രാർത്ഥിക്കണം. വിഘ്നങ്ങൾ കൂടാതെ, കാര്യങ്ങളുടെ നടത്തിപ്പിനായി ഏവരും ആഗ്രഹിക്കണം.

കരുനാഗപ്പള്ളിക്കടുത്ത് വവ്വാക്കാവ് എന്ന സ്ഥലത്ത് ഒരു നല്ല കെട്ടിടവും 22 സെന്റ് സ്ഥലവും ശ്രീ. സദാശിവ കാരണവർ എന്ന സ്നേഹിതൻ ഭദ്രാസനത്തിനു എഴുതി സമർപ്പിച്ചിരിക്കുന്നു. അവിടെ ഒരു വൃദ്ധസദനം ആരംഭിക്കുന്നതിനുള്ള ക്രമീകരണം ചെയ്തു വരുന്നു. അദ്ദേഹത്തോട് ഭദ്രാസനത്തിനാകെയുള്ള നന്ദി അറിയിക്കുന്നു.

കർത്താവിന്റെ കൃപ നിങ്ങളിൽ വർദ്ധിച്ചു വരുമാറാകട്ടെ,

**മാർ ബർന്നബാസ് എപ്പിസ്കോപ്പാ.**

# ഭദ്രാസന സെക്രട്ടറിയുടെ അറിയിപ്പുകൾ

## ജന്മദിനാശംസകൾ

മലങ്കര മാർത്തോമ്മാ സുറിയാനി സഭയ്ക്ക് ധീരമായ നേതൃത്വം നൽകുന്ന ഡോ. സഖറിയാസ് മാർ തെയോഫിലോസ് സഫ്രഗൻ മെത്രപ്പോലീത്താ ആഗസ്റ്റ് 29നും ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പ ആഗസ്റ്റ് 16 നും ജന്മദിനം ആഘോഷിക്കുന്നു. അടൂർ ഭദ്രാസനത്തിന്റെ ആശംസകൾ.

സദാ പുഞ്ചിരിക്കുന്ന മുഖവും ശാലീനമായ പെരുമാറ്റവും വ്യക്തി ബന്ധങ്ങളുടെ പരിപാലനത്തിൽ അങ്ങേയറ്റം ശ്രദ്ധാലുവുമായ നമ്മുടെ ഭദ്രാസന എപ്പിസ്കോപ്പ അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് തിരുമനസ്സ് സെപ്തംബർ 8 ന് ജന്മദിനം ആഘോഷിക്കുന്നു. അഞ്ചേരി ക്രിസ്തോസ് മാർത്തോമ്മാ ഇടവകയിൽ ഇലയ്ക്കാട്ട് കടുപ്പിൽ ശ്രീ. ഇ.വി. ജേക്കബിന്റേയും ശ്രീമതി. സാറാമ്മയുടെയും പുത്രനായി 1949-ൽ ജനിച്ച തിരുമേനി, അടൂർ ഭദ്രാസനത്തിനു നൽകുന്ന പ്രാർത്ഥനാപൂർണ്ണമായ നേതൃത്വത്തെ സ്മരിച്ച് ഭദ്രാസനത്തിന്റെ മക്കൾ നേരുന്ന "ജന്മദിനാശംസകൾ"

## അടൂർ ഭദ്രാസന അസംബ്ലി

മലങ്കര മാർത്തോമാ സുറിയാനി സഭ അടൂർ ഭദ്രാസന അസംബ്ലി 2011 ജൂലൈ 30-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് അടൂർ ഈശോ മാർ തിമൊഥെയോസ് ധ്യാനകേന്ദ്രത്തിൽ വച്ച് ഭദ്രാസന എപ്പിസ്കോപ്പാനി.വി.ദി.ശ്രീ. ജോസഫ് മാർ ബർന്നബാസ് തിരുമേനിയുടെ മഹനീയ അദ്ധ്യക്ഷതയിൽ കൂടുന്നതാണ്.

## എപ്പിസ്കോപ്പൽ സ്ഥാനാരോഹണം

മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ മേൽപ്പട്ടസ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ബഹുമാന്യ റമ്പാൻമാരുടെ സ്ഥാനാരോഹണ ശുശ്രൂഷ, 2011 ആഗസ്റ്റ് 13-ാം തീയതി ശനിയാഴ്ച രാവിലെ തിരുവല്ല എസ്.സി.എസ്. ഗ്രൗണ്ടിൽ പ്രത്യേകം കൂദാശ ചെയ്യപ്പെടുന്ന മദ്ബഹായിൽ വച്ച് നടത്തപ്പെടുന്നു.

## മലങ്കര സഭാ നവീകരണാഘോഷം

മലങ്കരയിലെ നവീകരണത്തിന്റെ 175-ാം വാർഷികാചരണത്തിന്റെ സമാപന സമ്മേളനം 2011 ആഗസ്റ്റ് 20-ാം തീയതി തിരുവല്ല എസ്.സി.എസ്. ഗ്രൗണ്ടിൽ നടത്തപ്പെടുന്നു. W.C.C. ജനറൽ സെക്രട്ടറി മുഖ്യാതിഥിയായിരിക്കും.

## ദൈവാലയ കൂദാശ

പുനലൂർ സെന്ററിൽ ഉൾപ്പെട്ട ചെങ്കോട്ട, റോസ്മല എന്നിവിടങ്ങളിൽ പുതുതായി പണി കഴിപ്പിക്കപ്പെട്ട ദൈവാലയങ്ങളുടെ കൂദാശ യഥാക്രമം ജോസഫ് മാർത്തോമ്മാ മെത്രപ്പോലിത്ത, ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പ എന്നിവരുടെ കാർമികത്വത്തിൽ നടത്തപ്പെട്ടു. അനുമോദനങ്ങൾ അറിയിക്കുന്നു.

## കലാഗ്രാമം - സംഗീത പരിശീലന കളരി

അടൂർ ഭദ്രാസനത്തിന്റെ ചുമതലയിൽ കലാഗ്രാമം എന്ന പേരിൽ നടത്തപ്പെടുന്ന സംഗീത വിദ്യാലയത്തിന്റെ ഈ വർഷത്തെ ക്ലാസ്സുകൾ ജൂലൈ 2 ശനിയാഴ്ച മുതൽ ആരംഭിച്ച വിവരം സന്തോഷത്തോടെ അറിയിക്കുന്നു. സംഗീതത്തിൽ പ്രാഗത്ഭ്യം നേടിയിട്ടുള്ളവരും കലാസ്നേഹിതരുമായവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നു. ശാസ്ത്രീയ സംഗീതം, ഉപകരണ സംഗീതം, ആരാധനാ ഗീതങ്ങൾ എന്നിവയിൽ പരിശീലനം നൽകുന്നതാണ്.

മലങ്കര സഭയ്ക്ക് പൈതൃകമായി ലഭിച്ച സുറിയാനി ഭാഷ, ആരാധനാ സംസ്കാരം, വിശ്വാസ ആചാരങ്ങൾ, ഗാനങ്ങൾ ഇവ ഏകോപിപ്പിച്ചു പ്രത്യേക പാഠ്യപദ്ധതിയും ക്രമീകരിച്ചിട്ടുണ്ട്. ക്ലാസ്സുകളിൽ പങ്കെടുക്കാൻ താൽപര്യപ്പെടുന്നവർ അടൂർ ഈശോ മാർ തിമൊഥിയോസ് ധ്യാന കേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ: 04734 225560, 9446855037, പ്രതിമാസം 250 രൂപ (4 ക്ലാസ്സ്) ഫീസ് നൽകേണ്ടതാണ്. ഓരോ വിഭാഗത്തിലും ആദ്യം രജിസ്റ്റർ ചെയ്യുന്ന 20 പേർക്കു മാത്രമേ പ്രവേശനം ലഭിക്കുകയുള്ളൂ.

**റവ. അലക്സാണ്ടർ തോമസ്**

# നവീകരണം – ജീവിതശൈലി

പെരുമ്പാവൂർ മുൻസിഫ് ആയിരുന്ന പുത്തൻകാവു സ്വദേശി ഏ. ചെറിയാൻ സ്വകാര്യാവശ്യത്തിനു ഹൈന്ദവ സ്നേഹിതനിൽ നിന്നും പാലിന്റെ അളവനുസരിച്ച് ഒരു പശുവിനെ വാങ്ങി. ചെറിയാച്ചന്റെ പരിചരണത്തിൽ പറഞ്ഞതിൽ കൂടുതൽ പാൽ ലഭിച്ചു. അദ്ദേഹം മുൻ ഉടമയെ വരുത്തി അപ്പോഴത്തെ അളവനുസരിച്ച് ബാക്കി പണം കൂടെ കൊടുത്തതായി കേട്ടിട്ടുണ്ട്. പ്രസംഗത്തെ വെല്ലുന്ന പ്രവർത്തനം.

കൃപയുടെ മുഖാന്തിരമാണു കൂദാശകൾ. അദൃശ്യമായ ദൈവകൃപ അനുഭവമാക്കുവാൻ നല്കപ്പെട്ട ദൃശ്യ മുഖാന്തരങ്ങളാണു അവ. പ്രകാശിപ്പിക്കപ്പെട്ടതു പ്രകാശിപ്പിക്കുവാൻ, അതായിരിക്കണം ജീവിത ദർശനം. ജീവിതത്തിന്റെ എല്ലാ രംഗങ്ങളും അതിനുതകും വിധം ആയിരിക്കയും വേണം. ചില ആചാരാനുഷ്ഠാനങ്ങളിലോ ഉപദേശങ്ങളിലോ ഒതുങ്ങുന്നതല്ല നവീകരണം. ആചാരങ്ങളും അനുഷ്ഠാനങ്ങളുമെല്ലാം ജീവിത സ്പർശിയായി അനുഭവപ്പെടുമ്പോൾ മാത്രമേ അവ അനുഗ്രഹ മുഖാന്തരങ്ങളാകൂ.

വിദ്യാഭ്യാസ വകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടറായി റിട്ടയർ ചെയ്ത മണക്കാല സ്വദേശി ശ്രീ. കെ. കുര്യൻ (കണ്ണംകോട് മാർത്തോമ്മാ ഇടവക) റിട്ടയർ ചെയ്യുന്നതുവരെ പിതാവു പണികഴിപ്പിച്ച താരതമേന്യ ചെറിയ വീട്ടിലാണു താമസിച്ചിരുന്നത്. ഏതോ ആവശ്യത്തിനു സാറിനെ സന്ദർശിക്കുവാൻ വന്ന ഒരു സ്നേഹിതൻ സന്ദർഭവശാൽ പറഞ്ഞു. "കോഴ വാങ്ങാൻ ശ്രമിച്ചിരുന്നെങ്കിൽ എന്നേ ഒരു ബഹുനില കെട്ടിടം സാറിനു ഉണ്ടാകുമായിരുന്നു" വെന്ന്. കോഴ വാങ്ങിയിട്ടില്ലാത്ത ഒരു സർക്കാർ ഉദ്യോഗസ്ഥൻ, ഇതു ഒരാളിന്റെ അനുഭവം മാത്രമല്ല. ഈദൃശ്യ സാക്ഷ്യം നിറവേറ്റിയ/നിറവേറ്റുന്ന അനേകർക്കായി ദൈവത്തിനു സ്തോത്രം- അളവ്/തൂക്കം രേഖപ്പെടുത്തി കമ്പോളങ്ങളിൽ അയയ്ക്കുന്ന ചരക്കുകൾ മറിച്ചൊന്നു ചിന്തിക്കാതെ അതേപ്പടി സ്വീകരിക്കുവാൻ വിശ്വാസ്യത ആർജ്ജിച്ചിരുന്ന കല്ലൂപ്പാറ കരിമ്പിൻ ചെറിയാച്ചനെപ്പോലുള്ളവർ ഇക്കഴിഞ്ഞ തലമുറയിൽ ഉണ്ടായിരുന്നുവല്ലോ.

വാക്കുകളേക്കാൾ ഉറക്കെ സംസാരിക്കുന്നതാണ് ജീവിതം. മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ട് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിനു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ (മത്തായി - 5:16).

തിന്മശക്തികളുടെ മേൽ വിജയം കൊണ്ടാടിയ ദിവസമായതുകൊണ്ടാണ് എല്ലാ ദിവസങ്ങളിലും വലുതു ഞായർദിനം ആയത്. ഞായറാഴ്ചയുടെ പ്രത്യേകതകൾക്കു ഊന്നൽ നല്കുന്നതാണത്. ആരാധനയ്ക്കും പ്രാത്ഥനയ്ക്കും തിരുവചന പഠനത്തിനുമല്ലാതെ മറ്റൊന്നിനും അന്നു ഇടമില്ലായിരുന്നു. സന്ദർശനത്തിനോ വിവാഹ/വിവാഹാലോചനകൾക്കോ/സ്വകാര്യവശ്യങ്ങൾക്കോ ആ ദിവസം ഉപയോഗിക്കാതെ മാറ്റി വച്ചിരുന്ന കാലമുണ്ടായിരുന്നു. പുകയില, പുകവലി, മദ്യപാനം തുടങ്ങിയവ അന്നും ഇന്നും നവീകരണ ദർശനത്തിന് അനുയോജ്യമല്ല. പള്ളിച്ചുവരുകൾക്കകത്ത് ഒതുങ്ങുന്നതല്ല നവീകരണം. ഭിന്നിച്ചിരിക്കുന്ന സഹോദരങ്ങളെ രമ്യപ്പെടുത്തുന്നതാണു നവീകരണം.

"If grace is the greatest gift in the world, grace is also the greatest responsibility in the world" ദൈവകൃപ ലോകത്തിലേറ്റം വലിയ ദാനം എങ്കിൽ അതു ലോകത്തിലേക്കും വലിയ ഉത്തരവാദിത്വവുമാണ് - ഇത് എല്ലായ്പ്പോഴും നാം ഓർക്കേണ്ടതാണ്.

കൂദാശകളിലൂടെ ദൈവത്തിന്റെ കൃപാ ദാനം നാം അനുഭവിക്കുന്നു. ദൈനംദിന ജീവിതത്തിൽ ദൈവകൃപയ്ക്ക് സാക്ഷ്യം വഹിക്കാനും സാധിക്കേണ്ടതാണ്. വേഷത്തിലും ഭാവത്തിലും ബന്ധങ്ങളിലും ഇടപാടുകളിലും വ്യത്യസ്ത ജീവിത ശൈലിയായിരുന്നു നവീകരണക്കാരുടേത്. നവീകരണം ഒരു ജീവിത ശൈലിയാണ്.

നമ്മുടെ വഴിയായി കൂടെകൂടെ കടന്നു പോകുന്ന ഇയാൾ വിശുദ്ധനായൊരു ദൈവപുരുഷൻ എന്നു ഞാൻ കാണുന്നു. (2 രാജ. 4:9). നമ്മിലൂടെ മറ്റുള്ളവർ ദൈവത്തെ കാണുവാൻ ഇടയാകട്ടെ. ക്രൂരനും കർക്കശക്കാരനുമായിരുന്ന പിതാവിന്റെ ജീവിതാനുഭവങ്ങളുടെ വെളിച്ചത്തിൽ 'പിതാവേ' എന്നു ദൈവത്തെ വിളിച്ചു പ്രാർത്ഥിപ്പാൻ മാർട്ടിൻ ലൂഥൻ മടിച്ചിരുന്നു പോലും ! ക്രിസ്തീയ സാക്ഷ്യം ഒരുമിനിറ്റുകൊണ്ടോ ഒരു ദിവസംകൊണ്ടോ ഉളവാകുന്നതല്ല. ആജീവനാന്തം വളർത്തിയെടുക്കേണ്ടതാണ്. വിശ്വാസികൾ പരസ്പരമുള്ള സ്നേഹമാണ് പുതുക്കത്തിന്റെയും ഉണർവ്വിന്റേയും മുഖമുദ്ര. ആദിമ വിശ്വാസികളെക്കുറിച്ച് പല അപവാദങ്ങൾ- കുടുംബ ഛിദ്രികൾ, നരഭോജികൾ, ദുർമ്മാർഗ്ഗികൾ- പറഞ്ഞു പരിഹസിച്ചിരുന്നു. എന്നാൽ ശത്രുക്കൾ പോലും പറഞ്ഞിരുന്നു. "See how they love each other"- നോക്കൂ അവരുടെ സ്നേഹം ? കാൽവറി ക്രൂശിലെ സ്നേഹമാണ് ക്രൈസ്തവ സ്നേഹത്തിന്റെ മാനദണ്ഡം. അനൈക്യം വീട്ടിലായാലും ഇടവകയിലായാലും സഭയിലായാലും സാക്ഷ്യത്തിനു തടസ്സമാണ്. നവീകരണം ഉപദേശത്തിൽ ഒതുക്കാതെ ജീവിത ശൈലിയിലൂടെ സാക്ഷിക്കാം....

**ചീഫ് എഡിറ്റർ**

# നവീകരണത്തിൽ ഭാഷയുടെ പങ്ക്



**റവ. സണ്ണി. ഇ. മാത്യു,**
മാർത്തോമ്മാ വൈദീക സെമിനാരി, കോട്ടയം

**തെറ്റായ കീഴ്‌വഴക്കങ്ങളിൽ പെട്ടുപോയ വിശ്വാസ സമൂഹം അതിൽ നിന്നും സ്വാതന്ത്ര്യപ്പെടുമ്പോൾ അറിഞ്ഞിരിക്കേണ്ട ചില സത്യങ്ങൾ. സുറിയാനി ഭാഷയിൽ പൊതിഞ്ഞ ലത്തീൻ വല്ക്കരണത്തിന്റെ നിഗൂഢതകൾ തുറന്നു കാട്ടുന്ന ലേഖനം.**

ഭാഷ സംവേദനത്തിന്റെ ശക്തിയാണ്. അത് സാമൂഹിക നിയന്ത്രണത്തിന്റെ ശക്തമായ ഉപകരണവുമാണ്. ആധുനിക കാലഘട്ടത്തിലെ പല പഠനങ്ങളും ഈ കാഴ്ചപ്പാടിനെ സാധൂകരിക്കുന്നതാണ്. ഈ തിരിച്ചറിവാണ് ഭാഷയെ ആയുധമായും ഉപകരണമായും ഉപയോഗിക്കുന്ന അധീശത്വപരമായ സമീപനത്തേയും, ചെറുത്തുനിൽപ്പിന്റെയും ,സ്വാതന്ത്ര്യ ത്വരയുടെയും പ്രായോഗികതയെയും കണ്ടെത്തുവാൻ സഹായിക്കുന്നത്. മലങ്കര സഭയിലെ റോമീകരണവും, കൂനൻകുരിശ് സ്വാതന്ത്ര്യ പ്രഖ്യാപനവും, പത്തൊമ്പതാം നൂറ്റാണ്ടിൽ അരങ്ങേറിയ നവീകരണവും ഭാഷയുടെ പങ്ക് വെളിപ്പെടുത്തുന്ന ചരിത്ര പാഠങ്ങളാണ്.

പതിനാറാം നൂറ്റാണ്ടിൽ പോർച്ചുഗീസുകാരുടെ വരവോടെ മലങ്കര സഭയെ റോമൻ കത്തോലിക്കാ പാരമ്പര്യത്തിലേയ്ക്കു പറിച്ചു നടുവാനുള്ള ശ്രമം ലത്തീൻ ക്രിസ്ത്യാനികൾ ആരംഭിച്ചു. അതിനു അവർ വിവിധ തന്ത്രങ്ങൾ മെനഞ്ഞു. 1541 ൽ ഫാ. വിൻസെന്റ് എന്ന ഫ്രാൻസിസ്കൻ പുരോഹിതൻ ആരംഭിച്ച സെമിനാരിയുടെ ഉദ്ദേശ്യം മറ്റൊന്നായിരുന്നില്ല. 1585 ൽ ഗോവയിൽ നടന്ന സുന്നഹദോസ് ലത്തീൻ ആരാധനാക്രമം സുറിയാനിയിൽ മലങ്കരയിൽ പ്രചരിപ്പിക്കുവാൻ തീരുമാനിച്ചു. മാർത്തോമ്മാ പട്ടക്കാർ നിർബന്ധിത ബ്രഹ്മചര്യം ആചരിക്കണമെന്നും സുന്നഹദോസ് നിഷ്ക്കർഷിച്ചു. റോമൻ കത്തോലിക്കാ വിശ്വാസത്തിൽ അധിഷ്ഠിതമായ വൈപ്പിക്കോട്ട സെമിനാരിയിൽ പഠിച്ച് കൊച്ചിയിലെ ലത്തീൻ ബിഷപ്പിന്റെ അംഗീകാരം നേടിയവർക്കു മാത്രമേ പട്ടം നൽകാവൂ എന്നും നിർബന്ധം വെച്ചു. എന്നാൽ ലത്തീൻ ഭാഷയും പശ്ചാത്യ വേഷവും ഉപയോഗിച്ചിരുന്ന അവിടുത്തെ വിദ്യാത്ഥികൾ, സഭയ്ക്കു സ്വീകാര്യരല്ലാതിരുന്നതിനാൽ അന്നത്തെ മെത്രോപ്പോലീത്താമാർ എബ്രഹാം അവ വിസമ്മതിച്ചു. അദ്ദേഹത്തെ അപായപ്പെടുത്തുവാനുള്ള ശ്രമങ്ങൾ ആസൂത്രണം ചെയ്തു എങ്കിലും 1597 ൽ അദ്ദേഹം അന്തരിച്ചു. തുടർന്നു മലങ്കര സഭയെ റോമൻ കത്തോലിക്കാ വിശ്വാസത്തിന്റെ കീഴിലാക്കാനുള്ള ശ്രമം ഊർജ്ജിതമാക്കി.

ആർച്ച് ബിഷപ്പ് മെനെസിന്റെ നേതൃത്വത്തിൽ നടന്ന ഉദയംപേരൂർ സുന്നഹദോസ് ഈ നീക്കത്തിന്റെ ഏറ്റവും ശക്തവും നിർണ്ണായകവുമായ പരിസമാപ്തിയായിരുന്നു. ഈ സുന്നഹദോസിലൂടെ മലങ്കര സഭയുടെ ദൈവശാസ്ത്രവും, വിശ്വാസാചാരങ്ങളും വളരെ കൃത്യതയോടെ റോമാ ദൈവശാസ്ത്രത്തിനും വിശ്വാസങ്ങൾക്കും അനുസ്യൂതമായി രൂപപ്പെടുത്തി. സുന്നഹദോസിന്റെ തീരുമാനങ്ങൾ ഏകപക്ഷീയമായും സാമ്രാജ്യ ശക്തി ഉപയോഗിച്ചും അടിച്ചേല്പിക്കപ്പെട്ടവയായിരുന്നു. പങ്കെടുത്തവർക്ക് അഭിപ്രായ സ്വാതന്ത്ര്യം ലഭ്യമായിരുന്നില്ല എന്ന് മെനസിന്റെ സുഹൃത്തും പിന്നീടു മെത്രാനുമായിരുന്ന ഫ്രാൻസിസ് റോസ് എഴുതിയ കത്തുകൾ വെളിപ്പെടുത്തുന്നു. മെനസിനും തുടർന്നു ഇവിടത്തെ സഭയുടെമേൽ അധികാരം നടത്തിയവരുമായ വിദേശികളും ചേർന്ന് ഇവിടുത്തെ ആരാധനാ ക്രമങ്ങൾ നശിപ്പിക്കുകയോ തിരുത്തുകയോ ചെയ്തു. നശിപ്പിക്കുന്നതിനേക്കാൾ ദൂരെ വ്യാപകമായ ഫലമുണ്ടാക്കിയത് ആരാധനക്രമങ്ങളുടെ തിരുത്തലുകൾ ആയിരുന്നു. അര നൂറ്റാണ്ടുകാലത്തെ ക്രമാനുസ്യൂതവും ലക്ഷ്യാധിഷ്ഠിതവു

മായ ഇടപെടലുകളിലൂടെ ലത്തീൻ ക്രമങ്ങളും അവയിലെ റോമൻ കത്തോലിക്കാ ആചാരാനുഷ്ഠാനങ്ങളും മലങ്കര സഭയിൽ സന്നിവേശിപ്പിക്കുന്നതിനും ഇടയായി. ഇതിനു ചുക്കാൻ പിടിച്ചത് 1601 ൽ അങ്കമാലി രൂപതയുടെ മെത്രാനായി സ്ഥാനമേറ്റ ഫ്രാൻസിസ് റോസിലൂടെയാണ്.

ഉദയംപേരൂർ സുന്നഹദോസിന്റെ കാനോനകളിൽ മലങ്കര ക്രിസ്ത്യാനികളുടെ പ്രതിനിധികളെ സൂചിപ്പിക്കുവാൻ ഇവിടെ നിലവിലുണ്ടായിരുന്ന പ്രയോഗം ഉപയോഗിച്ചിട്ടുണ്ട്. പട്ടക്കാരും എണങ്ങരും എന്നതായിരുന്നു സങ്കല്പം. എണങ്ങിന്റെ അടിസ്ഥാനം സാഹോദര്യമായിരുന്നു. അതിന്റെ സംവിധാനമായിരുന്നു പ്രതിപുരുഷ യോഗങ്ങൾ. എന്നാൽ ഉദയംപേരൂർ സുന്നഹദോസ് മുതൽ പാശ്ചാത്യ മാതൃകയിൽ മേലാള കീഴാള ബന്ധത്തിന്റെ ചട്ടക്കൂട്ടിലാക്കി ഇത്. തന്മൂലം ഭാഷാപരമായ ഒരു വ്യതിയാനം കാണുവാനിടയായി. പട്ടക്കാർ നാഥൻ എന്ന കേന്ദ്രാർത്ഥം വരുന്ന അച്ചന്മാരായി, എണങ്ങർ അവിദഗ്ധനും ലൗകീകനും എന്ന അടിയാളൻ ഭാവവുമുള്ള അല്മായനുമായി.

ഉദയംപേരൂർ സുന്നഹദോസിന്റെ തീരുമാനങ്ങൾ വളരെ ദൂരെവ്യാപകമായ ഫലങ്ങൾ ഉളവാക്കുന്ന വ്യതിയാനങ്ങൾ ആരാധനാക്രമങ്ങളിലും, വിശ്വാസാചാരാനുഷ്ഠാനങ്ങളിലും വരുത്തി. സഭയുടെ ആകമാന ജീവിതത്തിനു നന്മ നൽകുന്ന ചില തീരുമാനങ്ങൾ ഉണ്ടെന്നതു വിസ്മരിക്കുന്നില്ല. എന്നാൽ സഭയ്ക്ക് അന്യമായിരുന്നതു പലതും സഭയിലേയ്ക്കു പ്രവേശിപ്പിക്കുകയും സഭ മുറുകെപ്പിടിച്ചിരിക്കുന്ന പല അടിസ്ഥാന സ്വഭാവങ്ങളെയും തുടച്ചു നീക്കുകയും ചെയ്തു. ത്രെന്ത് (Trent Council) കൗൺസിലിന്റെ തീരുമാനങ്ങൾ മലങ്കര സഭയ്ക്കു ബാധകമാക്കി കൊണ്ടാണ് റോമൻ കത്തോലിക്കാ വിശ്വാസം സഭയിലടിച്ചേല്പിച്ചത് (Session II, Decree 1). പർഗേറ്ററി (Puragatory) യെക്കുറിച്ചുള്ള പഠിപ്പിക്കൽ സഭയുടെ വിശ്വാസത്തിന്റെ ഭാഗമാക്കിത്തീർക്കുകയും (Session III, Degree 1, Chapt. 7 & Session V Second Part Degree 15), പ്രതിമകൾ സ്ഥാപിക്കുകയും (Session VIII, Degree 19) ചെയ്തത് സുന്നഹദോസ് തീരുമാനപ്രകാരമാണ്. വിശുദ്ധ കുർബ്ബാനയിലെ വസ്തുമാറ്റ സിദ്ധാന്തം (Doctrine of Transubstantiation) (Session V), മുമ്പിലത്തെ ഒപ്രുശ്മ (Confirmation) (Session III, Decree 20) അന്ത്യകൂദാശ (ഒടുവിലത്തെ ഒപ്രുശ്മ) (Session VI, Second Part Decree 1), പട്ടക്കാരോട് നേരിട്ട് പാപം ഏറ്റു പറയുന്ന പാശ്ചാത്യ മാർഗ്ഗത്തിലുള്ള കുമ്പസാരം (Session V, Decree 3 & Session VI, Decree 1 ) തുടങ്ങിയവ മലങ്കര സഭയിൽ പ്രതിഷ്ഠിച്ചതും ഈ സുന്നഹദോസിലൂടെയാണ്.

റോമൻ കത്തോലിക്കാ വിശ്വാസവും ആചാരങ്ങളും പഠിപ്പിക്കുന്ന വൈപ്പിക്കോട്ട സെമിനാരിയുടെ റക്ടറുടേയോ, ലത്തീൻ ബിഷപ്പിന്റെയോ ലൈസൻസ് ലഭിക്കാത്ത പട്ടക്കാർ ആരാധനാ മധ്യേ പാഠാർത്ഥം നൽകുന്നത് (തിരുവചനം വ്യാഖ്യാനിക്കുന്നത് ) വിലക്കുന്നതും ഈ സുന്നഹദോസാണ് (Session III, Decree 17). സുന്നഹദോസിന്റെ ഈ കാനോൻ തിരുവചനവും, അതിന്റെ വ്യാഖ്യാനവും മലങ്കര സഭയുടെ ആരാധനയുടെ അവിഭാജ്യ ഘടകമായിരുന്നുവെന്നും, അതെങ്ങനെ നിന്നുപോയി എന്നും വ്യക്തമാക്കുന്നു. പാഷാണ്ഡ ഉപദേശം (Heresy) പഠിപ്പിക്കുന്നു എന്ന ആക്ഷേപം ഉയർത്തി, പാശ്ചാത്യ വിശ്വാസാരാധനയെ അടിച്ചേല്പിക്കുന്നതിനുള്ള ശ്രമമാണ് ഇവിടെ കാണുന്നത്. കന്യാമറിയാമ്മിനോടുള്ള പ്രാർത്ഥന ആരാധനയിൽ ഉൾപ്പെടുത്തിയതും ഈ സുന്നഹദോസ് തീരുമാനമായാണ് (Session VIII, Decree 19) . ഉദയംപൂർ സുന്നഹദോസിന്റെ കാനോനകൾ പരിശുദ്ധന്മാരോടും, പരിശുദ്ധരിൽ കൂടെയും ഉള്ള പ്രാർത്ഥനകൾ മലങ്കര സഭയ്ക്ക് അന്യമായിരുന്നു എന്നു സുന്നഹദോസ് തീരുമാനങ്ങൾ വ്യക്തമാക്കുന്നു. സുന്നഹദോസ് അനുശാസിക്കുന്ന വിശ്വാസ വ്യതിയാനങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് ആരാധനാ ക്രമങ്ങളിൽ, പ്രത്യേകിച്ച് കുർബ്ബാന തക്സയിൽ മാറ്റം വരുത്തണം എന്നും ഉദയംപേരൂർ കാനോൻ നിഷ്ക്കർഷിക്കുന്നു. ചുരുക്കത്തിൽ വൈദശാസ്ത്ര സമൂഹമെന്ന നിലയിലും, ക്രോഡീകരിക്കപ്പെട്ട സിദ്ധാന്ത ശേഖരങ്ങൾ സൂക്ഷിക്കുകയും ചെയ്യാത്ത പൗരസ്ത്യ ആരാധനാ സമൂഹമെന്ന നിലയിലും, വിശ്വാസത്തിന്റെ അടിത്തറയായ ദൈവശാസ്ത്ര വീക്ഷണങ്ങൾ വെളിപ്പെടുത്തുകയും അഭ്യസിപ്പിക്കുകയും ചെയ്യുന്ന ആരാധനാക്രമങ്ങൾ തിരുത്തുന്നതിലൂടെ സഭാപരമായ അധീശത്വം അടിച്ചേല്പിക്കുന്ന കടന്നു കയറ്റമാണ് ചരിത്രത്തിൽ ഉണ്ടായത്.

ഈ ഇടപെടലുകളിലൂടെ മലങ്കര സഭയിൽ മുമ്പ് ഇല്ലാതിരുന്ന രൂപങ്ങൾ പള്ളികളിൽ സ്ഥാനം പിടിച്ചു. ആരാധനാക്രമങ്ങൾ വളരെ ബോധപൂർവ്വം തിരുത്തപ്പെട്ടു. ഈ കാലത്തോടെ സാമാന്യ ജനങ്ങൾക്ക് ആരാധനാ ഭാഷയായ സുറിയാനിയിലുള്ള വ്യുല്പത്തി വളരെ കുറഞ്ഞിരുന്നു. തന്മൂലം ലത്തീൻ ആരാധനാ പാരമ്പര്യം സുറിയാനി ഭാഷയിൽ പൊതിഞ്ഞ് നടപ്പിലാക്കി. റോമൻകത്തോലിക്ക ദൈവശാസ്ത്രത്തിന്റെ അധീശത്വവും സമസ്ഥഭാവങ്ങളും ലത്തീൻ ഭാഷയിലൂടെ അല്ലെങ്കിലും സുറിയാനിവൽക്കരിച്ച് മലങ്കര സഭമേൽ അടിച്ചേൽപ്പിക്കപ്പെട്ടു. ബോധപൂർവ്വമായ നീക്കങ്ങളിലൂടെ നടത്തിയ ഈ അധീശത്വം തിരിച്ചറിയുവാൻ കഴിയാതിരുന്നതിനാൽ ബോധപൂർവ്വമായല്ലാതെ തങ്ങൾക്കന്യമായ വിശ്വാസവും ആചാരാനുഷ്ഠാനങ്ങളും തങ്ങളുടെ ഹൃദയത്തോടു ചേർന്നിരുന്നതും എന്നാൽ വിദേശീയമായതുമായ ഭാഷയിലൂടെ സ്വീകരിക്കപ്പെട്ടു.

അരനൂറ്റാണ്ടു കാലം നിസ്സഹായരായി കഴിഞ്ഞ മലങ്കരസഭയുടെ സ്വാതന്ത്ര്യ ദാഹം 1653 ലെ കൂനൻ കുരിശ് സത്യത്തിലൂടെ പൊട്ടിത്തെറിച്ചു. ഏകപക്ഷീയമായി സ്വാതന്ത്ര്യം പ്രഖ്യാപിച്ച മലങ്കര സമൂഹം അർക്കദിയാക്കോനെ മാർത്തോമ്മായാക്കി പുതിയ ഭരണക്രമം സ്ഥാപിച്ചു. പക്ഷെ സന്നിവേശിപ്പിക്കപ്പെട്ട പലതും സഭയിൽ നിലനിന്നു. തിരിച്ചറിവോടും അറിയാതെയും അവ സഭയുടെ വിശ്വാസാചാരങ്ങളായി ദീർഘകാലം നിലകൊണ്ടു. എന്നാൽ അവ തിരിച്ചറിഞ്ഞതിൽ നിന്നാണ് നവീകരണത്തിനുള്ള താല്പര്യം മലങ്കര സഭയിൽ വളരുന്നത്. അതിനു പിന്നിൽ പാശ്ചാത്യ പ്രൊട്ടസ്റ്റന്റ് മിഷനറിമാരുടെ നിശിതമായ വിമർശനങ്ങളും കാരണമായി എന്നതു തർക്കമറ്റ സംഗതിയാണ്. ദൈവശാസ്ത്ര സമൂഹമെന്ന നിലയിൽ സഭയിലെ ആരാധനാക്രമങ്ങൾക്ക് പ്രത്യേകിച്ച് കുർബ്ബാനക്രമത്തിനുള്ള വിശ്വാസപരമായ പങ്ക് തിരിച്ചറിഞ്ഞു കൊണ്ടും അവയിലൂടെ മലങ്കര ക്രിസ്തീയ സമൂഹത്തെ പാശ്ചാത്യ ദൈവശാസ്ത്രധാരയ്ക്കും ആചാരങ്ങൾക്കും അടിയറ വെക്കുന്നതിനെ പ്രതിരോധിക്കുന്നതിനാണ്, ആരാധനാക്രമങ്ങളിൽ കടന്നു കൂടിയ ഖലിതങ്ങളെ നീക്കം ചെയ്യുവാൻ നവീകരണത്തിൽ തുനിഞ്ഞത്. നവീകരണ കാഹളത്തിൽ സുറിയാനിക്കാരുടെ സത്യവിശ്വാസത്തിനു വിരുദ്ധമായി സഭയിൽ കൂട്ടിച്ചേർക്കപ്പെട്ട റോമാവൽക്കരണത്തിന്റെ ബാക്കിപത്രങ്ങളെ ആണ് ആക്ഷേപങ്ങൾ ആക്കി അക്കമിട്ടു പറയുന്നത്.

12 പട്ടക്കാർ ഒപ്പിട്ടു സമർപ്പിച്ചതാണ് നവീകരണ കാഹളം. ഇവരിൽ നാലുപേർ 1818 ഡിസംബർ 3 നു മാർ ദീവന്നാസിയോസ് മെത്രോപ്പോലീത്താ മലങ്കര സഭയിൽ നവീകരിക്കേണ്ട കാര്യങ്ങൾ പഠിച്ചു റിപ്പോർട്ടു ചെയ്യുവാൻ നിയോഗിക്കപ്പെട്ട ആറംഗ സംഘത്തിൽ പെട്ടവരാണ്. തിരുത്തലുകൾ സഭയുടെ പുരാതനമായ പൗരസ്ത്യ കാഴ്ചപ്പാടുകളെ വികലമാക്കി ദൈവശാസ്ത്രപരമായ സഭയുടെ വളർച്ചയെ ദിശമാറ്റിക്കൊണ്ടിരുന്ന വിശ്വാസധാരയേയും ആചാരാനുഷ്ഠാനങ്ങളേയും തിരുത്തുകയായിരുന്നു നവീകരണത്തിന്റെ സഭാപരമായ മാനം. ഇവിടെ പാരമ്പര്യങ്ങളിലെ നന്മകളേയും, അടിസ്ഥാനപരമായ ശീലങ്ങളേയും നിലനിർത്തുകയും, തനതായ ശൈലിയ്ക്ക് അന്യമായ ശീലങ്ങളെ തിരുത്തുകയും, അബദ്ധജഡിലവും സഭയുടെ ദൈവശാസ്ത്രത്തെ ദുഷിപ്പിക്കുന്നതുമായ അനുഷ്ഠാനങ്ങളേയും വിശ്വാസവ്യതിയാനങ്ങളേയും ഉപേക്ഷിക്കുകയുമാണ് ഉണ്ടായത്. ദൈവശാസ്ത്രപരമായ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമായ ഘടകമെന്ന നിലയിൽ ആരാധനാക്രമങ്ങളുടെ പ്രാധാന്യം തിരിച്ചറിഞ്ഞപ്പോൾ, പങ്കെടുക്കുന്നവർ കൂടി അവ തിരിച്ചറിയണം എന്ന ചിന്തയിൽ നിന്നുമാണ് ആരാധന, ജനങ്ങളുടെ ഭാഷയായ മലയാളത്തിലേയ്ക്കു പരിഭാഷപ്പെടുത്തിയത്. മാത്രവുമല്ല ഉദയംപേരൂർ സുന്നഹദോസിനെ തുടർന്നു പാശ്ചാത്യ പാതിരിമാരും സംഘവും നടത്തിയ ബോധപൂർവ്വമായ കടന്നുകയറ്റം ഇവിടുത്തെ ജനങ്ങൾക്കു അറിവില്ലാത്ത ഭാഷയിലൂടെ ആയിരുന്നു. അവരുടെ ഭാഷയായ ലത്തീനുപയോഗിച്ചില്ല എങ്കിലും സുറിയാനിയെ ഉപയോഗിച്ച് അടിച്ചേല്പിച്ച അധീശത്വം ഇനിയും തിരുത്തൽ എന്ന വ്യാജേന നടക്കരുത് എന്ന ദീർഘവീക്ഷണം മലയാളത്തിലേയ്ക്കുള്ള ആരാധനാക്രമങ്ങളുടെ പരിഭാഷയിലുണ്ട്. ആത്മായ നേതൃത്വത്തെ വളർത്തുവാനുള്ള നവീകരണ സഭയുടെ താല്പര്യം വിരൽ ചൂണ്ടുന്നതും മേലാള അടിയാള വൈരുദ്ധ്യത്തിൽ നിന്ന് മലങ്കര സഭയുടെ സാഹോദര്യത്തിലേയ്ക്കുള്ള മടങ്ങിപ്പോക്കാണ്. എന്നാൽ ഭാഷാപരമായി ഇപ്പോഴും ആ വൈരുദ്ധ്യം നിലനിൽക്കുന്നതു പട്ടക്കാരും ജനങ്ങളും തമ്മിലുള്ള പാരസ്പര്യത വീണ്ടെടുക്കപ്പെട്ടിട്ടില്ല എന്നതാണ് സൂചിപ്പിക്കുന്നത്.

# ക്രിസ്തീയ ശിഷ്യത്വം : വിളിയും വെല്ലുവിളിയും.



**റവ. ജോസഫ് ഉമ്മൻ**, ഏനാത്ത്

**അധികാര മോഹവും, അത്യാഗ്രഹവും അസൂയയുമുള്ളവർക്ക് എങ്ങനെ യേശുവിനെ അനുഗമിക്കാനാകും ? സ്വയം പ്രശംസക്കാരുടെ ലോകത്തെ ചോദ്യം ചെയ്യുന്ന ശിഷ്യത്വത്തിന്റെ ഘനമുള്ള ചിന്തകൾ.**

"......ഒരുവൻ എന്നെ അനുഗമിപ്പാൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്നെഅനുഗമിയ്ക്കട്ടെ. ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും ആരെങ്കിലും എന്റേയും സുവിശേഷത്തിന്റേയും നിമിത്തം തന്റെ ജീവനെ കളഞ്ഞാൽ അതിനെ രക്ഷിക്കും. (മർക്കോസ്- 8:34-35)

യേശുക്രിസ്തുവിന്റെ ശിഷ്യനായിരിക്കുക എന്നത് വളരെ ലാഘവത്തോടെ ചിന്തിച്ച് നടപ്പിലാക്കാൻ സാധിക്കാത്ത ഒന്നാണെന്നും, ഗൗരവത്തോടെ, പ്രവൃത്തിപഥത്തിൽ കൊണ്ടുവരേണ്ട പ്രക്രിയയാണെന്നും ഈ വേദഭാഗം പഠിപ്പിക്കുന്നു. ആരാണ് യഥാർത്ഥ ക്രിസ്തു ശിഷ്യൻ ? യേശുവിനെ അനുഗമിക്കുന്നവർക്കു വേണ്ട യോഗ്യതകൾ എന്തെല്ലാം ? ഈ ഗുരുവിനെ അനുഗമിച്ചാൽ എന്തു ലഭിക്കും ? തുടങ്ങി ശിഷ്യത്വത്തിന്റെ പ്രാധാന്യം മനസ്സിലാക്കാനുള്ള ഒരു ശ്രമമാണ് ഈ ലേഖനത്തിന്റെ ഉള്ളടക്കം.

ഏഥൻസ് നഗരത്തിൽ പ്രസംഗകല, വ്യാകരണം, തത്വശാസ്ത്രം, നക്ഷത്ര ശാസ്ത്രം, വൈദ്യ ശാസ്ത്രം, ക്ഷേത്രഗണിതം മുതലായി ഒരു മനുഷ്യന് പഠിക്കാവുന്നതെല്ലാം പഠിച്ച് ഒരുവൻ സന്യാസ സമൂഹത്തിൽ താമസിച്ചു വന്നിരുന്നു. A.D. 329 മുതൽ 382 വരെ ജീവിച്ചിരുന്ന മഹാനായ ബേസിൽ. അദ്ദേഹത്തിന്റെ അറിവോ, വസ്തുവകകളോ ജീവിതത്തിന് സ്വസ്ഥത നൽകിയിരുന്നില്ല. അദ്ദേഹം പറഞ്ഞു. "ഞാൻ സുവിശേഷം വായിച്ചു. കണ്ണുനീർ ധാരധാരയായി ഒഴുകി. ഈ ലോകത്തോടുള്ള ആർത്തി വേണ്ടെന്നു വയ്ക്കണം. ഞാൻ എല്ലാം വില്ക്കണം" അദ്ദേഹം കഠിനമായ ആശ്രമ ജീവിതം സ്വീകരിച്ചു. സ്വത്തുക്കൾ വിട്ടുകൊടുത്തു. നിയോകൈസര്യയിലെ വിദ്യാഭ്യാസ വകുപ്പിന്റെ തലവനാക്കാമെന്ന ഗവർൺമെന്റിന്റെ ക്ഷണം തള്ളിക്കളഞ്ഞു. കൈസര്യയിൽ മെത്രാനായി. മഹാനായ ബേസിലും അദ്ദേഹത്തിന്റെ സഹോദരൻ വിശുദ്ധനായ ഗ്രിഗറിയും പൗരസ്ത്യ ക്രിസ്തു ധർമ്മത്തിന്റെ കവി (The Poet of Eastern Christendom) എന്നറിയപ്പെടുന്ന ഗ്രിഗറി നസ്സിയാൻസും ആര്യൻ പാഷണ്ഡതയ്ക്കെതിരെ നിഖ്യാസുന്നഹദോസിന്റെ വിജയത്തിൽ പങ്കാളിത്തം വഹിച്ചു. ഒരു പ്രത്യേക സാഹചര്യത്തിൽ അഭിപ്രായ വ്യത്യാസം വന്നപ്പോൾ മെത്രാൻ സ്ഥാനം പോലും ത്യജിച്ച് ആശ്രമത്തിലേക്ക് മടങ്ങി.

ജീവിതം മുഴുവൻ ഉപേക്ഷകളുടെ ഒരു സമാഹാരമായി. എല്ലാം നേടാനായി ഉള്ളതെല്ലാം ഉപേക്ഷിക്കുക. ഒന്നും നേടാത്തവനായി മരിയ്ക്കുക. കുരിശിലേക്ക് ആകർഷിയ്ക്കപ്പെടുന്നവൻ ആത്മ ബലിയായി സമർപ്പിയ്ക്കപ്പെടും. അധികാരമോഹവും, അത്യാഗ്രഹവും, അസൂയമുള്ളവർക്ക് എങ്ങനെ യേശുവിനെ പിൻചെല്ലുവാൻ സാധിക്കും ? നന്ദികിട്ടാനും, ബഹുമാനം കിട്ടാനും, അംഗീകാരം കിട്ടാനും, സ്ഥാനം കിട്ടാനും, ഫോട്ടോയിൽ ഇടംകിട്ടാനും ഓടിനടക്കുന്നവർ എങ്ങനെ ക്രിസ്തുവിന്റെ ശിഷ്യന്മാരാകും ?

യേശുവിനെ അനുഗമിക്കുവാൻ വിളി ലഭിക്കുന്നവർ, കുരിശിന്റെ വഴിയിലൂടെ ദൈവീക തെരഞ്ഞെടുപ്പിന്റെ സ്വഭാവം നന്നായി മനസ്സിലാക്കണം. വിളിക്ക് (Calling) കൊടുക്കേണ്ടി വരുന്ന വില ആലോചിക്കണം. കാരണം ക്രിസ്തീയ ശിഷത്വത്തിനുള്ള വിളിയുടെ കേന്ദ്രഭാഗത്ത് നിലയുറപ്പിച്ചിരുന്നത് കുരിശാണ്. യേശുവിനെ അനുഗമിയ്ക്കുവാൻ ആവശ്യമായി വരുന്ന ക്ലേശങ്ങളും, വ്യഥയും, കാഴ്ചപ്പാടും, കണ്ണുനീരും, മാനസിക സംഘർഷങ്ങളും ശിഷ്യൻ ശിരസ്സാ വഹിയ്ക്കേണ്ടി വരും. ആരെങ്കിലും വിളികേട്ടാൽ സ്വന്തം ജീവൻ നഷ്ടപ്പെടുത്തണം- ഉപേക്ഷിക്കണം.

**ആരാണ് യഥാർത്ഥ ശിഷ്യൻ?**

ഗുരുവിന്റെ കാഴ്ചപ്പാടുകൾ മാത്രം പങ്കുവയ്ക്കുന്ന, ചിന്തകൾക്കും ആശയങ്ങൾക്കും വേണ്ടി



മാത്രം നിലകൊള്ളുന്നയാളാണ് ശിഷ്യൻ. A person who freely puts himself in the school of a teacher and shares his views is a disciple. അതിനാൽ യേശുവിന്റെ ശിഷ്യനാകുക എന്നു പറഞ്ഞാൽ യേശു നിലകൊണ്ട മൂല്യങ്ങൾക്കു വേണ്ടി നിലകൊള്ളുക, അങ്ങനെ കൊല്ലപ്പെടേണ്ടി വരിക, അവന്റെ സാക്ഷിയായിരിക്കുക, മറ്റുള്ളവരുടെ കഷ്ടപ്പാടുകൾ കണ്ട് വൈഷമ്യം അനുഭവിക്കുക തുടങ്ങിയവയൊക്കെയാണ്. The disciples of Jesus are there fore, called to share the very destiny of the master.

അതായത് അവന്റെ കുരിശു വഹിയ്ക്കുക (To carry his cross) (മർക്കോസ് - 8:34), പാനപാത്രം കുടിക്കുക (To drink his cup) (മർക്കോസ് - 8:34), ദൈവരാജ്യത്തിന്റെ അംശിയാകുക (To receive from him the kingdom) (ലൂക്കോസ്- 22:29, മർക്കോസ് - 19:28) അവൻ വാഗ്ദാനം ചെയ്യുന്ന ആശ്വാസം പ്രാപിക്കുക. എന്റെ നുകം എടുക്കുക, നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം ലഭിയ്ക്കും.

ലോകത്തിലെ മനുഷ്യവർഗ്ഗത്തോട് ക്രിസ്തുവിനുണ്ടായിരുന്ന സാമൂഹ്യ പ്രതിബദ്ധതയുടെ അടയാളമാണ് കുരിശ്. കുരിശിന്റെ പ്രതീകാത്മകത ശ്രദ്ധേയമാണ്. രണ്ടു തടികൾ, ഒന്നു നെടുകയും മറ്റൊന്ന് കുറുകയും. നെടുകയുള്ളത് ദൈവത്തിന്റെ ഇച്ഛ. കുറുകെയുള്ളത് മനുഷ്യന്റെ താല്പര്യങ്ങൾ. ഭിന്ന ധ്രുവങ്ങളിൽ കടക വിരുദ്ധമായ ദൈവേച്ഛയും മാനുഷിക താല്പര്യങ്ങളും സന്ധിക്കുമ്പോൾ കുരിശ് ഉണ്ടാകുന്നു. ദൈവം തന്റെ പുത്രനെ 'കുരിശിലുയർത്തി കൊലയ്ക്കു കൊടുത്തു' എന്നതാണ് സ്വന്തം പുത്രനെ ലോകത്തിനു നൽകി (യോഹ - 3:16) എന്നതിന്റെ അർത്ഥം. പരമമായ ക്ഷമ, സഹനം, ത്യാഗം, സ്നേഹം എന്നിവയിലേക്കുള്ള വിളിയാണ് ക്രിസ്തു ശിഷ്യന് ലഭിയ്ക്കുന്നത്.

സ്നേഹം എപ്പോഴും തോറ്റുപോകുന്നതായി പ്രത്യക്ഷപ്പെടുന്നു, തോറ്റു കൊടുക്കുന്ന അമ്മയുടെ സ്നേഹം പോലെ. സ്വന്തം ജീവൻ പണയപ്പെടുത്തിയാൽ മാത്രമെ ദൈവം നൽകുന്നത് ജീവനാണെന്ന് ലോകത്തെ ബോദ്ധ്യപ്പെടുത്താനാവൂ. നാം നമ്മോടു തന്നെ മരിച്ചുകൊണ്ട് ക്രിസ്തുവിൽ ജീവിക്കുന്നു. എല്ലാം തിരസ്ക്കരിയ്ക്കാതെ, പരിത്യാഗത്തെ സ്നേഹിക്കാതെ, ദാരിദ്ര്യത്തിന്റെ സ്വാതന്ത്ര്യത്തെ സ്നേഹിക്കാനാവില്ല. മറ്റുള്ളവരെ സ്നേഹിച്ച് മരിക്കണം എന്നതിന്റെ പ്രതീകമാണ് കുരിശ്. സ്വന്തം താല്പര്യങ്ങൾ, കുടുംബം, പദവി ഇവകൾക്കുള്ള പ്രഥമ പരിഗണന ഉപേക്ഷിക്കാതെ തന്നെ അനുഗമിക്കുവാൻ കഴിയുകയില്ലെന്ന് യേശു പഠിപ്പിക്കുന്നു.

"Our Lord wants me tobe a free nun, Covered with the poverty of the cross" (Mother Teresa) സുവിശേഷങ്ങളിൽ 'അനുഗമിക്കുക' എന്ന ക്രിയാപദം യേശു എന്ന വ്യക്തിയോടുള്ള സ്നേഹബന്ധത്തേയും മമതയേയും സൂചിപ്പിക്കുന്നു. ഞാൻ വളരുന്നിടത്തോളം മറ്റാരും വളരരുത് എന്ന ഹീനമായ മനോഭാവത്തിന് വിരുദ്ധമായ നിലപാടാണ് മശിഹായുടെ മനോഭാവത്തിന്. ഞാൻ ആയിരിക്കുന്നിടത്ത് എന്റെ ശിഷ്യനും ആയിരിക്കണമെന്ന് സമഭാവേന ചിന്തിയ്ക്കണമെങ്കിൽ ക്രൂശിന്റെ വേദന ഉൾക്കൊണ്ടേ മതിയാകുകയുള്ളൂ.

കർത്താവിനെ അനുഗമിച്ച് ശിഷ്യന്മാർ പോയ വഴി മരണത്തിന്റേതാണ്. സുഖകരമായ ലക്ഷ്യസ്ഥാനം ആ വഴിയ്ക്കില്ല. കാട്ടിലെ കുറുനരികൾക്കുള്ള സുരക്ഷിതത്വം പോലും മനുഷ്യപുത്രനില്ല. ഇക്കാലത്തെ ക്രിസ്തു ശിഷ്യന്മാർ സമർപ്പണം നടത്തിയിരിക്കുന്നത് ആരോടാണ് ? സുരക്ഷിതത്വം വാഗ്ദാനം ചെയ്യുന്ന മറ്റുള്ളവരോടോ ? എന്റെ ദൈവമേ എന്റെ ദൈവമേ നീയെന്നെ കൈവിട്ടതെന്ത് എന്നു കരഞ്ഞു മുറയിടുന്ന

ദൈവപുത്രൻ പഠിപ്പിക്കുന്നത് മറ്റൊന്നല്ല. കുരിശു തന്നെയാണ് മഹത്വം. മരണം തന്നെയാണ് മഹത്വീകരണം മഹത്വത്തിന്റെ മുമ്പേ പോകേണ്ടത് കുരിശാണ്. ഈ തിരിച്ചറിവ് പലതും ഉപേക്ഷിക്കാനും ത്യജിയ്ക്കാനും നമ്മെ സജ്ജരാക്കുന്നു.

കല്ല് ഉരയ്ക്കാതെ വജ്രമുണ്ടാക്കാനാവില്ല.
തീയിലിടാതെ സ്വർണ്ണം ശുദ്ധീകരിക്കാനാവില്ല.
സഹനമില്ലാതെ നല്ല ശിഷ്യരുണ്ടാകുന്നില്ല.

'ബോധിധർമ്മൻ എന്തിന്നു കിഴക്കോട്ടുപോയി' എന്നതൊരു കൊറിയൻ ചിത്രമാണ്. അതിൽ ശിഷ്യൻ ഗുരുവിനോട് ചോദിക്കുന്നു. വീടുപേക്ഷിച്ച്, വീട്ടുകാരോടുള്ള ഉത്തരവാദിത്തങ്ങളും കടമകളും ഉപേക്ഷിച്ച് ബുദ്ധൻ യാത്രതിരിച്ചത് അധാർമ്മികമല്ലേ. ഗുരുവിന്റെ മറുപടി ഇപ്രകാരമാണ്; ഉപേക്ഷിക്കുക, പിരിഞ്ഞുപോകുക എന്നതിനർത്ഥം എത്തിച്ചേരുക എന്നാണ്. എത്തിച്ചേരുക എന്നതിന് അർത്ഥം പിരിഞ്ഞുപോകുക എന്നും. ക്രിസ്തു ശിഷ്യൻ, ഉപേക്ഷിക്കാതെ ത്യജിയ്ക്കാതെ ഗുരുവിനരികൽ എത്തിച്ചേരുകയില്ല. ●

## അനുമോദനങ്ങൾ

75%ത്തിൽ അധികം കുടുംബങ്ങളെ ഹെർമ്മോൻ ദൂതൻ വരിക്കാരാക്കി **"ഹെർമ്മോൻ ദൂതൻ- സുഹൃത്ത്"**- ആയി മാറിയ എലിക്കാട്ടൂർ സീയോൻ മാർത്തോമ്മാ ഇടവക (പത്ത നാപുരംസെന്റർ) യ്ക്ക് അനുമോദനങ്ങൾ

**സീയോൻ മാർത്തോമ്മാ ഇടവക**
**എലിക്കാട്ടൂർ, പി.ഒ.**
**പിറവന്തൂർ, പത്തനാപുരം**

**ആകെ കുടുംബങ്ങൾ - 184**
**ഹെർമ്മോൻ ദൂതൻ വരിക്കാർ - 144**
**വികാരി - റവ. പി.റ്റി. ഏബ്രഹാം.**

അടൂർ ഭദ്രാസനത്തിന്റെ മുഖപത്രമായ ഹെർമ്മോൻ ദൂതൻ, ത്രൈമാസിക പുതിയ മുഖത്തോടെ നിങ്ങളുടെ കൈകളിലേക്ക് എത്തുകയാണ്. വായനക്കാർക്ക് പഠിക്കാനും പങ്കുവയ്ക്കാനുമുള്ള ഇടമായി ഇതിന്റെ പേജുകൾ പ്രയോജനപ്പെടണം. ഹെർമ്മോൻ ദൂതന്റെ വാർഷിക വരിസംഖ്യ 60 രൂപയാണ്. എന്നാൽ രണ്ടോ അതിലധികം വർഷത്തേക്കോ വരിക്കാർ ആകുന്നവർ 50 രൂപാ നിരക്കിൽ അടച്ചാൽ മതിയാകും. 75% കുടുംബങ്ങളെ ഹെർമ്മോൻ ദൂതൻ വരിക്കാരാക്കുന്ന ഇടവകകളെ 'ഹെർമ്മോൻ ദൂതൻ-സുഹൃത്ത്' ഇടവകയായി പ്രഖ്യാപിക്കുകയും അവർക്ക് ഒരു പ്രത്യേക ഉപഹാരം നൽകുകയും ചെയ്യുന്നതാണ്. ഇത് മനസ്സിലാക്കി ഏവരുടേയും പ്രത്യേക സഹകരണം പ്രതീക്ഷിക്കുന്നു.

മാനേജർ

## അത്മായ പരിശീലന കളരി

ഭദ്രാസന സന്നദ്ധ സുവിശേഷക സംഘത്തിന്റെ ആഭിമുഖ്യത്തിൽ ജൂലൈ മുതൽ ഡിസംബർ വരെ അത്മായ പരിശീലന കളരി അടൂർ ധ്യാന കേന്ദ്രത്തിൽ വച്ച് നടത്തുന്നതിന് ക്രമീകരിച്ചിരിക്കുന്നു. സഭാ ചരിത്രം, കൂദാശകൾ, മറ്റു മത വിശ്വാസകൾ, അടിസ്ഥാന ക്രിസ്തീയ വിശ്വാസങ്ങൾ, ദൈവവചനം എന്നിവ സംബന്ധിച്ച് പ്രഗദ്ഭരായ നേതാക്കൾ ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നതാണ്.
ഈ പരിശീലന കളരിയിലേക്ക് ഏവരേയും സ്വാഗതം ചെയ്യുന്നു. അത്മായ ശുശ്രൂഷകരും താല്പര്യമുള്ള മറ്റു അംഗങ്ങളും താല്പര്യപൂർവ്വം പങ്കെടുക്കണം.

**മലങ്കര സഭ നവീകരണത്തിന്റെ 175-ാം വാർഷികം അനുഭവമാക്കുമ്പോൾ അതിനു നേതൃത്വം കൊടുത്ത് ദൈവഹിതത്തിന്റെ പൂർത്തീകരണത്തിൽ ആയുധമായ മഹാരഥന്മാരുടെ ജീവിതത്തെ പരിചയപ്പെടുത്തുന്നു. 2010-ാം മാണ്ടിലെ ക്ലർജി ഡയറക്ടറി നൽകുന്ന ആധികാരികത.**



## വന്ദ്യ ദിവ്യശ്രീ. പാലക്കുന്നത്ത് അബ്രഹാം മൽപ്പാൻ

മലങ്കരസഭയിലെ നവീകരണത്തിന്റെ ശില്പിയായ അബ്രഹാം മൽപ്പാൻ മാരാമൺ പാലക്കുന്നത്ത് കുടുംബത്തിൽ1796ൽ ജനിച്ചു. പിതാവ് മത്തായി പാലിക്കുന്നത്ത് തോമാമൽപ്പാന്റെ സഹോദരനും മാതാവ് പാണ്ടനാട്ടു മുല്ലശ്ശേരിൽ മറിയാമ്മയും ആയിരുന്നു. പുതുപ്പള്ളി പടിഞ്ഞാറേക്കൂറ്റ് താമസിച്ച് കോര മൽപ്പാന്റെ കീഴിൽ സുറിയാനി അഭ്യസിച്ചു. കോര മൽപ്പാന്റെ അനന്തരവനായ കൈതയിൽ ഗീവർഗീസ് ശെമ്മാശുമായി അവിടെ വെച്ച് സൗഹൃദം ആരംഭിച്ചു. 1811ൽ എട്ടാം മാർത്തോമ്മായിൽ നിന്നും വളരെ ചെറുപ്പത്തിൽ ശെമ്മാശ് പട്ടം സ്വീകരിച്ച അദ്ദേഹം 1815ൽ കശ്ശീശ ആയി. കോട്ടയം സെമിനാരിയിൽ മൽപ്പാനായി നിയോഗിക്കപ്പെട്ടു. കോനാട്ടു മൽപ്പാനോടും കൈതയിൽ ഗീവർഗീസ് മൽപ്പാനോടും ചേർന്ന് അദ്ദേഹം അദ്ധ്യാപകവൃത്തിയിൽ തുടർന്നു. തുമ്പമൺ തൊണ്ടംവേലിൽ തരകന്റെ പുത്രി ഏലിയാമ്മയായിരുന്നു അദ്ദേഹത്തിന്റെ സഹധർമ്മിണി.

തനിക്ക് പട്ടം തന്ന എട്ടാം മർത്തോമ്മായുടെ കൈവയ്പിനെപ്പറ്റി ആക്ഷേപം ഉണ്ടായതിനാൽ 1000-ാം ആണ്ട് ഇവിടെ വന്നുപോയ മാർ അത്താനാസിയോസ് അബ്ദം ശിഹിനിൽ നിന്നും തന്റെ 30-ാം വയസ്സിൽ ആവർത്തിച്ച് പട്ടമേറ്റു. തിരുവെഴുത്ത് വിളംബരത്തോടെ ഭരിക്കുന്ന മെത്രാപ്പോലീത്തായുടെ ആജ്ഞലംഘിച്ച് പരദേശമെത്രാനെ അംഗീകരിച്ചതുകൊണ്ട് അദ്ദേഹത്തിന് തടവിൽ പോകേണ്ടിവന്നു. മനസാക്ഷിപ്രമാണിച്ച് മൽപാൻ ആവർത്തിച്ച് പട്ടമേൽക്കുകയും ചട്ടത്തിന് വ്യത്യസ്തത ഉണ്ടാക്കുവാൻ നിവൃത്തി ഇല്ലാത്തതിനാൽ ചേപ്പാട് മാർ ദിവന്ന്യാസോസ് അതു നിഷ്കർഷിക്കുകയും ആയിരുന്നു. മലങ്കരയിലെ പട്ടത്വത്തിന്റെ ഈ ന്യൂനത പരിഹരിക്കുന്നതിനാണ് മൽപ്പാനച്ചൻ പിന്നീട് അന്ത്യോക്യയിലേക്ക് തന്റെ സഹോദരപുത്രനായ മാത്യൂസ് ശെമ്മാശനെ പട്ടം ഏൽക്കുന്നതിന് നിയോഗിച്ച അയച്ചത്.

കൈതയിൽ ഗീവർഗീസ് മൽപ്പാൻ, എരുത്തിക്കൽ മർക്കോസ് കത്തനാർ അടങ്ങപ്പുറത്തുയൗസേഫ് കത്തനാർ തുടങ്ങി 10 പട്ടക്കാർ ചേർന്നു മലങ്കരയിൽ അദ്ദേഹം കൊളുത്തിയ നവീകരണ ദീപം മലങ്കര മാർത്തോമ്മാ സുറിയാനി സഭയിലൂടെ ഇന്നും പ്രകാശം ചൊരിയുന്നു. വലിയ മാർ ദിവ്യന്ന്യാസോസിന്റേയും ഡോ. ബുക്കാനന്റെയും നാളുകൾ മുതൽ ആരംഭിച്ച സഭാശുചീകരണം ഫലപ്രാപ്തിയിൽ എത്തിയത് മൽപ്പാനച്ചന്റെ കാലത്തായിരുന്നു. അബ്രഹാം മൽപ്പാനച്ചൻ, തന്റെ മാതൃഇടവകയായ മാരാമൺ പള്ളിയിൽ പതിനഞ്ചുനോമ്പുവീടൽ ദിനമായ കൊ.വ 1012 ചിങ്ങം 15-ാം തീയതി (1836) മലയാളത്തിൽ വിശുദ്ധ കുർബ്ബാന ചൊല്ലി ചരിത്രം സൃഷ്ടിച്ചു. കന്നി 19-ാം തീയതി മുത്തപ്പന്റെ പ്രതിമ നശിപ്പിക്കുകയും ചെയ്ത് നവീകരണസംരംഭത്തിന് തുടക്കം കുറിച്ചു. ചേപ്പാട്ടു മാർ ദീവന്യാസോസിന്റെ എതിർപ്പും തന്നെ സ്വാധീനിക്കാനുള്ള മിഷനറിമാരുടെ ശ്രമവും അബ്രഹാം മൽപ്പാനെ തളർത്തിയില്ല. മൽപ്പാനച്ചൻ മിഷനറിമാരോട് ചേർന്ന് പ്രവർത്തിച്ചിരുന്നുവെങ്കിലും ഈ പുരാതന സഭ വിട്ടുപോകുന്നതിനോ പുതിയ ഒരു സഭ ഉണ്ടാക്കുന്നതിനോ ഉദ്യമിച്ചില്ല. സുറിയാനി സമുദായ അംഗങ്ങൾ അതിന്റെ പാരമ്പര്യത്തെയും ആരാധനാക്രമത്തെയും വിശ്വാസത്തെയുംപറ്റി

എത്രമാത്രം നിഷ്ഠയുള്ളവരാണെന്ന് സ്വന്തം അനുഭവത്തിൽ നിന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. അതിനാൽ രണ്ടിനും മദ്ധ്യേ മലങ്കരസഭയുടെ പൂർവ്വീകമായ അടിസ്ഥാനത്തിൽ ഉറച്ചു നിന്ന് സഭയെ ഉദ്ധരിക്കുവാനുള്ള മാർഗ്ഗമാണ് അദ്ദേഹത്തിന്റെ ദർശനത്തിൽപ്പെട്ടിരുന്നത്. നവീകരണസമയത്ത് മൽപ്പാനച്ചന് നാൽപ്പത് വയസ്സ് പ്രായമായിരുന്നു.

'മലങ്കര സഭയിലെ ലൂഥർ' എന്ന അപരനാമത്തിൽ അറിയപ്പെടുന്ന മൽപ്പാന്റെ ധീരമായ നേതൃത്വവും സേവനവും തുടർന്ന് പാലിക്കുന്നത്ത് മാത്യൂസ് മാർ അത്തനാസ്യോസ് മെത്രാപ്പോലീത്താ നവീകരണത്തിന് നൽകിയ സംരക്ഷണവും മലങ്കര സഭയെ ഒരു നവോത്ഥാനത്തിലേക്ക് നയിക്കുകയും തിരുവചന ദർശനം കൊണ്ട് പരിപോഷിപ്പിക്കുകയും ചെയ്തു. ആണ്ടുതക്സാ (ശ്ഹിമാ) നമസ്ക്കാരം മുഴുവൻ മൽപ്പാനച്ചൻ മലയാളത്തിൽ തർജ്ജിമ ചെയ്തു. ധൈര്യം, പരമാർത്ഥത, വിശ്വസ്തത, ദീനാനുകമ്പ, കാര്യക്ഷമത, പ്രാർത്ഥനാശീലം എന്നീ വിശിഷ്ട ഗുണങ്ങൾ ദൃശ്യമായിരുന്നു. വേദപഠനം, പ്രാർത്ഥന, ജീവിതവിശുദ്ധി, ധാർമ്മിക നിലവാരം മുതലായ കാര്യങ്ങളിൽ മൽപ്പാനച്ചൻ പ്രത്യേക ഊന്നൽകൊടുത്തു.

മൽപ്പാനച്ചന് നാല് പുത്രിമാരും അഞ്ചു പുത്രന്മാരും ഉണ്ടായിരുന്നു. 1893ൽ കാലം ചെയ്ത തോമസ് മാർ അത്താനാസ്യോസും 1909-ൽ കാലം ചെയ്ത തീത്തൂസ് പ്രഥമൻ മാർത്തോമ്മായും പുത്രന്മാരായിരുന്നു. 1845 സെപ്റ്റംബർ 7ന് 49-ാം വയസ്സിൽ മൽപ്പാൻ അച്ചൻ ദിവംഗതനായി. മാരാമൺ പള്ളിക്കകത്ത് അദ്ദേഹത്തെ സംസ്ക്കരിച്ചു.

തിരുവചനവെളിച്ചത്തിൽ ആരാധനയിലും ആചാരത്തിലും വരുത്തിയ വ്യത്യാസങ്ങൾ താഴെ വരുന്നപ്രകാരം സംഗ്രഹിക്കാം.

വിശുദ്ധകുർബ്ബാനയിലെ അപ്പവീഞ്ഞുകൾ ഒന്നായി കൊടുക്കുന്ന പതിവുമാറ്റി രണ്ടായികൊടുക്കണം. യേശുക്രിസ്തു ഏക മദ്ധ്യസ്ഥനായതുകൊണ്ട് വി. കന്യകമറിയാമിനോടും വിശുദ്ധന്മാരോടും ഉള്ള മദ്ധ്യസ്ഥ പ്രാർത്ഥന, മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന അതിനോടുചേർന്ന ദുരാചാരങ്ങൾ, രഹസ്യകുമ്പസാരത്തിലൂടെ പട്ടക്കാരനിൽ നിന്ന് പാപമോചനം വാങ്ങുന്ന പതിവു എന്നിവ നിർത്തലാക്കുകയും കുർബ്ബാന സ്വീകരിപ്പാൻ ആളുകൾ ഉള്ളപ്പോൾ മാത്രം വി.കുർബ്ബാന അനുഷ്ഠിച്ചാൽ മതിയെന്ന് നിഷ്കർഷിക്കുകയും ചെയ്തു.

അബ്രഹാം മൽപ്പാന്റെ ശിഷ്യന്മാരായി പിൽക്കാലത്ത് മാർത്തോമ്മാ സഭയെ നയിച്ച വൈദികരിൽ പ്രമുഖരായവരുടെ പേരുകൾ ചുവടെ,

ഉലശ്ശേരിൽ യൗസേപ്പ് ശെമ്മാശ്, മാരാമണ്ണു കുലത്താക്കൽ ശെമ്മാശ്, റാഹൂർ ശെമ്മാശ്, പാലക്കുന്നത്ത് മാത്തൻ ശെമ്മാശ്, (മാത്യൂസ് മാർ അത്താനാസ്യോസ്), കല്ലിശ്ശേരി കടവിൽ അബ്രഹാം ശെമ്മാശ്, പുത്തൻ കാവിൽ ജോർജ്ജ് ശെമ്മാശ്, (ജോർജ്ജ് മാത്തൻ പാതിരി), തര്യൻ ശെമ്മാശ്, (തര്യൻ പാതിരി), കോഴഞ്ചേരിയിൽ മേലേയിൽ ശെമ്മാശ്, അയിരുകുഴിയിൽ ശെമ്മാശ്, പള്ളിപ്പീടികയിൽ കുര്യൻ ശെമ്മാശ്, വെണ്ണിക്കുളം കച്ചുകുഴിയിൽ ശെമ്മാശ്, ഇലന്തൂർ താഴയിൽ ശെമ്മാശ്, കളീക്കൽ ശെമ്മാശ്, ഓമല്ലൂർ വടക്കേടത്ത് ശെമ്മാശ്, അയിരൂർ ചെറുകര ശെമ്മാശ്, ചാത്തന്നൂർ വലിയവീട്ടിൽ ശെമ്മാശ് മുതലായി 18 ശെമ്മാശന്മാർ മൽപ്പാനച്ചന്റെ കീഴിൽ പഠിച്ചുകൊണ്ടിരുന്നു. (റ്റി.സി.ചാക്കോ, മലങ്കര മാർത്തോമ്മാ സഭാചരിത്ര സംഗ്രഹം, ഒന്നാം ഭാഗം പു-102)

## നവീകരണ പോർക്കളത്തിലെ കാഹളം

അബ്രഹാം മൽപ്പാനച്ചനും കൈതയിൽ ഗീവർഗീസ് മൽപ്പാനച്ചനും തുടങ്ങി 12 പട്ടക്കാർ ചേർന്ന് 1836ൽ (1011 ചിങ്ങം 21) ബ്രിട്ടീഷ് റെസിഡന്റ് കർണൽ ഫ്രേയ്സറിന് സഭയുടെ നവീകരണം സംബന്ധിച്ച് ഒരു മെമ്മൊറാണ്ടം സമർപ്പിച്ചു. ഇതിൽ സുറിയാനിക്കാരുടെ മര്യാദ പ്രകാരം സഭാ ഭരണം മുടങ്ങിയിരുന്നു എന്നും വേദാനുസരണം അവ നടത്തപ്പെടേണ്ടതാണെന്നും പ്രതിപാദിച്ചിരിക്കുന്നു.

**ബ്രിട്ടീഷ് റസിഡന്റിന് ഹർജി സമർപ്പിച്ച വൈദികർ:**

സെമിനാരിയിൽ മൽപ്പാൻ, മാരാമണ്ണുപള്ളിയിൽ അബ്രഹാം കത്തനാർ, പുതുപ്പള്ളി പള്ളിയിൽ കൈതയിൽ ഗീവർഗീസ് കത്തനാർ, കല്ലൂപ്പാറ പള്ളിയിൽ അടങ്ങപ്പുറത്തു യൗസേപ്പ് കത്തനാർ, കോട്ടയം ചെറിയ പള്ളിയിൽ എരുത്തിക്കൽ മാർക്കോസ് കത്തനാർ, കോഴഞ്ചേരി പള്ളിയിൽ വഞ്ചിത്തറ ഗീവർഗീസ് കത്തനാർ, തുമ്പമൺ പള്ളിയിൽ കരിങ്ങാട്ടിൽ യാക്കോബ് കത്തനാർ, ചാത്തന്നൂർ പള്ളിയിൽ കാഞ്ഞിരത്തുംമൂട്ടിൽ യാക്കോബ് കത്തനാർ, തേവലക്കര പള്ളിയിൽ മാത്തുണ്ണി കത്തനാർ, വെണ്മണി പള്ളിയിൽ മരത്തുംമൂട്ടിൽ തോമ്മാ കത്തനാർ, കല്ലിശ്ശേരി പള്ളിയിൽ ചെമ്പകശ്ശേരിയിൽ ഉണ്ണിട്ടൻ കത്തനാർ

(റ്റി.സി. ചാക്കോ മാർത്തോമ്മാ സഭാചരിത്ര സംഗ്രഹം ഒന്നാം ഭാഗം പുറം 85)

## വന്ദ്യ ദിവ്യശ്രീ. കൈതയിൽ ഗീവർഗീസ് മൽപ്പാൻ



അബ്രഹാം മൽപ്പാനോടൊപ്പം മലങ്കരയിലെ നവീകരണ പ്രസ്ഥാനത്തിന് നേതൃത്വം നൽകിയ ഗീവർഗീസ് മൽപ്പാൻ പുതുപ്പള്ളി കൈതയിൽ കുടുംബത്തിൽ 1788-ൽ ജനിച്ചു. പ്രാരംഭ വിദ്യാഭ്യാസത്തിന് ശേഷം അബ്രഹാം മൽപ്പാനോടൊപ്പം സുറിയാനിയും വേദവും പഠിച്ച് കശ്ശീശയായി, സെമിനാരിയിലെ മൽപാനായി തീർന്നു.

ശുചീകരണപ്രസ്ഥാനം ആരംഭിക്കുമ്പോൾ കൈതയിൽ ഗീവർഗ്ഗീസ് മൽപാന് 56 വയസ്സായിരുന്നു. ബ്രഹ്മചാരിപട്ടക്കാരനായിരുന്ന മൽപ്പാനച്ചനും സഹോദരൻ കോശി കത്തനാരും പുതുപ്പള്ളി പള്ളിമുറിയിൽ താമസിച്ച് നവീന പ്രവർത്തന ശൈലിയിലൂടെ ചെയ്ത ശുശ്രൂഷ ജനങ്ങളെ ആകർഷിച്ചു. ഒരു ഞായറാഴ്ച ആരാധന മദ്ധ്യേ പ്രൊമ്യോൻ മലയാളത്തിൽ തർജ്ജിമ ചെയ്ത കാരണത്താൽ ഒരു രാത്രി കോശി കത്തനാർ അസൂയാലുക്കളുടെ പ്രേരണയാൽ ദേഹോപദ്രവം ഏൽക്കേണ്ടി വന്നു. താമസിയാതെ കോശി കത്തനാർ മരണമടഞ്ഞു. തുടർന്ന് ഗീവർഗീസ് മൽപാൻ പുതുപ്പള്ളിയോട് എന്നന്നേക്കുമായി വിടപറഞ്ഞ് സ്വദേശമായ കൊല്ലാട്ട് എത്തി. 1837 സെപ്റ്റംബർ 1ന് (ചിങ്ങം 1ന്) അദ്ദേഹം കൊല്ലാടുപള്ളിയിൽ (ഇപ്പോൾ സി.എസ്.ഐ. പള്ളി) 15 നോമ്പുദിന ആരംഭത്തിൽ മലയാളത്തിൽ വിശുദ്ധ കുർബ്ബാന ചൊല്ലി മലങ്കരസഭയിലെ നവീകരണത്തിന് തുടക്കം കുറിച്ചു. ധീരോദാത്തമായ ഈ പ്രവർത്തനം പുതുപ്പള്ളി, കൊല്ലാട്, വാകത്താനം എന്നീ ഇടവകകളുടെ ചുമതലയിലായിരുന്ന കൈതയിൽ മൽപ്പാന് കടുത്ത എതിർപ്പ് നേരിടുന്നതിന് ഇടയായി.

പിന്നീട് കുറിച്ചി, കല്ലുപ്പാറ, കുന്നംകുളം എന്നീ മേഖലയിൽ നവീകരണ പ്രസ്ഥാനത്തെ വളർത്തിയെടുത്ത മൽപ്പാനച്ചൻ തക്സാ പരിഷ്കരണത്തിലും സുറിയാനി ക്രിസ്ത്യാനികളുടെ സാമൂഹ്യ ധാർമ്മിക നിലവാരം ഉയർത്തുന്നതിലും, പ്രസംഗം, ഉപദേശം എന്നിവയിലൂടെ ഉത്തമ നേതൃത്വം നൽകി.

തോമസ് മാർ അത്താനാസിയോസ് തിരുമേനി സെമിനാരിയിൽ താമസിച്ച് ചുമതല വഹിക്കുന്ന കാലത്ത് മൽപാനച്ചൻ പ്രധാന അദ്ധ്യാപകനായിരുന്നു. സെമിനാരി കേസ് 14 സംവത്സരം നീണ്ടു നിന്നപ്പോൾ സെമിനാരി പഠനവും മുടങ്ങിയിരുന്നു. ഈ കാലയളവിൽ പരുമല തിരുമേനിയുടെ നേതൃത്വത്തിലും ഉത്സാഹത്തിലും അരികുപുറത്ത് ശ്രീ മാത്തൻ ദാനം ചെയ്ത പരുമലയിൽ വൈദീകാഭ്യസനം അവർ ആരംഭിച്ചു. ഈ കാലയളവിൽ സെമിനാരി സൂക്ഷിപ്പുകാരൻ എന്ന നിലയിൽ മൽപ്പാനച്ചൻ പഴയ സെമിനാരിയിൽ താമസിച്ചു വന്നു.

ഏബ്രഹാം മൽപ്പാനച്ചൻ ദീനമായി കിടന്നപ്പോൾ വിശുദ്ധ കുർബ്ബാന അനുഭവിക്കുന്നതിനെക്കുറിച്ച് ആരാഞ്ഞപ്പോൾ - താൻ കുർബ്ബാന അനുഭവിച്ചിട്ട് 40 ദിവസത്തിലധികം ആയിട്ടില്ല എന്നും കൈതയിൽ അച്ചൻ വന്ന് ചൊല്ലിയാൽ അനുഭവിക്കുന്നതിന് വിരോധം ഇല്ലെന്നും പറഞ്ഞിരുന്നു. അവർ തമ്മിലുള്ള ആത്മബന്ധത്തിന്റെ ശക്തി മരണംവരെ ഇരുവരും കാത്തുസൂക്ഷിച്ചിരുന്നു.

1025 വൃശ്ചികം 19ന് തോമസ് മാർഅത്താനാസിയോസ് മെത്രാപ്പോലീത്താ നമ്മുടെ വികാരിക്ക് വാഴ്വ് എന്ന പേരിൽ എഴുതിയ കത്തിൽ ഇപ്രകാരം പറയുന്നു. "സെമിനാരിയിൽ പഠിത്തമില്ലാതെയും സ്ഥലമെല്ലാം ഇടിഞ്ഞും തകർന്നും പാലം ജീർണ്ണിച്ചും കെടക്കുന്നു. ഇവകൾക്കെല്ലാം നാം എന്തു ചെയ്യണം എന്ന് ആലോചിച്ച് ഉറയ്ക്കുന്നതിന് ഇത്രടം വരണം" ഈ കാലയളവിൽ സെമിനാരിയിൽ താമസിച്ച് മൽപ്പാനച്ചൻ തന്റെ കാലം പൂർത്തിയാക്കി. അഗാധ പാണ്ഡിത്യം, ധൈര്യം, ദൈവഭക്തി, സഭാസ്നേഹം മുതലായ സദ്ഗുണങ്ങളുടെ ഉടമയായിരുന്ന മൽപ്പാനച്ചൻ 1855 മേയിൽ ദിവംഗതനായി. കോട്ടയം സെമിനാരി ചാപ്പലിനോടുചേർന്ന് അദ്ദേഹത്തെ കബറടക്കി.

# വിദ്യാഭ്യാസം – മാറേണ്ട കാഴ്ചപ്പാടും, നേടേണ്ട മൂല്യങ്ങളും



**ഷീബാ വർഗ്ഗീസ്**
മാർത്തോമ്മാ ഹയർസെക്കൻഡറി സ്കൂൾ, പത്തനംതിട്ട

ഭൗതീക ജീവിതം മെച്ചപ്പെട്ടു കിട്ടാനുള്ള ഒരു സഹായ സംവിധാനം മാത്രമായി ആത്മീയത മാറുമ്പോൾ മൂല്യാധിഷ്ഠിത വിദ്യാഭ്യാസം നിർബന്ധമാക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നു.

**മനുഷ്യജീവിതം – എന്തിനു വേണ്ടി ?**

വേദപുസ്തക കാഴ്ചപ്പാടിൽ മനുഷ്യൻ നിത്യതയ്ക്കു വേണ്ടി സൃഷ്ടിക്കപ്പെട്ടവനാണ്. അല്ലാതെ അല്പകാലം ഈ ഭൂമിയിൽ പാർത്ത് എന്നന്നേക്കുമായി മൺമറയേണ്ടവനല്ല. അതാണ് ഏദൻ പറുദീസയിൽ ദൈവം മനുഷ്യനു നൽകിയ വാഗ്ദത്തം "നിങ്ങൾ സന്താന പുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞ് അതിനെ അടക്കി......... വാഴുവിൻ" (ഉല്പത്തി: 1:28)

പാപത്താൽ നഷ്ടപ്പെട്ടുപോയ പറുദീസയിൽ നിത്യജീവൻ തിരികെ നേടിത്തരുവാനാണ് ദൈവം തന്റെ ഏക പുത്രനെ ഭൂമിയിലേക്ക് അയച്ചത്. യേശുവിന്റെ കുരിശുമരണത്താൽ സാധ്യമായ നിത്യജീവനിലേക്കുള്ള പ്രവേശനം പ്രാപിച്ചെടുക്കുക എന്നതാണ് മനുഷ്യൻ ഈ ഭൗമീക ജീവിതത്തിലൂടെ നേടേണ്ടത്. നമ്മുടെ ശരിയായ പ്രവർത്തനങ്ങളും പ്രതിപ്രവർത്തനങ്ങളും പ്രതികരണങ്ങളും മൂലം ഈ വാഗ്ദത്തം സ്വന്തമാക്കുന്നതിനായാണ് മനുഷ്യജീവിതം.

**ഭൗമീക ജീവിതം – അർത്ഥവും ആഴവും**

അതിരുകൾ വിസ്താരമാക്കപ്പെട്ട ഏദനാൽ നിറയുക അഥവാ സർവ്വഭൂമിയിലും ഏദനിലെ അനുഭവം ഉരുവാക്കുക ഇതായിരുന്നു ഭൂമിയെക്കുറിച്ചുള്ള ദൈവോദ്ദേശ്യം. ഇതാണ് ദൈവരാജ്യത്തിന്റെ അനുഭവം. ദൈവം ഭരിക്കുന്ന ഇടം ദുഃഖമോ, മരണമോ, മുറവിളിയോ, കഷ്ടതയോ, കണ്ണുനീരോ ഇല്ലാത്ത രാജ്യം- ദൈവരാജ്യം. സാത്താന്റെ പ്രലോഭനത്താൽ പാപം ചെയ്ത ആദിമനുഷ്യനാൽ ഭൂമി ശാപഗ്രസ്തമായി, ദൈവരാജ്യം അതിന്റെ സമ്പൂർണ്ണ അർത്ഥത്തിൽ ഭൂമിയിൽ നിറവേറ്റപ്പെട്ടില്ല. ആദിമനുഷ്യന്റെ പാപം തലമുറകളിലൂടെ വ്യാപിച്ച് സർവ്വ മനുഷ്യരും പാപികളും ദൈവരാജ്യത്തിനന്യരുമായി . എന്നാൽ ഒരിക്കലും മാറിക്കൂടാത്ത ദൈവവചനം പൂർത്തിയാകേണ്ടിയിരിക്കുന്നു. ദൈരാജ്യം സ്ഥാപിക്കപ്പെടണം. ഈ ലോകജീവിതത്തിൽ യേശുക്രിസ്തുവിലൂടെ അർഹത നേടുവാൻഅതിലെ പ്രജകളായിത്തീരണം. അതിനുള്ള അവസരം ഈ ഭൗമീക ജീവിതത്തിൽ നമുക്കായി തുറന്നിട്ടിരിക്കുന്നു. വാസ്തവത്തിൽ ദൈവീക പദ്ധതിയനുസരിച്ച് ജീവിക്കുന്നതിലൂടെ നമുക്ക് വാഗ്ദത്തം നേടാവുന്നതാണ്. അതുകൊണ്ട് ഭൗമീക ജീവിതം അർത്ഥവത്താണ്.

ദൈർഘ്യമേറിയതൊ കുറഞ്ഞതോ ഒക്കെയായ നമ്മുടെ ജീവിതയാത്രയ്ക്ക് ലക്ഷ്യമൊന്നേയുള്ളൂ നിത്യജീവൻ പ്രാപിക്കുക അഥവാ ദൈവരാജ്യത്തിൽ പ്രവേശിക്കുക. എന്നാൽ ഈ യാത്രാ മദ്ധ്യേ നമുക്ക് അനുഭവവേദ്യമാകുന്ന ജീവിതയാഥാർത്ഥ്യങ്ങളുണ്ട്. ഭിന്നസ്വഭാവങ്ങൾ പ്രദർശിപ്പിക്കുന്ന, വ്യത്യസ്ഥ അനുഭവങ്ങൾ പ്രദാനം ചെയ്യുന്ന ലോകത്തെ നമുക്ക് അഭിമുഖീകരിച്ചേതീരൂ. അതിനുള്ള വിദ്യകളും പരിശീലനങ്ങളും നാം നേടേണ്ടിയിരിക്കുന്നു. അത് വിരൽ ചൂണ്ടുന്നത് വിദ്യാഭ്യാസത്തിന്റെ പ്രധാന്യത്തിലേക്കാണ്.

**വിദ്യാഭ്യാസം – ഇന്നത്തെ കാഴ്ചപ്പാട്**

ഇന്ന് വിദ്യാഭ്യാസം നേടുന്നത് ഏറ്റവുമധികം പ്രതിഫലം ലഭിക്കുന്ന ഒരു തൊഴിൽ കിട്ടുക എന്ന ഉദ്ദേശത്തോടെയാണ്. സെക്കുലർ വിദ്യാഭ്യാസത്തെ ജീവിതത്തിന്റെ മുഖ്യലക്ഷ്യമായാണ് ഇന്ന് മാതാപിതാക്കൾ കാണുന്നത്. അതിനുഭംഗം വരാതെ കുഞ്ഞുങ്ങൾ 'നേർപാതയിൽ' കൂടി പോകുവാൻ വേണ്ടിഅവരെ സൺണ്ടേസ്കൂളിൽ അയ്ക്കുന്നു. നമ്മുടെ പ്രാർത്ഥനകൾപോലും കുഞ്ഞുങ്ങളുടെ ഭൗതീക ഭാവി സുരക്ഷിതമാക്കാൻ വേണ്ടി മാത്രമാണ്. തങ്ങളുടെ മക്കൾ ആത്മീയ പ്രബുദ്ധത നേടാൻ ഒരു രക്ഷാകർത്താവും പ്രാർത്ഥിക്കുന്നില്ല. ഭൗതിക ജീവിതം മെച്ചപ്പെടുത്താൻ വേണ്ടിയുള്ള ഒരു സഹായസംവിധാനം (Supporting System) ആയി മാത്രം ആത്മീയതയും പ്രാർത്ഥനയും മാറിയിരിക്കുന്നു.

ഇവിടെ നമുക്ക് തിരിച്ചറിവാവശ്യമായിരിക്കുന്നു. നമ്മുടെ നിത്യജിവനിലേക്കുള്ള പ്രയാണത്തെ സഹായിക്കുന്ന ആത്മീയതയുടെ സഹായസംവിധാനം മാത്രമാണ് നമ്മുടെ ഭൗതീകജീവിതവും അവിടെ നാമനുഷ്ഠിക്കുന്ന തൊഴിലുകളും നാം നേടുന്ന വിദ്യാഭ്യാസവുമൊക്കെ.

**വിദ്യാഭ്യാസം – എങ്ങനെയാകണം ?**

മുൻപറഞ്ഞപ്രകാരം പരമായ ലക്ഷ്യപ്രാപ്തിയെ (നിത്യജീവൻ) സഹായിക്കുന്നതരത്തിൽ അങ്ങേയറ്റം സൂക്ഷ്മതയോടും ചിന്തിച്ചും തെരഞ്ഞെടുക്കേണ്ടതാണ്, ഉന്നത വിദ്യാഭ്യാസ-തൊഴിൽ മേഖലകൾ. ഓർക്കുക എല്ലാ വിദ്യയും എല്ലാ തൊഴിലും നിത്യജീവൻ പ്രാപിക്കാൻ നമ്മെ സഹായിക്കില്ല. ചില മേഖലകളിലെ മൂല്യഘടനകൾ ദൈവരാജ്യമൂല്യങ്ങളുമായി പൊരുത്തപ്പെടുന്നില്ല ഇതിനർത്ഥം നമ്മുടെ മക്കൾ കഴിവുകെട്ടവരും സാങ്കേതിക ജ്ഞാനവും സാമൂഹിക ബോധമില്ലാത്തവരും ആകണമെന്നല്ല. സ്കൂൾ വിദ്യാഭ്യാസത്തിൽ തന്നെ അവരിലെ സകല സർഗ്ഗവാസനകളും, കലാഭിരുചികളും പരിപോഷിപ്പിക്കപ്പെട്ടിരിക്കണം. അതേ സമയം ഏറെ ശ്രദ്ധിക്കേണ്ടുന്ന ഒരു കാര്യം കലാ മേഖലകൾ തെരഞ്ഞെടുക്കുമ്പോൾ ക്രൈസ്തവ മാന്യതയ്ക്കു ചേരുന്ന കലാരൂപങ്ങൾ മാത്രമേ



കുഞ്ഞുങ്ങളെ അഭ്യസിപ്പിക്കാവൂ. അന്യദേവസ്തുതികൾ ഉൾപ്പെടുന്നതും പഴയ ക്ഷേത്രകലകളുടെ പിന്തുടർച്ചയായുള്ളതും ദേവദാസീനൃത്തങ്ങളെ അനുകരിക്കുന്നതുമൊക്കെയായവ നാം ഒഴിവാക്കേണ്ടതാണ്. നമ്മുടെ കലാരൂപങ്ങളെ ഒന്നവലോകനം ചെയ്യുക.തിരുവാതിര കളിയുടെ പദങ്ങൾ ശ്രദ്ധിച്ചാൽ മനസ്സിലാകും ഗോപികമാരും കൃഷ്ണനും കൂടിയുള്ള ലീലാ വിലാസങ്ങളാണതിൽ. ലളിതസംഗീതത്തിലെ ദേവവർണ്ണനകളും മറ്റും എടുത്തു പറയേണ്ടതാണ്. ഭരതനാട്യം, കുച്ചിപ്പുടി മുതലായ അകേരളീയ നൃത്തരൂപങ്ങളും, കേരളത്തിന്റെ തനതുകലയായ കഥകളിയും ഇപ്രകാരം പുരാണകഥാവതരണങ്ങളാണ്.ക്രൈസ്തവ സാഹിത്യം (ദൈവരാജ്യ മൂല്യങ്ങൾക്കു നിരക്കുന്ന കൃതികൾ) ഇത്തരം കലകളിലൂടെ ആവിഷ്ക്കരിക്കാമെന്നിരിക്കെ അതിനുള്ള ഗൗരവമായ നീക്കങ്ങളൊന്നും നടക്കുന്നില്ല എന്നുള്ളതും പ്രസ്താവ്യമാണ്. അതേസമയം നാടകം, മൂകാഭിനയം, സ്കിറ്റ്, ഏകാഭിനയം തുടങ്ങിയവ ഏറ്റവും നല്ല ബോധവൽക്കരണ, സാമൂഹിക കലാരൂപങ്ങളുമാണ്. ഒരു വിധത്തിലും, അറിഞ്ഞോ അറിയാതെയോ നമ്മുടെ കുഞ്ഞുങ്ങൾ അന്യദൈവാരാധന നടത്താതിരിക്കട്ടെ. ഇന്ന് പടർന്നു ബാധിച്ചിരിക്കുന്ന റിയാലിറ്റിഷോ ജ്വരം പുതുതലമുറയെ കുറച്ചൊന്നുമല്ല സ്വാധീനിച്ചിരിക്കുന്നത്. സംഗീതത്തിൽ വിഷം കലർത്തി നടത്തുന്ന, ഭാഷയിൽ മായം കലർത്തുന്ന ഇത്തരം പരിപാടികൾ പുതുതലമുറയെ അല്പവസ്ത്രധാരികളായ അമാന്യരാക്കി മാറ്റുന്നു. അശുദ്ധമായ ഒരു തലമുറ അഴുകി ദ്രവിച്ച സംസ്കാരത്തിന്റെ ചിഹ്നങ്ങളായി വളരുവാൻ നാമനുവദിച്ചുകൂടാ.

കലാ മേഖലകൾ തെരഞ്ഞെടുക്കുമ്പോൾ ക്രൈസ്തവ മാന്യതയ്ക്കു ചേരുന്ന കലാരൂപങ്ങൾ മാത്രമേ കുഞ്ഞുങ്ങളെ അഭ്യസിപ്പിക്കാവൂ. അന്യദേവസ്തുതികൾ ഉൾപ്പെടുന്നതും പഴയ ക്ഷേത്രകലകളുടെ പിന്തുടർച്ചയായുള്ളതും ദേവദാസീനൃത്തങ്ങളെ അനുകരിപ്പിക്കുന്നതുമൊക്കെയായവ നാം ഒഴിവാക്കേണ്ടതാണ്.

തൊഴിൽ രംഗത്തേക്കു ശ്രദ്ധിച്ചാൽ കൈക്കൂലി വാങ്ങാതെ കൈ കുടഞ്ഞു കളയുന്ന, ദുരാദായം വെറുക്കുന്ന ഒരു തലമുറ വളർന്നു വരണം. ഏൽപ്പിക്കപ്പെട്ട ഉത്തരവാദിത്വങ്ങൾ കൃത്യമായി ചെയ്യുന്ന, നിയമങ്ങൾ പാലിക്കുന്ന, വിശുദ്ധിയുടെ കൊടികൾ നമ്മുടെ തൊഴിൽ മേഖലകളിലുണ്ടാകണം, അത് ക്രൈസ്തവ ദൗത്യമാണ്. നമ്മുടെ വിദ്യാഭ്യാസ ശ്രമങ്ങൾ ലക്ഷ്യം വെക്കേണ്ടുന്നതും അതാണ്.

എണ്ണത്തിൽ കുറഞ്ഞവരെങ്കിലും ഒരു വിശുദ്ധ തലമുറയെ വാർത്തെടുക്കാൻ നമുക്ക് കഴിയണം. അത് ആദ്യം എന്റെ കുഞ്ഞുങ്ങളിലും എന്റെ കുടുംബത്തിലും എന്ന ചിന്ത നമ്മിലുണ്ടാകട്ടെ. വേദപുസ്തക പഠനം ശൈശവം മുതൽ ചിട്ടയായി നടത്തി വചനത്തിൽ പ്രാവീണ്യമുള്ളവരും ഉപദേശിപ്പാൻ സമർത്ഥരും ജീവിതം തന്നെ ഉപദേശമാക്കി മാറ്റിയവരുമായിത്തീരണം നമ്മുടെ മക്കൾ എഴുതാനും, വരയ്ക്കാനും, ചിന്തിക്കാനും, പ്രഭാഷണങ്ങൾ നടത്താനുമൊക്കെ കെല്പുള്ള സാമൂഹ്യ ബോധമുള്ള ഒരു തലമുറ വളർന്നുവരട്ടെ. ഒപ്പം അവർ തങ്ങളുടെ ജന്മവാസനകൾക്കനുസരിച്ച് യോഗ്യമായ വിദ്യാഭ്യാസം നേടി യോജിച്ച തൊഴിൽ മേഖലയിൽ പ്രവേശിക്കട്ടെ.

അങ്ങനെ ദൈവരാജ്യം പ്രഘോഷിക്കുന്ന മറ്റുള്ളവരെകൂടി നിത്യജീവന്റെ അനുഭവത്തിലേക്കാനയിക്കുന്ന ഒരുപറ്റം പ്രൊഫഷണലുകൾ നമുക്കുണ്ടാകണം. നമ്മുടെ കുട്ടികൾ ദൈവവഴിയിലെ സഞ്ചരിക്കുന്ന മാതൃകകളാകട്ടെ.

# വരും തലമുറയെ രൂപപ്പെടുത്തുമ്പോൾ....?

ജോസ് കാത്താടം

വിശ്വാസത്തിന്റെ പേരിൽ സമൂഹത്തിൽ നിന്നും മാറി നിൽക്കണോ നമ്മുടെ കുട്ടികൾ ? ഇഴപിരിയാനല്ല ഇഴചേരാൻ പഠിപ്പിക്കുക കുട്ടികളെ. വിദ്യാഭ്യാസത്തെ കുറിച്ചുള്ള ഒരു വ്യത്യസ്ത കാഴ്ചപ്പാട്.

ഭൗതികതയെ അതി ഭൗതികത ഗ്രസിക്കുന്ന കാലം. മോഹത്തെ മോഹഭംഗം കീഴ്പ്പെടുത്തുന്നു. നന്മയെ നശിപ്പിക്കുന്ന തിന്മയല്ല ഇതിന്റെ പ്രശ്നം. തിന്മയെ വിഴുങ്ങുന്ന വലിയ തിന്മ - പിന്നെ വലിയ തിന്മകൾ മാത്രം ബാക്കിയാകുന്നു. ദാരുണമായ ഒരന്ത്യത്തിനു കാതോർക്കുന്ന ഒരു ജനത, ലക്ഷ്യം തന്നെ ഇല്ലാതായ ഒരു തലമുറ. ജീവൻ നിലനിർത്താനും ജീവിക്കാനുമല്ല. ജീവനെയും ജീവിതത്തെയും ഇല്ലാതാക്കുവാൻ ശീലിപ്പിക്കുന്ന ഒരു തലമുറ.

**എന്തേ ഈ തലമുറ ഇങ്ങിനെ ?**

മുതിർന്ന തലമുറ കുറ്റം ഏറ്റെടുത്തേ മതിയാകൂ. വേണ്ടുന്നതു നല്കി വളർത്താതെ വേണ്ടാത്തതു കൊണ്ട് പോഷിപ്പിച്ചു എന്നകുറ്റം. മത്സരിക്കാനും ജയിക്കാനും മാത്രം ശീലിപ്പിച്ചു എന്നകുറ്റം. ഒരു ചെറിയ തോൽവിയെപ്പോലും നേരിടാൻ അവരെ പ്രാപ്തരാക്കിയില്ല എന്ന കുറ്റം. ക്ഷമിക്കാനും, സ്നേഹിക്കാനും, പങ്കിടാനും ശീലിപ്പിച്ചില്ല എന്ന കുറ്റം.

നമ്മുടെ കുഞ്ഞുങ്ങളെ വരുംകാല ദുരന്തങ്ങളിൽ നിന്നും രക്ഷിക്കുവാൻ അവർ നടക്കേണ്ടുന്ന വഴികളിൽ അവരെ അഭ്യസിപ്പിക്കുക. വഴിയിൽ പട്ടുപോകാതെ പൊന്നോമനകളെ രക്ഷിക്കുവാൻ നാം ശ്രമിക്കേണ്ടിയിരിക്കുന്നു.

'ആകാത്ത ഫലം ഭക്ഷിച്ച്' ഏദനിൽ നിന്നും പുറത്തേക്ക് പോന്ന മാനവകുലം ദൈവസാമിപ്യമുള്ള ഏദന്റെ അനുഭവത്തിലേക്കു മടങ്ങിപ്പോകുവാൻ - രക്ഷപ്രാപിക്കുവാൻ ലഭിക്കുന്ന അവസരമാണ് ഓരോരുത്തരുടേയും ഭൗതീകജീവിതം. മനുഷ്യൻ അവനവന് അനുവദിച്ചു കിട്ടുന്ന ആയുഷ്ക്കാലം അവൻ ആയിരിക്കുന്ന അവസ്ഥയിൽ എത്ര ഫലകരമായി ഉപയോഗിക്കുന്നു എന്നതിനെ ആശ്രയിച്ചാകും അർഹത തീരുമാനിക്കപ്പെടുക. 'രക്ഷ' ദാനം എന്നാകിലും നാം അതിനു പാകപ്പെടുമ്പോൾ മാത്രമേ നമുക്കു രക്ഷ പ്രാപ്തമാകൂ. ആത്മീയതയേയും ഭൗതീകതേയും വേർപിരിച്ച് വ്യാഖ്യാനിച്ചു രണ്ടിന്റേയും വില കുറയാതെ ഇവ പരസ്പര പൂരകമാകുമ്പോഴേ ദൈവത്തിനു ഹിതകരമായി ഫലം കായ്ക്കാനാവൂ. സ്വാഭാവികമായും ഭൂമിയിലെ ജീവിതം ജീവിച്ചു തീർക്കുവാൻ ജീവിത സാഹചര്യങ്ങളെ വേണ്ടതുപോലെ തിരിച്ചറിയാനും ആരോഗ്യകരമായി സമീപിക്കുവാനും കഴിയണം. അറിവും അറിവു അനുഭവമാക്കുവാനുള്ള പരിശീലനവും വേണം.

അന്വേഷണവും പഠനവും പ്രസക്തമാകുന്നതിവിടെയാണ്. പൊതു വിദ്യാഭ്യാസത്തിനപ്പുറത്തേക്കു വളരേണ്ടുന്ന ഒരു അഭ്യസനം. അക്ഷരങ്ങളും അക്കങ്ങളും അടുക്കിവെച്ച് അതിനു മൂല്യനിർണ്ണയം നടത്തി വ്യക്തികളെ മൂല്യവർദ്ധിത വസ്തുവാക്കി വിലയ്ക്കു വയ്ക്കാനുള്ള ശ്രമത്തെ വിദ്യാഭ്യാസം എന്നു വിളിച്ചുകൂടാ. വിവേകാന്ദൻ പറയുന്നു.

"നാം പുതുതായി ഒന്നും പഠിക്കുന്നില്ല, നമ്മുടെ ഉള്ളിലെ അറിവുകളെ ഉണർത്തുക മാത്രമാണ് ചെയ്യുന്നത്.

ജഗദ് നീയന്താവായ ദൈവവും, പ്രകൃതിയും, മനുഷ്യനും ഒരേ ചങ്ങലയിലെ കണ്ണികളാകുമ്പോൾ അതങ്ങിനെ ആകാനെ തരമുള്ളൂ."

നന്മയും തിന്മയും, സത്തും അസത്തും, ഇരുളും വെളിച്ചവും എല്ലാം നമ്മിൽ തന്നെയുണ്ട്. സമഗ്രമായ ഒരു ദർശനബോധത്തിൽ പാകപ്പെടുവാൻ മനസ്സിനേയും ശരീരത്തേയും അനുവദിക്കുമ്പോൾ അറിവ് ബോധമായി, വെളിച്ചമായി, അനുഭവമായി, ജ്ഞാനമായി ഉണരും. 'യഹോവ ഭക്തി ജ്ഞാനത്തിന്റെ ആരംഭം' എന്ന തിരിച്ചറിവും നമുക്കുണ്ടാകും.

ഇവിടെ മറ്റൊരു ചോദ്യം പ്രസക്തമാകുന്നു; നാം എന്തൊക്കെ പഠിക്കണം? പഠിപ്പിക്കണം? ലാഭം കൊയ്യാനുള്ള അറിവുമാത്രം മതിയോ ? അതോ ഓരോരുത്തരിലും ഉള്ളടങ്ങിയിരിക്കുന്ന നൈസർഗ്ഗീകഭാവങ്ങളെയും സർഗ്ഗവാസനകളേയും പോഷിപ്പിക്കേണ്ടതുണ്ടോ ? പാട്ടും, നൃത്തവും നടനവും, ചിത്രരചനയും എന്തിനു ഒരു നല്ല കറിയുണ്ടാക്കുന്നതും എല്ലാം ആത്മാവിഷ്ക്കാ

രത്തിനുതകുന്ന അംശങ്ങളാണ് അത്തരത്തിലുള്ള എല്ലാറ്റിനേയും ഉണർത്തണം. ഈ സത് ഭാവങ്ങൾക്കു തിന്മയ്ക്കുമേൽ അധീശത്വം ഉണ്ടാകണം. പൊയ്മുഖങ്ങൾ അഴിച്ചുവെച്ച് സ്വയം പ്രകാശനത്തിനു ഈ സുകുമാരകലകൾ സഹായിക്കും. മനഃസംസ്കരണത്തിനും കാരണമാകും



***താളത്തിൽ ചുവടുവെച്ച് ഒരു പദമാടുമ്പോൾ മനസ്സും ശരീരവും ഒന്നാവുകയാണ്-ഒരു ധ്യാന നിറവിൽ മറ്റെല്ലാം മറക്കുകയാണ്. ഈ അവസ്ഥ ദൈവീകസാന്നിദ്ധ്യമാണ്. അതിനുപയോഗിക്കുന്ന സാഹിത്യം ഏതോ ദേവസ്തുതി എന്നതുകൊണ്ടുമാത്രം നാം വിലക്കാമോ ?*** വിശ്വാസിയല്ലാത്ത ഒരുവൻ ദേവനാമം ഉച്ചരിക്കുമ്പോൾഅത് ഒരു വ്യക്തിയെ അതല്ലെങ്കിൽ കഥാപാത്രത്തെ പരിചയപ്പെടുത്തുവാൻ ഉപയോഗിക്കുന്ന ഒരു നാമം മാത്രം. പ്രാർത്ഥന പ്രാർത്ഥനയാകുന്നത് ഉള്ളിലുണരുമ്പോൾ മാത്രമാണ്. അല്ലെങ്കിൽ അത് കടലാസിലുറങ്ങുന്ന അക്ഷരമോ അതിന്റെ പാരായണമോ മാത്രമാണ്.


നാം ജീവിക്കുന്ന ചുറ്റുപാടുകളിൽ നമുക്കു സ്വീകാര്യമല്ലാത്ത പല വിശ്വാസവും ആചാരങ്ങളുമുണ്ടാകും അതിനോടു നാം അസഹിഷ്ണത കാണിച്ചിട്ടു കാര്യമില്ല. ഈ സാഹചര്യങ്ങളിലേക്ക് നമ്മുടെ കുഞ്ഞുങ്ങളെ പറഞ്ഞുവിടുമ്പോൾ ഇവയിൽ നിന്നൊക്കെ അകന്നു നിൽക്കാൻ മാത്രം പറഞ്ഞു പഠിപ്പിച്ചാൽ അവന്റെ ജീവിതം അലഞ്ഞുതീരും . അറിവിന്റെ ഒരു തിരിവട്ടം കൊടുത്ത് അതിനെ അഭിമുഖീകരിക്കുമ്പോൾ അവനെ പ്രാപ്തനാക്കിയാൽ സ്വന്തം വിശ്വാസം കൂടുതൽ തീഷ്ണതയോടെ നിലനിർത്താൻ അവനു കഴിയും.

തലകുടഞ്ഞ് ദേഹം വിറപ്പിച്ച് അർത്ഥമില്ലാത്ത ജൽപനങ്ങൾ കൊണ്ടു തന്നിലെ ആത്മാവിന്റെ സാന്നിദ്ധ്യം ബോദ്ധ്യപ്പെടുത്തുവാൻ ശ്രമിക്കുന്നവർ മുടിയാട്ടം പോലെയുള്ള ചില അനുഷ്ഠാന കലകളെ അനുകരിക്കുകയാണെന്നു തിരിച്ചറിയാൻ കഴിഞ്ഞാൽ ഈ കപടനാട്യങ്ങൾ നമ്മുടെ കുഞ്ഞുങ്ങളെ വശീകരിക്കുകയില്ല. ഈ നാടിന്റെ സംസ്കൃതിയും പൈതൃകവും നമ്മുടെ കുഞ്ഞുങ്ങളറിയട്ടെ ആ അറിവിലൂടെ നമുക്കു ചുറ്റും ജീവിക്കുന്നവരെ മനസ്സിലാക്കി ഇടപെടട്ടെ ! സ്വന്തം വിശ്വാസത്തിന്റെ മികവു തിരിച്ചറിയട്ടെ.

സർവ്വത്തിനും നാഥനായ രാജാധി രാജാവായ, മരണത്തെയും ജയിച്ച കർത്താധികർത്താവായ ദൈവപുത്രനിൽ വിശ്വസിക്കുന്ന നാം എന്തിനു ആൾ ദൈവങ്ങളേയും അല്പദൈവങ്ങളേയും ഭയക്കണം. അറിവിന്റെ മുഖത്തു നിന്നും മാറ്റിനിർത്തുകയല്ല, ഒരോ അറിവിനേയും എങ്ങിനെ ആരോഗ്യകരമായി സമീപിക്കാം, ഓരോ കാഴ്ച്ചയേയും സമഗ്രമായി എങ്ങനെ വ്യാഖ്യാനിക്കാം എന്ന് അവരെ പഠിപ്പിക്കണം; ഒളിച്ചോടാനല്ല - അഭിമുഖീകരിക്കാൻ. ഒരറിവിൽ നിന്നും നമുക്ക് അവരെ അകറ്റി നിർത്താനാവില്ല. ഒരറിവും ഒരു കാഴ്ചയും അവർക്കന്യമല്ല. ഒരു വിരൽ തുമ്പിന്റെ ചലനത്തിൽ എല്ലാം അവർക്കു മുന്നിലെത്തും. ആവർത്തിച്ചു പറയുക ഒഴിഞ്ഞു നില്ക്കാനും ഒളിച്ചോടാനുമല്ല ആരോഗ്യകരമായി അഭിമുഖീകരിക്കാനും പ്രതികരിക്കുവാനും അവരെ ശീലിപ്പിക്കുകയാണ് വേണ്ടത്.

നമുക്കു നമ്മുടെ വിശ്വാസത്തിൽ ഉറച്ചു നിൽക്കാൻ നല്ല മാതൃകയാകാൻ കഴിയാത്തതാണു പ്രശ്നം. നമ്മുടെ പരമപരിശുദ്ധ വേഷത്തെ അവർ സംശയത്തോടെ നോക്കുന്നു. പ്രാർത്ഥനയും ആരാധനയും പൊടിപൊടിക്കുമ്പോഴും നിത്യ ജീവിതവഴികളിൽ, സ്വകാര്യ ഇടപാടുകളിൽ സത്യസന്ധരല്ലാതാകുമ്പോൾ അവർ നമ്മുടെ വിശ്വാസത്തെ ഭക്തിയെ സംശയിക്കുവാൻ തുടങ്ങുന്നു ക്രമേണ തങ്ങളിൽ വിശ്വാസം ജനിപ്പിക്കുവാൻ കഴിയുന്നവരെ അവർ തേടിപ്പോകും അവർ വ്യാജന്മാരായാൽപ്പോലും. സ്വയം ദൈവങ്ങളെ സൃഷ്ടിക്കും അവർ തന്നെ സംഹാരകന്മാരുമാകും. അങ്ങിനെയൊന്നും ഭവിക്കാതിരിക്കട്ടെ. നന്മ നഷ്ടമാകാത്ത, സ്വന്തം സഹോദരന്റെ രക്തത്തിനായി പതിയിരിക്കാതെ സ്വന്തം മുഖം ദൈവത്തിന്റെ മുഖമായി മറ്റുള്ളവർ കാണുന്ന ഒരു തലമുറയ്ക്കുവേണ്ടി പ്രാർത്ഥിക്കാം അവർക്കു നല്ല മാതൃകകളായി നിന്നു വഴികാട്ടാൻ നമുക്ക് കഴിയണേ എന്നു പ്രാർത്ഥിക്കാം. നാം തിരിച്ചറിയുക; വിദ്യാഭ്യാസവും മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളും തനിക്കു മാത്രം ലഭിച്ചതുകൊണ്ട് ജീവിതം സുരക്ഷിതമല്ല. തന്റെ മകളുടെ മാനവും താലിയും അയലത്തെ കുട്ടിയുടെ മനോഭാവവുമായി ബന്ധപ്പെട്ടു കൂടിയിരിക്കുന്നു. അതിനാൽ നന്മ വളരേണ്ടതും അനുഭവിക്കേണ്ടതും അയൽക്കാരനും കൂടിയാകണം.

# ഈശോ മാർ തിമൊഥെയോസ് സ്പിരിച്വാലിറ്റി സെന്റർ



സ്പിരിചാലിറ്റി സെന്ററിന്റെ പ്രാരംഭകാല പ്രവർത്തന പങ്കാളിയും ഫിലിപ്പോസ് മാർ ക്രിസോസ്റ്റം സഫ്രഗൻ മെത്രപ്പോലീത്താ സപ്തതി മിഷൻ കൺവീനറും അക്കാലത്തെ അടൂർ ഇമ്മാനുവേൽ ഇടവക വികാരിയും ആയിരുന്ന **റവ. പി.എൻ. അലക്സാണ്ടർ** പങ്കുവയ്ക്കുന്ന ഓർമ്മകൾ.

സർവ്വശക്തനായ ദൈവത്തിന്റെ ഒരു വിശേഷാൽ ദാനവും അനുഗ്രഹവുമാണ് അടൂർ ഹെർമ്മോൻ അരമനയ്ക്ക് സമീപമുള്ള ഈശോ മാർ തിമോഥെയോസ് സ്മാരക ധ്യാനകേന്ദ്രം. ഇപ്പോഴത്തെവലിയ മെത്രാപ്പോലിത്താ, ഫിലിപ്പോസ് മാർക്രിസോസ്റ്റം സഫ്രഗൻ മെത്രാപ്പോലീത്ത, അടൂർ - മാവേലിക്കര ഭദ്രാസനത്തിന്റെ ചുമതലയിലായിരുന്ന 1987 കാലഘട്ടത്തിൽ ഭദ്രാസനമായി അദ്ദേഹത്തിന്റെ സപ്തതി ആഘോഷിക്കുന്ന സന്ദർഭമുണ്ടായി. അന്നത്തെ ഭദ്രാസന അസംബ്ലിയിൽ, ക്രിസോസ്റ്റം തിരുമേനി ഒരിക്കൽ താല്പര്യപ്പെട്ട് പ്രവർത്തിച്ച റെയിൽവേ പോട്ടർമാരുടേയും തെരുവുകുട്ടികളുടേയും ഇടയിലുള്ള ഒരു പ്രവർത്തന പരിപാടി- സപ്തതി മിഷനായി ആരംഭിക്കുവാൻ ഭദ്രാസനം ചർച്ച ചെയ്തു. എന്നാൽ അസംബ്ലിയുടെ അധ്യക്ഷനായിരുന്ന തിരുമേനി ഒരു വ്യവസ്ഥ വെച്ചു. മുൻഗാമിയായിരുന്ന അടൂർ - മാവേലിക്കര ഭദ്രാസനത്തിൽ നിന്ന് സ്ഥലം മാറി പോകുകയും, പിന്നാലെ കാലം ചെയ്കയും ചെയ്ത നി. വി.ദി. ശ്രീ. ഈശോ മാർ തിമോഥെയോസ് തിരുമേനിയുടെ ഓർമ്മയെ നിലനിർത്തുവാൻ അടൂരിൽ ഒരു ശുശ്രൂഷാ കേന്ദ്രം ആരംഭിയ്ക്കണമെന്നതായിരുന്നു അത്. അന്നത്തെ ഭദ്രാസന അസംബ്ലിയിൽ തീരുമാനമായി, “ഫിലിപ്പോസ് മാർ ക്രിസോസ്റ്റം സഫ്രഗൻ മെത്രപ്പോലീത്ത സപ്തതി മിഷൻ” നോട് അനുബന്ധിച്ച് “ഈശോ മാർ തിമോഥെയോസ് സ്മാകര ധ്യാന കേന്ദ്രം” എന്ന വളരെ അനുഗ്രഹകരമായ ശുശ്രൂഷാ കേന്ദ്രത്തെ കുറിച്ച് തീരുമാനമെടുത്തു. ഈ കാലഘട്ടത്തിൽ അടൂർ ഇമ്മാനുവേൽ മാർത്തോമ്മാ ഇടവകയിൽ മാവേലിമണ്ണിൽ ശ്രീ. ഏബ്രഹാം ഡാനിയേലിന്റെ വക 60 സെന്റ് സ്ഥലം, വികാരി ജനറൽ കോട്ടേഴ്സിന് താഴെയുള്ള ചരിവ് വളരെ കുറഞ്ഞവിലയ്ക്ക് (സെന്റിന് 500രൂപയിൽ താഴെ) ഭദ്രാസനത്തിന് അദ്ദേഹം നൽകി എന്നത് പ്രത്യേകം സ്മരിക്കുന്നു.

സഫ്രഗൻ മെത്രാപ്പോലീത്ത അടൂരിൽ നിന്ന് റാന്നി- നിലയ്ക്കൽ ഭദ്രാസനത്തിലേയ്ക്ക് സ്ഥലം മാറി പോയപ്പോൾ, അഭിവന്ദ്യ യുയാക്കീം മാർ കൂറിലോസ് തിരുമേനി ഭദ്രാസനത്തിന്റെ ചുമതല ഏറ്റെടുത്തു. പുതുതായി ഏതെങ്കിലും പദ്ധതികൾ അദ്ദേഹം ആരംഭിയ്ക്കുന്നതിന് മുൻപ്, തന്റെ മുൻഗാമിയുടെ കാലത്ത് ഭദ്രാസനം എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കുക എന്നുള്ളതിലായിരുന്നു ശ്രദ്ധവെച്ചത്. സപ്തതി മിഷൻ പദ്ധതിയിൽ ഒന്നാമത്തെ പരിപാടിയായി, തിരുവനന്തപുരം കേന്ദ്രമാക്കി റെയിൽവേ പോട്ടർമാർ, പെട്ടിക്കട തൊഴിലാളികൾ, തെരുവുകുട്ടികൾ, ജൂവനൈൽ ഹോമുകൾ എന്നിവ ഉൾപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. കേരളത്തിന് ഉള്ളിലും പുറത്തുമായി 32 റെയിൽവേ സ്റ്റേഷനുകളിലും തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീസ്ഥലങ്ങളിലെ 6 ജൂവനൈൽ ഹോമുകലിലും, സലേഷ്യൻ ബ്രദേഴ്സുമായി യോജിച്ച് തിരുവനന്തപുരത്ത് തെരുവുകുട്ടികളുടെ ഇടയിലും സജീവപ്രവർത്തനങ്ങൾ ക്രമീകരിക്കുവാൻ ആ കാലഘട്ടത്തിൽ സാധിച്ചു.

ഭദ്രാസന കേന്ദ്രത്തോട് ചേർന്ന് പുതുതായി വാങ്ങിയ സ്ഥലത്ത് ധ്യാനകേന്ദ്രത്തിന്റെ പണികൾ ആരംഭിക്കുവാൻ യുയാക്കീം തിരുമേനി വളരെ താല്പര്യമെടുത്തു. മാങ്ങാനത്ത് "സെന്റ് അഗസ്റ്റീൻ സ്റ്റഡി സെന്റർ" രൂപകല്പന ചെയ്ത കോട്ടയം ചക്കാലയിൽ ആർക്കിടെക്റ്റ് എൻഞ്ചിനീയർ സി.കെ. കുര്യനെ ക്ഷണിച്ചുകൊണ്ടുവരുകയും അദ്ദേഹം പലപ്രാവിശ്യം സ്ഥലം സന്ദർശിച്ച് ഒരു ധ്യാനകേന്ദ്രത്തിന് ആവശ്യമായ സംവിധാനങ്ങൾ ഉൾപ്പെടുത്തി കെട്ടിടത്തിന്റെ പ്ലാൻ തയ്യാറാക്കി. 1992 ഏപ്രിൽ 7 ചൊവ്വാഴ്ച ക്രിസോസ്റ്റം തിരുമനസ്സു കൊണ്ട് ആശീർവദിച്ചു ശിലാസ്ഥാപനം നടത്തി. 1996 ജനുവരി 7 ഞായറാഴ്ച ഭദ്രാസന എപ്പിസ്കോപ്പാ യുയാക്കീം മാർ കൂറിയേസ് തിരുമനസ്സു കൊണ്ട് കൂദാശ നടത്തി. പണി ഭംഗിയായി പൂർത്തീകരിപ്പാൻ എഞ്ചിനീയർ സി.കെ. കുര്യൻ വളരെ സഹായിച്ചിട്ടുണ്ട്. അദ്ദേഹത്തോട് സഭയായി നാം വളരെ കടപ്പെട്ടിരിക്കുന്നു. ഇന്ന് അദ്ദേഹം നമ്മോടു കൂടി ഇല്ല. ദൈവസന്നിധിയിൽ മടങ്ങി ചേർന്നിരിക്കുന്നു. ധ്യാനകേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണത്തിൽ മാത്രമല്ല, അതിനുള്ള ലൈബ്രറിയിലെ മേശകൾ, കസേരകൾ, പീഠങ്ങൾ എല്ലാം യഥോചിതം അടുപ്പിക്കുന്നതിന് യുയാക്കീം മാർ കൂറിലോസ് തിരുമേനി നേരിട്ട് ശ്രദ്ധിച്ചിരുന്നു. ധ്യാനകേന്ദ്രത്തിന് മുൻവശം തോടിന് പടിഞ്ഞാറ് എം.സി. റോഡിനോട് ചേർന്ന് കിടന്നിരുന്ന 40സെന്റ് സ്ഥലം സമീപെ പാർക്കുന്ന ഹിൽവ്യൂയിൽ ശ്രീമതി. ആനി അലക്സാണ്ടറുടെ വക ആയിരുന്നു. സഭയോടുള്ള പ്രത്യേക കരുതലിൽ സെന്റിന് 1000 രൂപയിൽ താഴെ വിലയ്ക്ക് തിരുമേനിയ്ക്ക് നൽകുക ആയിരുന്നു. അവരോടും നാം കടപ്പെട്ടിരിക്കുന്നു. ആ കാലഘട്ടത്തിൽ വെള്ളം കെട്ടി നിൽക്കുന്ന തടം ആയിരുന്നു ആസ്ഥലം. അടൂർ ഇമ്മാനുവേൽ ഇടവകയിൽ സെല്ലാർ രൂപത്തിൽ കല്ലറകൾ എല്ലാം പുതുക്കി പണിയുമ്പോൾ അവിടുത്തെ മണ്ണ് മുഴുവനും കൊണ്ടുവന്ന് നിരപ്പാക്കി. തുടർന്ന് പന്തളത്ത്, ആ കാലങ്ങളിൽ വാടക സ്ഥലത്ത് നടത്തി കൊണ്ടിരുന്ന ഭദ്രാസന കൺവൻഷൻ ഈ സ്ഥലത്തേക്ക് മാറ്റപ്പെടുകയാണ് ഉണ്ടായത്.

കൂദാശയ്ക്കു ശേഷം സ്പിരിച്ചാലിറ്റി സെന്ററിൽ (ഇ.എം.റ്റി.എം. സ്പിരിച്വാലിറ്റി സെന്റർ) ക്രമീകൃതമായ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഏറ്റവും പ്രധാനം ആയത് എല്ലാ മാസത്തിന്റേയും അവസാനത്തെ ചൊവ്വാഴ്ച ഭദ്രാസനത്തിലെ മുഴുവൻ പട്ടക്കാരും സെന്ററിൽ എത്തി, നിലത്ത് പുൽപായിൽ എല്ലാവരും താഴെ ഇരുന്ന് അടുത്ത ഒരു മാസത്തെ ഞായറാവ്ചകളിലെ വായനാ ഭാഗങ്ങൾ (4വേദ ഭാഗങ്ങളും) ഒരുമിച്ച് വായിച്ച്, ചിന്തകൾ പങ്കിട്ട്, പ്രാർത്ഥനയ്ക്കും ധ്യാനത്തിനും സമയം എടുക്കും. ഒരുപക്ഷെ വർഷങ്ങൾക്ക് മുൻപ് മാർത്തോമ്മാസഭയിൽ ഈ രീതിയിലുള്ള ഒരു ആത്മീയ കൂട്ടായ്മ അടൂർ - മാവേലിക്കര ഭദ്രാസനത്തിലാണ് ആദ്യമായി തുടങ്ങിയത് എന്നു പറയാം. ഒപ്പം ഭദ്രാസനത്തിലെ എല്ലാ സെന്ററുകളും മാറിമാറി ചുമതല ഏറ്റെടുത്ത് ആത്മായക്കാരും പട്ടക്കാരും ഒരുപോലെ ചേർന്നുള്ള കൂട്ടായ്മ യോഗങ്ങൾ, മാസത്തിന്റെ രണ്ടാമത്തെ വെള്ളിയാഴ്ച വൈകിട്ട് കോളേജ് വിദ്യാർത്ഥികൾ വന്നു താമസിക്കുന്ന "കോർഗ്രൂപ്പ് യൂത്ത് ഫെലോഷിപ്പ്" കോളേജ് അദ്ധ്യാപകർ, വൈദീകർ ആദിയായവർ, പഠനസ്വഭാവം, വർത്തനരീതി, പ്രാർത്ഥനാ ജീവിതം മുതലായ വിഷയങ്ങൾ സംബന്ധിച്ച് ക്ലാസ്സുകൾ എടുക്കും യുവജനങ്ങളെ ഈ ക്ലാസ്സുകൾ ശക്തിപ്പെടുത്തിയിട്ടുണ്ട്.

തുടർന്ന് ഇന്നത്തെ മാർത്തോമ്മാ മെത്രപ്പോലീത്ത ജോസഫ് മാർ ഐറേനിയസ് തിരുമേനി ഈ ഭദ്രാസനത്തിന്റെ ചുമതലയിലായിരുന്ന കാലത്ത് വളർച്ചയുടെ കാലഘട്ടമായിരുന്നു. സ്പിരിച്വാലിറ്റി സെന്ററിന്റെ മുൻപിൽ സ്ഥിരമായ സംവിധാനത്തോടുകൂടിയ കൺവൻഷൻ നഗർ രൂപം കൊണ്ടു. എല്ലാ സൗകര്യങ്ങളും അനുബന്ധിച്ച് ഉണ്ടായി. മുൻവശത്ത് സ്റ്റാളുകളുടെ സൗകര്യങ്ങൾക്ക് രണ്ട് സ്ഥലങ്ങൾക്ക് ഇടയ്ക്ക് ഉണ്ടായിരുന്ന തോടിന് മുകളിൽ സ്ലാബ് സൗകര്യങ്ങൾ ഉണ്ടായി. സ്ഥലങ്ങൾ വിശാലവും കമനീയവുമായി. അതിന് ശേഷം ഭദ്രാസനത്തിന്റെ നി.വ.ദി.ശ്രീ. ജോസഫ് മാർ ബർന്നബാസ് തിരുമേനിയുടെ ശുശ്രൂഷാ കാലഘ

ട്ടത്തിൽ പിൽക്കാല സൗകര്യങ്ങൾ എല്ലാം ഉപയോഗപ്പെടുത്തിയിരിക്കുന്നു. പൂർണ്ണ സമയം ഒരു വൈദീക വിദ്യാർത്ഥി/സുവിശേഷകൻ ഇവിടെ താമസം ഉള്ളതും പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് സഹായകരമാണ്.

നല്ല ഒരു ലൈബ്രറി നിലവിലുണ്ട് 26000രൂപയിൽ കൂടുതൽ വിലയുള്ള പുസ്തകം ഇവിടെ ഉണ്ട്. ശാന്തമായി ഇരുന്ന് വായിക്കുന്നതിനുള്ള സംവിധാനമുണ്ട്. മാസത്തിന്റെ ഒന്നാമത്തെ ശനിയാഴ്ച ഉദ്യോഗസ്ഥർക്കായുള്ള പ്രത്യേക ഗ്രൂപ്പുകൾ നടത്തുന്നുണ്ട്. എല്ലാ രണ്ടാമത്തെ വെള്ളിയാഴ്ചയും കോളേജ് വിദ്യാർത്ഥികൾ ഇവിടെ വന്ന് താമസിക്കുന്നു. പുതിയ ക്രമീകരണം അനുസരിച്ച് എല്ലാ വെള്ളിയാഴ്ചയും പ്രീമാരിറ്റൽ, പോസ്റ്റ് മാരിറ്റൽ, ഗാർഹിക പ്രശ്നങ്ങൾ, ആദിയായ വിഷയങ്ങളെ സംബന്ധിച്ച് കൗൺസിലിംഗ് സെക്ഷനുകൾ ക്രമീകരിച്ചിട്ടുണ്ട്. ഇടവക ശുശ്രൂഷകന്മാർ, ആത്മായ ശുശ്രൂഷകർ, ഇടവകചുമതലക്കാർ, ആദിയായവർക്കു വേണ്ട പ്രത്യേകം മാനേജ്മെന്റ് ക്ലാസ്സുകൾ നടത്തപ്പെടുന്നു. ഭദ്രാസനത്തിന്റെ ചുമതലയിൽ പട്ടക്കാരുടെ പഠനം, വിവിധ സംഘടനകളുടെ പ്രത്യേക പരിപാടികൾ ക്രമീകരിക്കപ്പെടുന്നു.

**തിയോളജിക്കൽ സ്റ്റുഡന്റ്സ് കോൺഫറൻസ്**

നമ്മുടെ ഭദ്രാസനത്തിൽ നിന്നും വിവിധ സെമിനാരികളിൽ വിദ്യാഭ്യാസം നടത്തുന്നവരുടേയും പഠനത്തിനുവേണ്ടി ഭദ്രാസനത്തിൽ പേര് രജിസ്റ്റർ ചെയ്തവരുടേയും ഏകോപിച്ചുള്ള ഒരു യോഗം 2011 മെയ് 19,20 തീയതികളിൽ നടത്തപ്പെട്ടു. 27 പേർ അതിൽ സംബന്ധിച്ചു. അഭിവന്ദ്യ ഭദ്രാസന എപ്പിസ്കോപ്പാ തിരുമേനി വെരി.റവ. പി.പി. ഏബ്രഹാം, റവ. പി.എൻ. അലക്സാണ്ടർ, റവ. അലക്സാണ്ടർ തോമസ്, റവ. സിബു പള്ളിച്ചിറ, ബ്രദർ. ഐസക് മാത്യു എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

**എംപ്ലോയീസ് ഫെലോഷിപ്പ്**

എല്ലാ മാസത്തിന്റെയും 1-ാം ശനിയാഴ്ച എംപ്ലോയീസ് ഫെലോഷിപ്പ് മീറ്റിംഗ് നടത്തപ്പെടുന്നു. ഏകദേശം 30ൽ അധികം പേർ ഈ മീറ്റിംഗിൽ പങ്കെടുക്കുന്നു. വിവിധ വിഷയങ്ങൾ അധികരിച്ചുള്ള പഠനം, മദ്ധ്യസ്ഥ പ്രാർത്ഥന, അനുഭവങ്ങൾ പങ്കുവയ്ക്കൽ മുതലായവ നടത്തപ്പെടുന്നു.

**ഏവൻഗേലിയോൻ കൂട്ടായ്മ**

ഭദ്രാസനത്തിലെ വൈദീകർ എല്ലാമാസവും ഒരുമിച്ചുകൂടി ഒരുമാസത്തെ ഏവൻഗേലിയോൻ പഠനം നടത്തുന്നു. ഭദ്രാസന എപ്പിസ്കോപ്പായുടെ അദ്ധ്യക്ഷതയിൽ വൈദീകർ പഠനത്തിന് നേതൃത്വം നൽകിവരുന്നു.

ധ്യാനത്തിനും പഠനത്തിനും ആത്മീയ പരിപോക്ഷണത്തിനുമായി ധാരാളം കാര്യങ്ങൾ സ്പിരിച്ചാലിറ്റി സെന്ററിൽ കൂടി സാദ്ധ്യമാകുന്നു. ഇത് ഈ കാലഘട്ടത്തിൽ വ്യക്തികൾക്കും, കുടുംബങ്ങൾക്കും, സംഘടനകൾക്കും, ഭദ്രാസനം മുഴുവനായും പ്രയോജനപ്പടുത്താവുന്നതാണ്. തിക്കും തിരക്കും ഉള്ള പട്ടണത്തിൽ നിന്ന് ഒഴിഞ്ഞ്, എം.സി. റോഡിന് സമീപം വളരെ ശാന്തമായ ഒരു അന്തരീക്ഷത്തിൽ സ്ഥിതിചെയ്യുന്ന ഈ ആത്മീയ കേന്ദ്രം കാലം ചെയ്ത ഈശോ മാർ തിമോഥെയോസ് തിരുമേനിയുടെ സുവിശേഷ ദർശനവും പ്രാർത്ഥനാജീവിതവും ജീവിത ലാളിത്യവും മാതൃകയാക്കിയത് എല്ലാവർക്കും നല്ല പ്രേരണ ആയിത്തീരട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

**അടൂർ ഭദ്രാസന വെബ് സൈറ്റ്**

**www.adoordiocese.org**

അടൂർ ഭദ്രാസനത്തിന്റേയും, സഭയുടേയും വിവിധ പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിനായി www.adoordiocese.org എന്ന സൈറ്റ് സന്ദർശിക്കുക.

കല്പനകൾ,വേദവായന ഭാഗങ്ങൾ, ആരാധനാഗീതങ്ങൾ, പ്രത്യേക സന്ദർഭങ്ങളിലേക്കുള്ള ആരാധനാക്രമങ്ങൾ, സഭാ ചരിത്രം, ഭദ്രാസന വാർത്തകൾ, മിഷൻ ഫീൽഡുകൾ, ഡയറക്ടറി, ഡോക്യുമെന്ററികൾ, അറിയിപ്പുകൾ, സ്ഥാപനങ്ങൾ, ഫോട്ടോ ഗ്യാലറി ഇവയുടെ വിശദാംശങ്ങൾ ലഭ്യമാണ്.

# അർത്ഥവത്തായ യുവത്വം

അടൂർ ഭദ്രാസന കൺവൻഷനോടനുബന്ധിച്ചു
നടത്തിയ യുവവേദിയിൽ **ഡോ. അലക്സാണ്ടർ ജേക്കബ് ഐ.പി.എസ്.**
നടത്തിയ ചിന്തോദ്ദീപക ധ്യാനത്തിന്റെ അവസാന ഭാഗം.

(...തുടർച്ച)

**5. സ്നേഹത്തിൽ അടിസ്ഥാനപ്പെട്ട സുവിശേഷത്തിന്റെ പ്രചാരകരാവുക**

സൗന്ദര്യമുള്ളിടത്ത് സ്നേഹം അന്വേഷിച്ചു പോകുന്നവരുണ്ട്. സ്നേഹമുള്ളിടത്ത് സൗന്ദര്യം കണ്ടെത്തണം. ദാവീദിനു പറ്റിയ അബദ്ധം സൗന്ദര്യമുള്ളിടത്ത് സ്നേഹം തേടിപ്പോയി എന്നതാണ്. ബർശേബയെ വഷളാക്കുന്ന ദാവീദിന് ജീവിതത്തിൽ വലിയ സങ്കടങ്ങളാണ് അഭിമുഖീകരിക്കേണ്ടി വന്നത്. ശിംശോനും ഇത്തരത്തിൽ അബദ്ധം പറ്റുന്നുണ്ട്. അബദ്ധങ്ങളുടെ ആവർത്തനം തന്നെ അവനുണ്ടാകുന്നു. അത് അവന്റെ നാശകാരണവുമാകുന്നു. കല്പനകളുടെ രത്ന ചുരുക്കം ദൈവസ്നേഹം , പരസ്നേഹം എന്നതിലേക്ക് ചുരുങ്ങുന്നു. അവയിൽ അത്യന്തികമായി സ്നേഹം എന്നാണുള്ളത്. സ്നേഹമുള്ളിടത്ത് സൗന്ദര്യം കണ്ടെത്താനാകണം എന്നത് അർത്ഥംവക്കുന്നത്. ഇത് വെറും ചാപല്യമല്ല, പക്വതയുള്ള അനുഭവമാണ്. സ്നേഹമെന്ന മഹാവികാരം ഉൾക്കൊള്ളാൻ യുവിത്വത്തിനാകണം.

**6. യുവാക്കൾ നല്ല ആദർശം പിന്തുടരുന്നവരും അതിന്റെ നിവൃത്തിക്കായി വിലകൊടുക്കുന്നവരും ആയിരിക്കണം.**

വേദപുസ്തകത്തിലെ മിക്ക കഥാ പാത്രങ്ങളും നല്ല ആദർശങ്ങളെ പിൻപറ്റി പോയിട്ടുള്ളവരും തദ്വാരാ രക്തസാക്ഷികളായി തീർന്നവരുമാണ്. ചരിത്രത്തിലെ രക്തസാക്ഷികളൊക്കെ തങ്ങളുടെ വിശ്വാസത്തിനും ആദർശത്തിനുമായി ജീവൻ കൊടുത്തവരാണ്. കർത്താവിന്റെ ശിഷ്യന്മാരിൽ ഒരാൾ ഒഴികെ ബാക്കിയുള്ളവരെല്ലാം രക്തസാക്ഷികളായിട്ടാണ് അവസാനിച്ചത്. യോഹന്നാൻ ശ്ലീഹാ മാത്രമാണ് അതിൽ നിന്നും ഒഴിവാക്കപ്പെട്ടത്. വെളിപ്പാടെന്ന മഹാനുഭവത്തിനായി അദ്ദേഹത്തെ ദൈവം നിലനിർത്തിയെന്നു ഗ്രഹിക്കാനാകും. ആദിമ സഭയുടെ ചരിത്രത്തിൽ ബഹുഭൂരിപക്ഷവും രക്തസാക്ഷികളാണ്, സന്തോഷത്തോടെ മരണം സ്വീകരിച്ചവർ. യുവാക്കൾ ഇങ്ങനെയാകണം. ധാർമ്മികമായ ഏറെ അധഃപതനം സംഭവിക്കുന്ന ഈ ലോകത്ത് ഒരു തിരുത്തൽ ശക്തിയാകാൻ യുവാക്കൾക്ക് കഴിയണം. വിശ്വാസത്തിനുറപ്പില്ലാതെ ആദർശങ്ങളെ ബലികഴിച്ചു കൊണ്ടുള്ള പോക്ക് യുവാക്കൾ ഒഴിവാക്കിയേ മതിയാകൂ.

**7. നിത്യജീവൻ പ്രാപിക്കാനുള്ള ആഗ്രഹം**

നിത്യജീവൻ പ്രാപിക്കാനുള്ള ആഗ്രഹം യുവത്വത്തിലുണ്ടാകണം. നിത്യജീവൻ പ്രാപിക്കാൻ താൻ എന്തുചെയ്യണം എന്ന് അന്വേഷിക്കുന്ന ഒരു യുവാവ് വേദപുസ്കത്തിലുണ്ട്. ആ വലിയ ആഗ്രഹം എല്ലാ യുവാക്കൾക്കുമുണ്ടാകണം. വിശുദ്ധിയുടെ പാതയിൽ മുന്നേറാനുള്ള താല്പര്യം എല്ലാവർക്കുമുണ്ടാകണം. യുവാക്കളോടുള്ള വ്യക്തിപരമായ സംഭാഷണങ്ങളിൽ 70% പേർ സ്വർഗ്ഗനരകങ്ങളെകുറിച്ച് ശരിയായ വിശ്വാസവും കാഴ്ചപ്പാടും ഇല്ലാത്തവരാണ്. ഈശ്വര വിശ്വാസം തന്നെ യൗവനക്കാരുടെ ഇടയിൽ കുറഞ്ഞു വരുന്നതായി കാണുന്നു. ഈശ്വര ചിന്തയൊന്നു മാത്രമാണ് അവന് ശാശ്വതമായ ആശ്വാസം എന്ന് മനുഷ്യർ തിരിച്ചറിയണം. ദൈവവിശാസമുള്ള ഒരാൾക്ക് ആത്മഹത്യ ചെയ്യാൻ പോലുമാകില്ല. ആത്മഹത്യ കൊണ്ട് ഇഹലോകത്തിലേയും പരലോകത്തിലേയും നന്മകൾ നഷ്ടമായിപ്പോകുമെന്ന് ഇസ്ലാം മതവിശ്വാസിയെപ്പോലെ യൗവനക്കാർ ഓർത്തിരിക്കണം. സ്വർഗ്ഗ നരകങ്ങളെക്കുറിച്ചുള്ള വിശ്വാസം ജീവിതത്തെ ക്രമപ്പെടുത്താനുള്ള പ്രേരണ വർദ്ധിപ്പിക്കും. എന്നാൽ ഇന്നത്തെ യൗവ്വനക്കാർക്കതു കുറഞ്ഞു പോകാനുള്ള കാരണം സണ്ടേസ്കൂൾ പഠനം കാര്യക്ഷമമാകാത്തതും മാതാപിതാക്കൾ അവയിൽ ശ്രദ്ധിക്കാതെയിരിക്കുന്നതുമാണ്. പൗരസ്ത്യ ക്രമം അനുസരിച്ച് 7 തവണ പ്രാർത്ഥിക്കണമെന്നതാണ് പഠിപ്പിക്കൽ. അത് ശീലിപ്പിക്കുവാൻ കഴിയണം. ഇവിടുത്തെ ഓരോ യുവാവും ഇത്തരത്തിൽ വളർത്തപ്പെടുകയും മറ്റുള്ളവർക്ക് അതിനുള്ള പ്രേരണയായി തീരുകയും ചെയ്യണം.

യുവത്വം അർത്ഥ പൂർണ്ണമാകുന്നത് തങ്ങൾ നടക്കുന്നതും നടക്കേണ്ടുന്നതുമായ വഴികളെക്കുറിച്ച് ബോധ്യമുണ്ടാകുമ്പോഴാണ്. വരും തലമുറകൾക്കൂടി അഭിമാനിക്കാനുള്ളവ നമ്മുടെ ജീവിതം കൊണ്ട് ഉണ്ടാകണം. സഭയോടും സമൂഹത്തോടുമുള്ള കടപ്പാട് നാം ഓർത്തിരിക്കണം. അങ്ങനെയുള്ള ഒരു നവയുവ സമൂഹം സാധ്യമാകട്ടെ.

# മണ്ഡപത്തിലച്ചൻ

റവ. ഫിലിപ്പ് ഈശോ, പുത്തൻകാവ്



'പെലേന്റച്ചൻ' എന്ന പരിഹാസത്തെ ക്രിസ്തു നാമത്തിൽ സ്വീകരിച്ച് വൈദീകനും വൈദ്യനുമായി നടന്ന ഒരു 'കൊച്ചു മനുഷ്യ'ന്റെ ജീവിതാഖ്യാനം.

ദിവ്യശ്രീ. പി.ഐ. ജേക്കബ് കശ്ശീശ,ചെങ്ങന്നൂർ പുത്തൻകാവ് മണ്ഡപത്തിൽ ഇടിക്കുളയുടേയും അന്നമ്മയുടെയും മകനായി 1889 മെയ് 26-ാം തീയതി ജനിച്ചു. സെറാമ്പൂരിൽ വൈദികവിദ്യാഭ്യാസം നടത്തി. 1916 സെപ്തംബർ 17-ാം തീയതി വൈദീകശുശ്രൂഷയിൽ പ്രവേശിച്ചു. 34 വർഷം മധ്യതിരുവിതാംകൂർ മിഷനറിയായി സേവനം അനുഷ്ഠിച്ചു. ദീർഘനാൾ സന്നദ്ധസുവിശേഷക സംഘത്തിന്റെ സെന്റർ പ്രസിഡന്റായിരുന്നു. പുത്തൻകാവ്, തിട്ടമേൽ, ഇടനാട്, ആദിയായ് 9 ഇടവകകളിൽ ശുശ്രൂഷകൾ നിറവേറ്റി. അവശ വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ ഉന്നമനത്തിനായി അക്ഷീണ യത്നം ചെയ്ത അച്ചന്റെ നേതൃത്വത്തിൽ മദ്ധ്യതിരുവിതാംകൂറിലും കായൽ-കടൽ പ്രദേശങ്ങളിലുമായി നൂറിൽ പരം സ്ഥലങ്ങളിൽ പുതിയ 'സഭകൾ' രൂപീകരിച്ചു. "ജാതികളുടെ അപ്പൊസ്തലൻ" എന്ന് അദ്ദേഹം അറിയപ്പെട്ടിരുന്നു. സുവിശേഷ പ്രസംഗസംഘത്തിന്റെ അനുസ്യൂതമായ വളർച്ചയിൽ ഗണ്യമായ ഒരു സ്ഥാനമാണ് അച്ചൻ വഹിച്ചിട്ടുള്ളത്. മദ്ധ്യതിരുവിതാകൂറിലെ അധ:സ്ഥിത വർഗ്ഗക്കാരിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ചവരുടെ അഭിവൃദ്ധിക്ക് അച്ചനെപ്പോലെ ആത്മാർത്ഥമായി അദ്ധ്വാനിച്ച മറ്റൊരാൾ ഉണ്ടായിരിക്കുമെന്നു തോന്നുന്നില്ല. അയിത്തം സർവ്വത്ര അംഗീകരിക്കപ്പെട്ടിരുന്ന ആ കാലത്ത് അവശ ക്രിസ്ത്യാനികളുടെ ഭവനങ്ങൾ സന്ദർശിക്കുകയും അവരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുകയും അവരുടെ കുട്ടികളെ വിദ്യാഭ്യാസത്തിൽ പ്രോൽസാഹിപ്പിക്കുകയും അവരുടെ അന്ധവിശ്വാസങ്ങളും അനാചരങ്ങളും ദൂരികരിക്കുകയും ക്രിസ്തുവിശ്വാസത്തിൽ അവരെ വളർത്തുകയും ചെയ്ത അച്ചൻ വിലപ്പെട്ട സേവനമാണ് നിർവ്വഹിച്ചത്. ഒരു ഹോമിയോ ഡോക്ടർ കൂടിയായിരുന്ന അച്ചൻ തന്റെ സെക്കിളിൽ, ഒരു പെട്ടിയിൽ കുർബ്ബാന കുപ്പായത്തോടൊപ്പം ഹോമിയോ മരുന്നുകളും കരുതിയിരുന്നു. കിഴക്ക് വടശ്ശേരിക്കര മുതൽ പടിഞ്ഞാറ് കടൽ തീരം വരെ, വടക്ക് കോട്ടയം മുതൽ തെക്ക് കൊട്ടാരക്കര വരെ വ്യാപിച്ചു കിടന്നു അദ്ദേഹത്തിന്റെ മിഷൻ ഫീൽഡ്. വിശുദ്ധ കുർബ്ബാനയ്ക്കും മാമോദീസാ, വിവാഹം മുതലായ ശുശ്രൂഷകൾക്കും യോഗങ്ങൾ നടത്തുന്നതിനും രോഗികൾക്ക് ഹോമിയോ ചികിത്സ നൽകുന്നതിനുമായി രാവും പകലും ഒരുപോലെ പ്രയത്നിച്ച അസാമാന്യ മിഷനറി നേതാവായിരുന്നു മണ്ഡപത്തിലച്ചൻ.

സഭയ്ക്കുള്ളിൽ തന്നെ വർണ്ണവിവേചനം പ്രബലമായിരുന്നതിനാൽ അച്ചന്റെ, താണവർഗ്ഗക്കാർക്കു വേണ്ടിയുള്ള സേവനം എല്ലാവരും ആദരിച്ചിരുന്നില്ല. അദ്ദേഹത്തെ 'പുലയരുടെ അച്ചൻ' എന്നു വിളിച്ച് അപമാനിക്കുന്നതിനുപോലും ചിലർ മടികാട്ടിയിരുന്നില്ല. എങ്കിലും അച്ചൻ അതുകൂട്ടാക്കിയില്ല. ഒരു ബഹുമതിയായി മാത്രമേ അച്ചൻ അതുകരുതിയുള്ളൂ. പഴയ സുറിയാനി പട്ടക്കാരുടെ ശൈലിയിൽ വെള്ളവരകളുള്ള ചുവന്ന കൈലേസ് കുപ്പായത്തിന്റെ മേൽ ഇടത്തേതോളിൽ കൂടി വലത്തോട്ടു വളച്ചിട്ട് വലത്തേ ഇടുപ്പിൽ കെട്ടി ഉറപ്പിച്ച് സൈക്കിളിൽ യാത്രചെയ്യുന്ന "ഒരു കൊച്ചു വലിയ മനുഷ്യൻ" മദ്ധ്യതിരുവിതാംകൂർ പ്രദേശങ്ങളിൽ ഒരു സാധാരണദൃശ്യമായിരുന്നു. അച്ചന്റെ സ്നേഹവാത്സല്യങ്ങൾ ഭക്തിപൂർവ്വം സ്മരിക്കുന്ന അനേകം അംഗങ്ങൾ ഈ സഭകളിൽ ഇപ്പോഴുമുണ്ട് അച്ചന്റെ പ്രത്യേക പ്രോത്സാഹനം കൊണ്ട് വിദ്യാഭ്യാസത്തിൽ മുന്നേറുകയും ഉന്നത വിദ്യാഭ്യാസം നേടുകയും സമൂഹത്തിൽ ഉയർന്ന സ്ഥാനങ്ങളിൽ എത്തിച്ചേരുകയും ചെയ്ത കുറെ ആളുകൾ അവശക്രിസ്ത്യാനി (ദളിത്) സമൂഹത്തിൽ ഉണ്ടെന്നുള്ളതു പ്രത്യേകം പ്രസ്ത്യവ്യമാണ്. 1948 ൽ അച്ചൻ ശുശ്രൂഷയിൽ നിന്ന് വിരമിക്കേണ്ടി ഇരുന്നെങ്കിലും ഒരു വർഷം കൂടി അദ്ദേഹം മിഷനറിയായി തുടരുവാൻ സു.പ്രസംഗ

സംഘം അനുവദിച്ചു. അതനുസരിച്ച് 1949 ൽ ആണ് അച്ചൻ സംഘത്തിന്റെ സേവനത്തിൽ നിന്നും വിരമിച്ചത്. അച്ചന്റെ നിര്യാണശേഷം മദ്ധ്യതിരുവിതാംകൂർ മിഷനിലുള്ള ഇടവക ജനങ്ങൾ തന്നെ മുൻകൈ എടുത്ത് സുവിശേഷസംഘം മാനേജിംഗ് കമ്മിറ്റിയുടെ അനുവാദത്തോടെ അച്ചന്റെ സ്മാരകമായി 10,000 രൂപയിൽ കുറയാത്ത ഒരു തുക ശേഖരിച്ച് എൻഡോവ്മെന്റ് ആയി സംഘത്തെ ഏൽപ്പിക്കുവാൻ തീരുമാനിച്ചു. അതിൽപ്രകാരം 1981 ൽ പിരിവു പൂർത്തിയാക്കുകയും 10000 രൂപയ്ക്കു പകരം ഇരുപതിനായിരത്തിലേറെ ഈ ഇനത്തിൽ പിരിഞ്ഞുവരികയും ഈ ഫണ്ടിന്റെ പലിശ ഈ ഇടവകകളിൽ നിന്നും അംഗീകൃത കോളേജുകളിൽ പ്രീഡിഗ്രി ഒന്നാം വർഷം പഠിക്കുന്ന വിദ്യാർത്ഥിനീ വിദ്യാർത്ഥികൾക്കു പഠന സഹായമായി നൽകിപ്പോരുകയും ചെയ്യുന്നു. ഇങ്ങനെ ഒരു സംരംഭം സുവിശേഷപ്രസംഗസംഘത്തിന്റെ ചരിത്രത്തിൽ ഇതൊന്നു മാത്രമേയുള്ളൂ. പി.കെ. ജേക്കബ്ബ് അച്ചന്റെ അസാധാരണസേവനങ്ങൾക്ക് അർഹമായ അംഗീകാരം അച്ചന്റെ ആത്മീക മക്കൾ ഇങ്ങനെ നൽകുകയുണ്ടായി

1916 ൽ അച്ചൻ മിഷനറിയായി ചുമതല ഏൽക്കുമ്പോൾ മദ്ധ്യതിരുവിതാംകൂർ മിഷനിൽ 30-ൽ താഴെ സഭകൾ 3000 ത്തോളം അംഗങ്ങളുമായിരുന്നു ഉണ്ടായിരുന്നതെങ്കിൽ 1949ൽ അച്ചൻ ചുമതല ഒഴിയുമ്പോൾ സഭകളുടെ എണ്ണം 86-ഉം വിശ്വാസികളുടെ എണ്ണം 9110 ആയി ഉയർന്നു. കഠിനാധ്വാനത്തിന്റെയും സുവിശേഷ തീഷ്ണതയുടേയും സമർപ്പണ ജീവിതത്തിന്റെയും ദൈവകൃപയുടെയും ഫലമായിരുന്നു ഈ വലിയ പുരോഗതി. 1907 മെയ് 16-ാം തീയതി മറിയാമ്മയെ വിവാഹം കഴിച്ചു. പി.ജെ. ഏബ്രഹാം. പി.ജെ. ജേക്കബ്ബ്, ചിന്നമ്മ, മേരിക്കുട്ടി എന്നിവർ മക്കളാണ്. 1987 ജൂലൈ 2-ാം തീയതി 99-ാംമത്തെ വയസ്സിൽ മണ്ഡപത്തിൽലച്ചനൻ ദിവംഗതനായി ഭൗതിക ശരീരം പുത്തൻക്കാവ് മതിലകം ആരോഹണപ്പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## പ്രശ്നോത്തരി ?!

1. മലങ്കര സഭയിൽ ശ്രദ്ധേയമായ റോയൽ കോർട്ട് വിധി വന്ന വർഷം ?
2. ശ്ലീഹാ നോമ്പ് എന്നാണ് ?
3. എല്ലാ ദിവസങ്ങളിലും വലുത് ഞായർ ദിനം ഇങ്ങനെ പറയാൻ കാരണം ?
4. ഉദയം പേരൂർ സുന്നഹദോസിൽ നേതൃത്വം കൊടുത്തത് ആര് ?
5. കൂനൻ കുരിശു സത്യം നടന്ന വർഷം ?
6. പൗരസ്ത്യ ക്രിസ്തു ധർമ്മത്തിന്റെ കവി ആരാണ് ?
7. ആരാണ് യഥാർത്ഥ ശിഷ്യൻ ?
8. മലങ്കര സഭയിലെ ലൂഥർ എന്നറിയപ്പെടുന്നത് ആരാണ് ?
9. കൈതയിൽ ഗീവർഗ്ഗീസ് മൽപ്പാന്റെ സഹോദരനായ വൈദീകർ ?
10. നവീകരണ പോർക്കളത്തിലെ കാഹളം എന്ന മെമ്മോറാണ്ടം ബ്രിട്ടീഷ് റസിഡന്റിനു സമർപ്പിച്ചത് വർഷം ?

ഈ ലക്കം ഹെർമ്മോൻ ദൂതൻ അടിസ്ഥാനമാക്കിയുള്ളതാണ് ചോദ്യങ്ങൾ. ശരിയുത്തരം നൽകുന്നവരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ സമ്മാനാർഹനാകുന്നതാണ്. ഉത്തരം ലഭിക്കേണ്ട അവസാന തീയതി 2011 ആഗസ്റ്റ് 20

കഴിഞ്ഞ ലക്കത്തിലെ വിജയികൾ

1. മോളിക്കുട്ടി മത്തായി, തേക്കാട്ടിൽ പുത്തൻ വീട്, വയല (ജനുവരി-മാർച്ച്)
2. ആൽബിൻ ഫിലിപ്പ്തോമസ്, മാർത്തോമ്മാ ഗുരുകുലം, അടൂർ (ഏപ്രിൽ-ജൂൺ)

**വായനക്കാർക്ക് അവരുടെ ചിന്തകളും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സർഗ്ഗസൃഷ്ടികളും കൊണ്ട് ഹെർമ്മോൻ ദൂതന്റെ പേജുകൾ കൂടുതൽ സമ്പന്നമാക്കാം. അടുത്തലക്കത്തിൽ പ്രസിദ്ധീകരിക്കാൻ ആഗ്രഹിക്കുന്ന സൃഷ്ടികൾ ലഭിക്കേണ്ട അവസാന തീയതി ആഗസ്റ്റ് 20**

**– എഡിറ്റർ**

## നൈർമല്യത്തിന്റെ പ്രാർത്ഥന

"ദൈവമേ, മാറ്റുവാൻ പറ്റാത്തവയെ സ്വീകരിപ്പാനുള്ള പ്രശാന്ത മനസ്ഥിതിയും മാറ്റുവാൻ പറ്റുന്നവയെ മാറ്റുവാനുള്ള ധൈര്യവും ഇവയെ തമ്മിൽ വേർതിരിച്ച് അറിയാനുള്ള വിവേകവും ഞങ്ങൾക്ക് നൽകേണമേ."

*ടോൾസ്റ്റോയി പറഞ്ഞ കഥ*

# കുട്ടികൾ അറിവുള്ളവർ

ഈസ്റ്റർ പെരുനാളിന്റെ ആരംഭം. കഥ നടക്കുന്നത് റഷ്യയിൽ. റഷ്യയിൽ അക്കാലത്ത് മഞ്ഞും മഴയും പെയ്യും. മഞ്ഞുകട്ടയുടെ മുകളിൽ കൂടി വണ്ടി ഉരുട്ടുക കുട്ടികൾക്ക് രസമുള്ള കളിയാണ്. ഈസ്റ്റർ വന്നപ്പോൾ അങ്ങനെ കളിക്കാൻ മഞ്ഞുകട്ട ഉണ്ടായിരുന്നില്ല. അതൊക്കെ ഉരുകിക്കഴിഞ്ഞിരുന്നു. എങ്കിലും പറമ്പിൽ കുറെശ്ശേ മഞ്ഞുകട്ടയുണ്ട് മഞ്ഞുരുകിയുള്ള വെള്ളം മുകൾ ഭാഗത്തു നിന്ന് ഗ്രാമത്തിലെ തെരുവിൽ കൂടി ഒഴുകിക്കൊണ്ടിരുന്നു. വീട്ടുപറമ്പുകളിൽകൂടി ഒലിച്ചൊഴുകി വന്ന അഴുക്കുവെള്ളം ഒന്നിച്ചു കൂടി തളം കെട്ടി രണ്ടു വീടുകൾക്കിടയ്ക്കുള്ള ഒരു മുടുക്കിൽ ഒരു ചെളിവെള്ളക്കുഴി ഉണ്ടായിരിക്കുന്നു.



ഇവിടെവച്ച് രണ്ടു വീടുകളിലെ ഓരോ കൊച്ചു പെൺകുട്ടികൾ കണ്ടുമുട്ടി. ഒന്ന് തീരെ കൊച്ചു കുട്ടിയാണ് പേര് മലാഷ. എന്നാൽ അല്പം കൂടി മുതിർന്നതാണ് മറ്റെ കുട്ടി. അവളുടെ പേർ അകൗല്യ എന്നാണ്. പെരുന്നാൾ ആയതിനാൽ അമ്മമാർ രണ്ടു കുട്ടികളെയും ഒരുക്കിയാണ് വിട്ടിരിക്കുന്നത്. നീലനിറത്തിലുള്ള ഫ്രോക്കാണ് കൊച്ചുകുട്ടിക്ക്. മറ്റെ കുട്ടിക്ക് പുള്ളിക്കുത്തുള്ള മഞ്ഞ ഫ്രോക്കും. രണ്ടു കുട്ടികളുടെയും തലയിൽ ചുവന്ന ലേസ് കെട്ടിയിട്ടുണ്ട്. അവർ പള്ളിയിൽ പോയിട്ട് അപ്പോൾ വന്നതേയുള്ളൂ. രണ്ടു പേരും തങ്ങളുടെ പുതുവസ്ത്രങ്ങളും അലങ്കാരങ്ങളും അന്യോന്യം കാണിച്ചുകൊടുത്തു. പിന്നെ അവർ ഒന്നിച്ചു കളിക്കാൻ തുടങ്ങി. പെട്ടെന്ന് അവർക്കൊരു തോന്നൽ. ചെളിക്കുണ്ടിലെ വെള്ളം തട്ടിക്കളിച്ചാലോ എന്ന്. കൊച്ചുകുട്ടി ഷൂസും മറ്റും ഇട്ടുകൊണ്ടുതന്നെ അതിലേക്ക് ചാടാൻ തയ്യാറായി. വലിയ കുട്ടി അതു തടഞ്ഞു.

അകൗല്യ ; മലാഷാ അങ്ങനെയങ്ങ് ഇറങ്ങരുത്. നിന്റെ അമ്മ നിന്നെ ശകാരിക്കും. ഞാൻ എന്റെ ഷൂസും സ്റ്റോക്കിങ്സും അഴിച്ചു മാറ്റിവയ്ക്കാൻ പോകയാണ്. നീ നിന്റെയും അഴിച്ചു വയ്ക്കൂ.

രണ്ടുപേരും അന്യോന്യം സ്റ്റോക്കിങ്സും ഊരിവെച്ചു. പിന്നെ ഫ്രോക്ക് പൊക്കിപിടിച്ചുകൊണ്ട് എതിർവശങ്ങളിൽനിന്ന മുഖത്തോടുമഖം നോക്കിക്കൊണ്ട് ചെളിയിൽ നടക്കാൻ തുടങ്ങി. മലാഷയുടെ കണ്ണവരെ വെള്ളമായി അപ്പോൾ അവൾ പറഞ്ഞു.

'അകൗല്യ' ഇവിടെ താഴ്ചയുണ്ട്' എനിക്കു പേടിയാകുന്നു. അകൗല്യ; വരൂ മുന്നോട്ട്, പേടിക്കാതെ ഇതിൽ കൂടുതൽ താഴ്ചയില്ല. അവർ അന്യോന്യം അടുത്തെത്തിയപ്പോൾ അകൗല്യ പറഞ്ഞു. "മലാഷാ, വെള്ളം തട്ടിത്തെറിപ്പിക്കല്ലേ സൂക്ഷിച്ച് നടക്ക്" ഇതു പറഞ്ഞു തീർന്നില്ല, അതിനുമുമ്പ് മലാഷ ചുവട് ഉറപ്പിച്ചു ചവുട്ടി. അപ്പോൾ വെള്ളം പാളിത്തെറിച്ചു. ചെളിവെള്ളം വീണ് അകൗല്യയുടെ ഫ്രോക്ക് അഴുക്കായി. ഫ്രോക്കിൽ മാത്രമല്ല അകൗല്യയുടെ കണ്ണിലും മൂക്കിലും ചെളിവെള്ളം

തെറിച്ചു. ഫ്രോക്കിൽ അഴുക്കു പുരണ്ടതു കണ്ടപ്പോൾ അകൗല്യയ്ക്കു ദേഷ്യം വന്നു. അവൾ മലാഷയെ അടിക്കാനായി ചാടിയടുത്തു. മലാഷ പേടിച്ചുപോയി. താൻ കുഴപ്പത്തിൽ പെട്ടിരിക്കുന്നു. എന്നു കണ്ടപ്പോൾ, മലാഷ ചെളിവെള്ളത്തിൽ നിന്നു പുറത്തു കടക്കുകയും വീട്ടിലേക്ക് ഓടി രക്ഷപ്പെടാൻ തുനിയുകയും ചെയ്തു. അപ്പോഴേക്കും അകൗല്യയുടെ അമ്മ അതുവഴി വന്നു. മകളുടെ സ്കർട്ടും ഉടുപ്പിന്റെ കൈയും അഴുക്കു പുണ്ടിരിക്കുന്നതു കണ്ട് അവർക്ക് ദേഷ്യം വന്നു.

അമ്മ, എടീ അസത്തേ വൃത്തികെട്ട പെണ്ണേ, നീ ഇവിടെ എന്തു ചെയ്യുകയായിരുന്നെടീ., അകൗല്യ; മലാഷ മനഃപൂർവ്വം തട്ടിത്തെറിപ്പിച്ചതാ. ഇതുകേട്ടതും അകൗല്യയുടെ അമ്മ മലാഷയെ പിടിച്ചു നിർത്തി പിടലിക്ക് ഒരു വീക്കുവച്ചു കൊടുത്തു. മലാഷ വാവിട്ടു കരയാൻ തുടങ്ങി അവളുടെ നിലവിളി ആ തെരുവിലെങ്ങും മുഴങ്ങി. മകളുടെ നിലവിളി കേട്ട് അവളുടെ അമ്മ പുറത്തുവന്നു. അവർ വിളിച്ചുപറഞ്ഞു, 'എന്താണെടീ, നീയെന്റെ മകളെ കാണിക്കുന്നത്, മലാഷയുടെ അമ്മ, അകൗല്യയുടെ അമ്മയെ ഭള്ളു പറയാൻ തുടങ്ങി. ഒരാൾ ഒന്നു പറഞ്ഞപ്പോൾ മറ്റേയാൾ രണ്ടു പറഞ്ഞു. അന്യോന്യമുള്ള വാക്കേറ്റം കൂടിക്കൂടിവന്നു. വലിയ ശണ്ഠയായി. സ്ത്രീകളുടെ വാക്കേറ്റം കേട്ട് പുരഷന്മാർ പുറത്തിറങ്ങി വന്നു. തെരുവിൽ വലിയ ആൾക്കൂട്ടമായി. എല്ലാവരും വായിൽ വന്നതൊക്കെ വിളിച്ചുപറയാൻ തുടങ്ങി, ആരും മറ്റുള്ളവർ പറയുന്നതെന്തെന്നു ശ്രദ്ധിച്ചില്ല. അവർ വഴക്കു തുടർന്നുക്കൊണ്ടിരിന്നു. കൂട്ടത്തിൽ ഒരാൾ മറ്റൊരാളെ പിടിച്ചുന്തി. അന്യോന്യം കൈവയ്ക്കുന്ന നിലയിലായി. അപ്പോഴേക്കും മുത്തശ്ശി അവിടെയെത്തി അവരെ സമാധാനപ്പെടുത്താൻ ശ്രമിച്ചു.

മുത്തശ്ശി; കൊച്ചുങ്ങളേ എന്തോന്നാ നിങ്ങളീ കാട്ടുന്നത് ഇങ്ങനെ പെരുമാറുന്നത് ശരിയാണോ, വിശേഷിച്ചും ഇന്നത്തെപ്പോലുള്ള ഒരു നല്ല ദിവസം, ആഹ്ലാദിക്കാനുള്ള ദിവസമാണിന്ന്, വിഡ്ഢിത്തം കാട്ടാനുള്ളതല്ല. വല്യമ്മ പറഞ്ഞതൊന്നും അവർ ശ്രദ്ധിച്ചില്ല. അവർ വല്യമ്മയെ തള്ളി മറിച്ചിടുമോ എന്നു തോന്നി. മുത്തശ്ശിക്ക് ആൾക്കൂട്ടത്തെ സമാധാനപ്പെടുത്തുവാൻ കഴിഞ്ഞില്ല എന്നാൽ, ആ പെൺകുട്ടികൾതന്നെ വഴക്ക് അവസാനിപ്പിച്ചു. പെണ്ണുങ്ങൾ അങ്ങോട്ടുമിങ്ങോട്ടും ചീത്തവിളിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ അകൗല്യ ഫ്രോക്കിലെ അഴുക്ക് തുടച്ചുകളഞ്ഞു. അവൾ വീണ്ടും ചെളിവെള്ളക്കുഴിയുടെ അടുത്തേക്കു പോയി. അവൾ ഒരു കല്ലെടുത്ത് കുഴിയുടെ വക്കിലെ മണ്ണുരച്ചുമാറ്റാൻ തുടങ്ങി. മണ്ണു മാറ്റിയ സ്ഥാനത്തുകൂടി കുഴിയിലെ വെള്ളം ഒലിച്ച് തെരുവിലേക്ക് ഒഴുക്കണമെന്നായിരുന്നു അവളുടെ ഉദ്ദേശ്യം. വേഗം മലാഷയും അവളുടെ കൂടെ ചേർന്നു. ഒരു മരച്ചീള് കൈക്കലാക്കി തോടു കുഴിക്കുന്നതിൽ അകൗല്യയെ സഹായിച്ചു. ആണുങ്ങൾ തമ്മിൽ അടികൂടാൻ തുടങ്ങിയപ്പഴേക്കും ആ രണ്ടു പെൺകുട്ടികളും ചേർന്ന്, ചെളിക്കുഴിയിൽനിന്നു പൊട്ടിച്ചു വിട്ട വെള്ളം, തെരുവിൽകൂടി ഒഴുക്കി, ശണ്ഠകൂടുന്നവരെ സമാധാനപ്പെടുത്തുവാൻ ശ്രമിച്ചുകൊണ്ട് മുത്തശ്ശി നില്ക്കുന്ന സ്ഥലത്തെത്തി. ഒഴുകുന്ന ചാലിന്റെ ഓരോ വശത്തായി പെൺകുട്ടികൾ ഓടിപ്പൊയ്ക്കൊണ്ടിരുന്നു.

മലാഷാ പിടിച്ചോ അതിനെ, പിടിച്ചോ അതിനെ, എന്ന് അകൗല്യ വിളിച്ചു പറഞ്ഞു. ചിരിക്കുകയായിരുന്നതിലാൽ മലാഷയ്ക്ക് എന്തെങ്കിലും പറയാൻ കഴിഞ്ഞില്ല. അങ്ങേയറ്റം സന്തോഷമാണവർക്ക്. ഒഴുകുന്ന വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന മരച്ചീളിൽ തന്നെയായിരുന്നു അവരുടെ ശ്രദ്ധ. അതിനാൽ അവരറിയാതെതന്നെ കലഹിച്ചു നിൽക്കുന്ന പുരുഷന്മാരുടെ കൂട്ടത്തിൽ ചെന്നു കയറി ഇതുകണ്ട വൃദ്ധ, പുരുഷന്മാരോടു പറഞ്ഞു. നിങ്ങളെപ്പറ്റി നാണം തോന്നുന്നില്ലേ, ഈ കുട്ടികൾക്കുവേണ്ടിയല്ലേ നിങ്ങൾ വഴക്കുകൂടുന്നത്, എന്നാൽ അവരോ എല്ലാം അവർ മറന്നുകഴിഞ്ഞിരിക്കുന്നു. രണ്ടുപേരും കൂടി സന്തോഷമായി കളിക്കുന്നു. പ്രിയപ്പെട്ട കൊച്ചാത്മാക്കൾ നിങ്ങളേക്കാൾ വകതിരിവുള്ളവരാണവർ.

പുരുഷന്മാർ പെൺകുട്ടികളുടെ നേർക്കു നോക്കി. അവർ നാണിച്ചുപോയി തങ്ങളുടെ വിഡ്ഢിത്തം ഓർത്തു. തന്നത്താൻ ചിരിച്ചുകൊണ്ട് അവർ തങ്ങളുടെ വീടുകളലേക്ക് പോയി. കൊച്ചുകുഞ്ഞുങ്ങളായി മാറാതെ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ കടക്കുകയില്ല.

# Mar Thoma Syrian Church of Malabar - Adoor Diocese
## Clergy List & Address

| Name & Address | Parish | Tele No | Mob No |
|---|---|---|---|
| New Achen | Kulakkada St. Thomas | | |
| New Achen | Ezhamkulam Salem | 04734-240823 | |
| New Achen | Elikkattor Zion | 0475-2371320 | |
| New Achen | Shencottai St. Pauls<br>Achenkovil Immanuel<br>Rosemala ©<br>Ambasamudram ©<br>Satyavadi © | 04633-234707 | |
| New Achen | Parakode Immanuel,<br>Kottara St Paul's,<br>Kunnida St Thomas.<br>Thuvayoor St Peters | 04734-241832 | |
| New Achen | Edamon Moria<br>Urukunnu Ebenezer<br>Nagamala<br>Kuravanthavalam | | |
| Rev. Abraham Chacko | Piravanthoor St. Thomas<br>Chempanaruvi St. Thomas | 0475-2224799 | 9495474594 |
| Rev. Abraham P.M | Vettiyar St. Thomas | 0479-2357087 | 9446116358 |
| Rev. Abraham. A | Chachipuna Salem<br>Kadasseri St. Peters | 0475-2385245 | 9562003535 |
| Rev. Ajith K. Thomas | West Kallada Immanuel<br>West Kallada MTC | 0476-2833647 | 9947739374 |
| Rev. Alexander Abraham | Dayara<br>Nellipally St. Pauls | 0475-2222281 | 8547022281 |
| Rev. Alexander Thomas | Adoor Immanuel<br>Moonnalam St. Thomas | 04734-228858,<br>221180 | 9744956277<br>9446228352 |
| Rev. Bibins Mathews | Omanaly Pattazhi Immanuel<br>Pattazhi Chrysthos | 0475-2039286 | 9496321725 |
| Rev. Biju George | Karavalloor Bethel | 0475-2250988 | 9447958166 |
| Rev. Binu Thomas | Kattanam | | 9497614892 |
| Rev. Cherian Thomas. | Dr. Kattanam St Thomas | 0479-2332124 | 9605791042 |

Clergy List

| | | | |
|---|---|---|---|
| Rev. Dharmishta Panicker.A | Mathra Immanuel<br>Vattamon Horeb | 0475-2250033 | 9495703437 |
| Rev. George Abraham | Angadikkal Salem<br>Kaippattoor Bethel<br>Kaippattoor St. Thomas | 04734-205134 | 9846865270 |
| Rev. George T.C | Avaneeshvaram immanuel,<br>Manjakkala Trinity. | 0475-2328352 | 9447085413 |
| Rev. George T.O | Vayala Salem<br>Kizhakkupuram Bethel | 0469-2620864 | 9495536911 |
| Rev. Iype. D, | Sooranadu Immanuel<br>Poruvazhy Bethel | 0476-2852710 | 9605812447 |
| Rev. Jacob. M | Karavaloor Kereeth,<br>Areeplachy | | 9744528690 |
| Rev. James Thomas, | Asha Bhavan<br>Pidavoor Bethel | 0475-2353487<br>2035640 | 9847375684 |
| Rev. Jibin V. Samuel | Pidavoor Ebenezer<br>Poonkulanji | 0475-2035795 | 8907246397 |
| Rev. John A.M | Kodumon Sehion<br>Theppupara St. Thomas | 04734-285686 | 9847412096 |
| Rev. John V.S | Pathanapuram Immanuel | 0475-2352630 | 9745162247 |
| Rev. Johnson P.M | Zionkunnu Centre | 0481-2486030 | 9961380966 |
| Rev. Johnson Samuel | Manndy St. Thomas<br>Mannady MTC | 04734-222688 | 9495475578 |
| Rev. Joseph Oommen | Enathu | 04734-211001 | 9747078089 |
| Rev. Koshy P.T | Kayamkulam Salem | 0479-2442487 | 9495913953 |
| Rev. Kurian Thomas. Dr | Hospital, Kattanam<br>Thuvayoor St. Peters | 0479-2332028<br>2333535 ® | 8547632951 |
| Rev. Kurian V.T | Elampal Sehion<br>Narickal Bethel | 0475-2022752 | 9447439904 |
| Rev. Kurien Alexander | Kadampanadu Immanuel<br>Mannaroad Bethalahem | 04734-283776 | 9495682873 |
| Rev. Kurien O.C | Puthuval St. Thomas | 04734-275098 | 9495654143 |
| Rev. Kuruvilla Philip | Kollaka St Thomas<br>Tharayilkkadavu Salem | 0476-2621823 | 9656787161 |
| Rev. Mathai. Y | Myladumpara Bethel<br>Palakkuzhy Ebenezer | 0475-2328520 | 9446976296 |

| | | | |
|---|---|---|---|
| Rev. Mathew V.J | Thumpamon Salem | | |
| | Thatta Jerusalem | 04734-251882 | 9947354454 |
| Rev. Mathew Varughese | Athirunkal Salem<br>Rajagiri | 0468-2269782 | 9747846366 |
| Rev. Mathew Zacharia | Kurathikadu St. Thomas | 0479-2328511 | 9496161335 |
| Rev. Mathews Mathunny | Thuruthikkara Immanuel<br>Thuruthikkara Jerusalem<br>Kunnathoor Salem | 0476-2856343 | 9447566604 |
| Rev. Philip A.T | Kalayapuram Salem<br>Chathannurpuzha Salem | 0474- 2615966 | |
| Rev. Philip K.M | Punalur St. Thomas<br>Kaithodu Bethel | 0475-2222997 | 9495185878 |
| Rev. Philip. P | Kalayanadu salem<br>Puthukadu Bethel | 0475-2222281 | 9446274644 |
| Rev. Reji K. Philip | Punalur Carmel<br>Nellippally<br>St. Pauls | 0475-2223343 | 9497616946 |
| Rev. Renji Varghese | Thevalakkara Immanuel<br>Arinalloor Bethel | 0476-2873425 | 9656296392 |
| Rev. Robin K. George | Vilakkuvettom<br>Chaliyekkara Immanuel | 0475-2228289 | 9447868463 |
| Rev. Roy Thomas | Chunakkara St Thomas | 0479-2385584 | 9447104339 |
| Rev. Sam Thomas | Thuvayoor St. Andrews<br>Nilackal Jerusalem | 04734-283616 | 9495086040 |
| Rev. Samuel P.S | Njakkanal Salem<br>Kottampally Bethel | 0476-2697106 | 9495659897 |
| Rev. Shaiju C. Joy | Elemapal St. Thomas<br>Puthukadu Jerusalem | 0475-2322591 | 9961184069 |
| Rev. Shaji M.E | Kappil St. Thomas | 0475-2439234 | 9447906768 |
| Rev. Shoji Varghese, | Kannamkode MTC | 04734-228908 | 9544439646 |
| Rev. Sibu Pallichira | Bishop's Secretary | 04734-228240 | 9446228240 |
| Rev. Skaria Thomas | Koodal Bethel | 0468-2268994 | 9961460303 |
| Rev. Thomas C.Oommen | Nadutheri MTC<br>Pandithitta Tabore | 0475-2328855 | 9497103536 |
| Rev. Thomas C.J, | Elampal Jerusalem | 0475-2227602 | 9847550039 |
| Rev. Thomas K.A | Ayanivelikulangara Bethel<br>Kallelibhagom Salem<br>Chavara St. Thomas | 0476-2014480 | 9656614971 |

Clergy List

| | | | |
|---|---|---|---|
| Rev. Thomas Kurian (Ancheri) | Pallickal St Thomas | 0479-2478653 | 8547563402 |
| Rev. Thomas P. George | Vettiyar Salem Thannikunnu<br>Sehion Iranikudy Immanuel | 0479-2358125 | 9946981507 |
| Rev. Thomas P.J | Kadampanadu Salem,<br>Thuvayoor Ebenezer | 04734-283792 | 9447804802 |
| Rev. Thomas Philip | Kozhikode St Thomas | 0476-2622806 | 9947145098 |
| Rev. Thomas Varghese | Pandalam MTC | 04734-252411 | 9847153061 |
| Rev. Thomas Yesudasan | Thamarakulam St. Thomas | 0479-2385810 | 9496426852 |
| Rev. Thomas Zachariah | Nooranadu Salem<br>Panayil Hebron<br>PattoorImmanuel | 0479-2331366 | 9447405560 |
| Rev. Titus Thomas | Kottanalloor Salem<br>Anthichira St. Johns | 04734-230151 | 9747318791 |
| Rev. Varghese Cherian | Kurathikad Jerusalem | 0479-2328839 | 9961484494 |
| Rev. Varghese I.A | Choorakode St Mathews<br>Elampallickel Ebenezer | 9497165154<br>9497267660 | |
| Rev. Varghese K. Mathew | Thazhava MTC<br>PatharamSt. Thomas | 0476-2664219 | 9446434011 |
| Rev. Varghese K.M | Vathikulam Bethel<br>Vathikulam St. Pauls | 0479 - 2164990 | 9947332837 |
| Rev. Varghese P.M | Thevalakkara Hebron | 0476-2875352<br>2620315 | 9995213915 |
| Rev. Vinoy Daniel | Thevalakkara Valiapally | 0476-2872449 | 8547639644 |
| Rev. Yesudasan V.T | Elippakulam St. Thomas<br>Charumud Christos | | 9847316054<br>9447908393 |
| Rev. Zachariah P.K | Chaplain,KattanamHospital | 0479-2426417<br>0479-2330405 | 9946900000<br>9447479862 |
| Very Rev. P P Abraham, | Retired | 04734-220140 | |
| Rev. A. K. George | Retired | 0476-2690660 | |
| Rev. C I Geevarghese | Retired | 04734-230341 | |
| Rev. E. John | Retired | 0479-2331811 | |
| Rev. John Abraham | Retired | 0475-2397817 | 9605658740 |
| Rev. John K N, | Retired | 0476-2875694 | 9447669998 |
| Rev. K M Issac | Retired | 0468-2350947 | 9447087525 |
| Rev. K. A. Thomas | Retired | 0479-2328354 | 9847439914 |
| Rev. M.C. Varghese | Retired | 0475-2354496 | |
| Rev. P.N. Alexander | Retired | 04734-227545 | |
| Rev. P.T. Abraham | Retired | 0475-2385350 | 9446108740 |

# വാർത്തകൾ

### ഭദ്രാസന സേവികാസംഘ വാർഷിക പൊതുയോഗം

അടൂർ ഭദ്രാസന സുവിശേഷ സേവികാ സംഘത്തിന്റെ 30-ാം വാർഷിക യോഗവും പ്രതിനിധി സമ്മേളനവും. 2011 ജൂലൈ 29-ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മണിമുതൽ ഭദ്രാസന സേവികാസംഘം പ്രസിഡന്റ് റൈറ്റ്. റവ. ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പായുടെ അദ്ധ്യക്ഷതയിൽ ഭദ്രാസന കൺവൻഷൻ നഗറിൽ വച്ച് നടത്തപ്പെടുന്നു. (**ഗേളി ജോസ്**, സെക്രട്ടറി)

### അനുമോദനങ്ങൾ

മാർത്തോമ്മ യുവജനസഖ്യം നടത്തിയ ഷട്ടിൽ ടൂർണ്ണമെന്റ് ഡബിൾസിൽ വിജയികളായ ശ്രീ. ബിനു പി. രാജൻ, ശ്രീ. രഞ്ജി (കണ്ണംകോട് സെന്റർ) എന്നിവർക്ക് ഭദ്രാസന യുവജന സഖ്യത്തിന്റെ ആശംസകൾ (**റവ. ടൈറ്റസ് തോമസ്**, വൈസ്പ്രസിഡന്റ്)

### ദൈവാലയ കൂദാശ

പുതുക്കിപ്പണിത ചെങ്കോട്ട സെന്റ് പോൾസ് ദൈവാലയത്തിന്റെ കൂദാശാകർമ്മം 2011 മെയ് 9-ാം തീയതി തിങ്കളാഴ്ച വൈകുന്നേരം 4.00pmന് നി.വ.ദി.മ. ശ്രീ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത തിരുമനസ്സിന്റെ മുഖ്യകാർമ്മികത്വത്തിലും, നി.വ.ദി.ശ്രീ. ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ തിരുമനസ്സിന്റെ സഹകാർമ്മികത്വത്തിലും നിർവ്വഹിക്കപ്പെട്ടു. കൂദാശാനന്തരം നി.വ.ദി.ശ്രീ. ജോസഫ് മാർ ബർന്നബാസ് തിരുമനസ്സ് വിശുദ്ധ കുർബ്ബാനയ്ക്ക് നേതൃത്വം നൽകി. ശുശ്രൂഷകളിൽ വെരി.റവ. കെ.വി. വർക്കി റമ്പാൻ, വെരി. റവ.ഡോ. ഉമ്മൻ ജോർജ്ജ് റമ്പാൻ, അടൂർ ഭദ്രാസന സെക്രട്ടറി റവ. അലക്സാണ്ടർ തോമസ് എന്നിവരും, ഭദ്രാസനത്തിനുള്ളിലും പുറത്തുമുള്ള അനേകം വന്ദ്യ വൈദീകരും, സഭാജനങ്ങളും പങ്കെടുത്തു. ദൈവാലയ പുനർനിർമ്മാണത്തിൽ വിലയേറിയ പ്രാർത്ഥനയാലും, സാമ്പത്തികമായും കൈത്താങ്ങൽ നൽകിയ ഏവരോടുമുള്ള നിസ്സീമമായ നന്ദിയും സ്നേഹവും അറിയിക്കുന്നു.

**(റവ. സാം തോമസ്, മിഷനറി)**

## നവീകരണ മഹോത്സവം

അടൂർ ഭദ്രാസന സൺണ്ടേസ്കൂളിന്റെ നേതൃത്വത്തിൽ മലങ്കര മാർത്തോമ്മാ സഭയിലെ നവീകരണത്തിന്റെ 175-ാം വാർഷികം അടൂർ കൺവൻഷൻ നഗറിൽവെച്ച് 2011 മെയ് 14 ന് ശനിയാഴ്ച 'സഭാ ചരിത സംഗ്രഹം' എന്ന പുസ്തകത്തെ അടിസ്ഥാനമാക്കി ഒരു ക്വിസ് മത്സരം നടത്തപ്പെട്ടു. നവീകരണാഘോഷങ്ങളുടെ ഭാഗമായി മെയ് 2,4,6 തീയതികളിൽ ഒരു വിളംബര ജാഥ നടത്തി. ഭദ്രാസനത്തിലുടനീളം സ്നേഹോഷ്മള പ്രതികരണമാണുണ്ടായത്.

മെയ് 14-ാം തീയതി നവീകരണറാലി അടൂർ മുൻസിപ്പൽ സ്റ്റേഡിയത്തിൽ അടൂർ ഡി.വൈ.എസ്.പി. ശ്രീ. ചന്ദ്രശേഖരൻ പിള്ള ഫ്ളാഗ് ഓഫ് ചെയ്തു. ഭദ്രാസന സെക്രട്ടറി റവ. അലക്സാണ്ടർ തോമസ് പ്രാരംഭ പ്രാർത്ഥന നടത്തി. ഭദ്രാസന എപ്പിസ്കോപ്പാ നേതൃത്വം നൽകിയ സൺണ്ടേസ്കൂൾ കുട്ടികളുടെ റാലിയിൽ 4000 പേർ സംബന്ധിച്ചു, കുട്ടികളും അദ്ധ്യാപകരും അച്ചന്മാരും രക്ഷകർത്താക്കളും റാലിയിൽ സംബന്ധിച്ചു സഭയുടെ നവീകരണത്തെ അനുസ്മരിപ്പിക്കുന്ന അർത്ഥവത്തായ ഫ്ളോട്ടുകൾ റാലിയുടെ പ്രത്യേകതയായിരുന്നു. മുദ്രാവാക്യങ്ങൾക്കു പകരം ക്രിസ്തീയ ദൂതുകൾ ഉൾക്കൊള്ളുന്ന ചെറുഗാനങ്ങൾ, ബാന്റുമേളവും മറ്റ് താളമേളങ്ങളും റാലിയ്ക്ക് കൊഴുപ്പു വർദ്ധിപ്പിച്ചു. 2 മണിയ്ക്ക് അടൂർ ഠൗണിൽ നിന്നും ആരംഭിച്ച റാലി ഹെർമ്മോൻ അരമനയുടെ താഴ്‌വരയിലുള്ള കൺവൻഷൻ നഗറിൽ 3.30 ന് എത്തിച്ചേർന്നു. പൊതുസമ്മേളനം 4 മണിയ്ക്ക് ആരംഭിച്ചു. ഡോ. ജോസഫ് മെത്രപ്പോലീത്ത അദ്ധ്യക്ഷ പ്രസംഗവും ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്ത അനുഗ്രഹ പ്രഭാഷണവും ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ വിളംബര സന്ദേശവും നല്കി. കുട്ടികളുടെ വിവിധ പരിപാടികളും കലാനൃത്ത അവതരണങ്ങളും യോഗത്തിന് ആസ്വാദ്യസുഖം പകർന്നു. ചായസൽക്കാരവുമുണ്ടായിരുന്നു. 6.30ന് സമ്മേളനം പര്യവസാനിച്ചു. റവ. വി.ജെ. മാത്യു, ശ്രീ. ജോർജ്ജ് യോഹന്നാൻ എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ പ്രവർത്തച്ചു. ഇവയുടെ വിജയത്തിനായി അക്ഷീണം സഹകരിച്ച ഏവരോടുമുള്ള നന്ദി അറിയിക്കുന്നു. (**റവ. വി.ടി. യേശുദാസൻ**, പബ്ളിസിറ്റി ചെയർമാൻ)

# നാം മറന്ന നാട്ടുമാവുകൾ

'നാട്ടുമാവ്' അതൊരു കൊതിയൂറും ഓർമ്മയാണ്. അഞ്ചു സെന്റിൽ നിറഞ്ഞു നിൽക്കുമത്രേ ഒരു മാവ്. ഒരിളം കാറ്റത്ത് അടർന്നു വീഴുന്ന മാമ്പഴങ്ങൾക്ക് അവകാശം പറയുന്നത് ഒരു ഗ്രാമം മുഴുവനും. കൊതിച്ചെത്തുന്ന ആരെയും നിരാശപ്പെടുത്തില്ലന്നേ ഈ മാമരം. മാമ്പൂ നിറഞ്ഞ ചില്ലികളെല്ലാം മാമ്പഴചില്ലകളാക്കുന്ന വിദ്യ ഇവർക്കുമാത്രം സ്വന്തം. പിന്നെ അവക്കെത്ര രുചികളാണ്. മാമ്പഴ പുളിശ്ശേരി, മാങ്ങാക്കറി, മാമ്പഴച്ചാറ്, അച്ചാറ്, വാ മൂടിക്കെട്ടിയ ഭരണി നിറയെ ഉപ്പുമാങ്ങയാണ്. ഉപ്പും പുളിയും മധുരവുമൊക്കെ ചേർന്നൊരു രുചിക്ക് അമ്മയുടെ സ്നേഹത്തിന്റെ കൂട്ടുകൂടിയുണ്ടായിരുന്നു. പിന്നെ പിന്നെ നാടിനെ രുചിപ്പിച്ച നാടിന്റെ മാവുകൾക്ക് കഷ്ടകാലമായി. റബ്ബർ ഷീറ്റുകളുടെ കൊതിപ്പിക്കുന്ന വിലക്കയറ്റം മനുഷ്യനെ കൂടുതൽ സ്വാർത്ഥമതികളാക്കി. അങ്ങനെ പറമ്പുകൾ എസ്റ്റേറ്റുകളായി പരിണമിച്ചപ്പോൾ നാട്ടുമാവുകൾ പുകപ്പുരകളിലെ വിറകുകൊള്ളികളായി. പിന്നെ നാട്ടുകാരും കഴിച്ച മാങ്ങകൾക്കൊക്കെ വിദേശിയുടെ പേരുമായിരുന്നു. വിഷത്തിൽ മുക്കി പഴുപ്പിച്ച കനത്തമാങ്ങാപ്പഴങ്ങളെ നാം കൊതിയോടെ സ്വീകരിച്ചു. മനുഷ്യന്റെ കൊതികളിൽ നാട്ടുമാവൊരു സ്മരണ മാത്രമായി...

ചരിത്രത്തിന്റെ ചെറുവഴികളിലും മറന്നതും മറയ്ക്കപ്പെട്ടതുമായ പല നാട്ടു മാവുകളുണ്ട്. ചരിത്രമെന്നത് അത് പറയുന്നവന്റെ ലക്ഷ്യത്തോടു ബന്ധപ്പെട്ടിരിക്കുന്നു. ആവർത്തിച്ചുപറഞ്ഞതും ഉറക്കെപ്പറഞ്ഞതും പൊതു ചരിത്രങ്ങളായി. മലങ്കര സഭാ നവീകരണത്തിന്റെ ജൂബിലിയാഘോഷം അടൂർ പട്ടണത്തെ പുളകം കൊള്ളിച്ച് മുന്നേറിയപ്പോൾ അക്കൂട്ടത്തിലൊരു നിശ്ചല ദൃശ്യം പഴയൊരു നാട്ടുമാവിനെ പരിചപ്പെടുത്തി. പേര്... കൈതയിൽ കോശിക്കത്തന്നാർ പേര് കേട്ടെത്തിയ പലരും തിരുത്താൻ ശ്രമിച്ചു; കോശിക്കത്തനാരല്ല, ഗീവർഗ്ഗീസ് മല്പാനാണന്ന് !

മലങ്കര സഭ നവീകരണത്തിന്റെ 175-ാം വാർഷികം ആഘോഷിച്ച് അതിന്റെ അവസാന പടവും കയറി. നവീകരണത്തിന്റെ അർത്ഥം തന്നെ വ്യാഖ്യാനിച്ചു പലതായി. നവീകരണ ചരിത്രം മുഴുവൻ രണ്ടു മല്പാനച്ചന്മാരിൽ ഒതുങ്ങി. നവീകരണ ശ്രമങ്ങളാകെ ഒറ്റയാൾ പോരാട്ടങ്ങളായി വ്യാഖ്യാനിക്കപ്പെട്ടു; ചരിത്ര വഴികളൊക്കെ സ്തുതിപ്പുകൾകൊണ്ടലംകൃതമായി. സത്യത്തിന്റെ മുഖങ്ങൾക്ക് ഓർമ്മകളെന്നും പൊയ്ക്കഥകളെന്നും പറഞ്ഞവസാനിപ്പിച്ചു. എന്നിട്ടും മൂടിവെക്കാനാകാത്ത സത്യം പുറത്തെത്തി-മലങ്കരയിലെ ശുചീകരണത്തിന്റെ കാവലാൾ കൈതയിൽ ഗീവർഗ്ഗീസ് മല്പാന്റെ രക്തത്തിൽ നിന്നും രക്തവും മാംസത്തിൽ നിന്നും മാംസവുമായി, മാതൃഭാഷയിലെ ആരാധനയ്ക്കും ദൈവവചനത്തിന്റെ പഠനത്തിനും തുടക്കം കുറിച്ചെന്ന കാരണത്താൽ പുതുപ്പള്ളിയുടെ മണ്ണിലേക്ക് രക്തപുഷ്പമായി അടർന്നു വീണ മലങ്കരയുടെ മഹാവൈദീകൻ 'കൈതയിൽ കോശിക്കത്തന്നാർ'- മലങ്കര സഭ ഒരിക്കലും മറന്നുകൂടാത്ത മഹാമനുഷ്യൻ. മലങ്കര സഭാ നവീകരണത്തിന്റെ ആദ്യ രക്തസാക്ഷിയായ അദ്ദേഹത്തിന്റെ ചരിത്രം ചരിത്രകാരന്മാർ തന്നെ വിസ്മരിച്ചിട്ടും ശ്രീ. റ്റി.സി. ചാക്കോയുടെ പുസ്തകത്താളിൽ പരിശുദ്ധ റൂഹാ നാലുവരി കോറിയിട്ടു. "ശുചീകരണ പ്രസ്ഥാനം ആരംഭിക്കുമ്പോൾ കൈതയിൽ ഗീവർഗ്ഗീസ് മല്പാന് 56 വയസ്സ് പ്രായമുണ്ടായിരുന്നു. അദ്ദേഹവും അദ്ദേഹത്തിന്റെ സഹോദരൻ കോശിക്കത്തനാരും പുതുപ്പള്ളി പള്ളിമുറിയിൽ താമസിച്ച് ഭവന സന്ദർശനം, യുവാക്കൾക്കു പ്രത്യേക യോഗങ്ങൾ ഞായറാഴ്ച ശുശ്രൂഷാ മദ്ധ്യേ പ്രസംഗം മുതലായവകൊണ്ടു സഫലമാം വണ്ണം വേല ചെയ്തു. ബ്രഹ്മചാരി പട്ടക്കാരായിരുന്ന അവരുടെ ജീവിത വിശുദ്ധിയും ദൈവഭക്തിയും ജനങ്ങളുടെ ശ്രദ്ധയെ ആകർഷിച്ചു. അതു കൂട്ടുപട്ടക്കാർക്ക് അസൂയ്ക്ക് കാരണമായി. അസൂയാലുക്കളുടെ പ്രേരണ അനുസരിച്ച് ചില ആഭാസന്മാർ ഗീവർഗ്ഗീസ് മല്പാൻ സ്ഥലത്തില്ലാതെയിരുന്ന ഒരു രാത്രി പള്ളിയിൽ എത്തി കോശിക്കത്തനാരെ ദേഹോപദ്രവം ചെയ്തു. ഒരു ഞായറാഴ്ച കുർബ്ബാന ചൊല്ലിയപ്പോൾ കൗമയുടെ പിന്നാലെ ഒന്നു രണ്ടു പ്രൊമ്മോൻ കൂടി തർജ്ജമ ചെയ്തു ചൊല്ലി എന്നതായിരുന്നു കാരണം. താമസിയാതെ കോശിക്കത്തനാർ പരലോക പ്രാപ്തനായി അതോടു കൂടി ഗീവർഗ്ഗീസ് മല്പാൻ പുതുപ്പള്ളിയോട് എന്നെന്നേക്കുമായി യാത്രപറഞ്ഞു." (റ്റി.സി. ചാക്കോ, മലങ്കര മാർത്തോമ്മാസഭ ചരിത്ര സംഭവം മാർത്തോമ്മാ പബ്ലിക്കേഷൻ സൊസൈറ്റി. 2011) (പേജ്. 83-84)

അങ്ങനെ പറഞ്ഞുകേട്ട ചരിത്രങ്ങൾക്കും മൂടിവച്ച ചരിത്രങ്ങൾക്കും മീതെ സത്യത്തിന്റെ വെളിച്ചം ഒഴുകിയെത്തുന്നു. ആത്മീയതയുടെ മറവിൽ അന്ധവിശ്വാങ്ങളും അനാചാരങ്ങളും കൊടികുത്തിവാണ മലങ്കരയുടെ മണ്ണിൽ ശുചീകരണ പ്രസ്ഥാനത്തിലൂടെ തിരുവചനത്തിന്റെ നറും നിലാപ്പരപ്പിലേക്ക് മലങ്കര സഭയുടെ അരുമ സന്താനങ്ങളുടെ കരം പിടിച്ചു നടന്ന് വീരമൃത്യു വരിച്ച ആ മഹാ മനുഷ്യൻ 'കോശിക്കത്തനാർ'. ഒരു നാട്ടുമാവു പോലെ സഫലമായ ആ ജീവിതത്തിനു മുമ്പിൽ നമ്മുടെ സ്മരണാഞ്ജലി;-

"കളഞ്ഞു പോയ നാട്ടുമാവിൻ വിത്തുകൾ
കണ്ടെടുത്തു കാത്തു വെച്ചിടാം
കാറ്റടിച്ചു വീണ സത്യത്തിനും
കാരിരുമ്പിന്റെ ശക്തിയെന്നറിഞ്ഞിടാം."